# ശരാശരിക്കു മുകളിൽ ജീവിക്കുക

## ക്രിസ്തുവിന്റെ സ്വഭാവം ജീവിത ശൈലിയാക്കിയ വ്യക്തികൾ


വില്യം മക്ഡൊണാൾഡ്

വിവർത്തനം
എൽ. സാം



Authentic

HYDERABAD

***Sharaasharikku Mukalil Jeevikkuka***
(Malayalam)

***Living Above the Average***
by William MacDonald

Copyright © 2001 by William MacDonald

First Malayalam edition 2012
ISBN 978-93-81905-46-3

All rights reserved.
No part of this publication may be reproduced, stored in a retrieval system, or transmitted in any form or by any means—electronic, mechanical, digital, photocopy, recording, or any other—without prior permission of the publisher.

Published by
Authentic Books
Logos Bhavan, Jeedimetla Village, Secunderabad 500 067, Andhra Pradesh.
www.authenticindia.in

Authentic Books is an imprint of Authentic Media, the publishing division of OM Books Foundation.

Printed and bound in India by
Authentic Media, Secunderabad 500 067

# ഉള്ളടക്കം

പേജ്


1. യേശു എന്തു ചെയ്യുമായിരുന്നു? 7
2. ദൈവത്തിന്റെ സ്നേഹിതൻ 13
3. സ്നേഹത്തിന്റെ അപ്പൊസ്തലൻ 17
4. ദുഃഖങ്ങളിൽ വലിയ സമാധാനം 25
5. അനുസരണത്തിന്റെ വില 29
6. വിജയത്തിലേക്കു നയിക്കുന്ന തകർച്ച 33
7. ഒരു സേവനവും നിന്ദ്യമല്ല 37
8. സ്കോട്ട്ലണ്ടിന്റെ അഭിമാനപുത്രൻ 41
9. തന്നെത്താൻ താഴ്ത്തിയ ഒരു ജനറൽ 49
10. രോഗത്തിലും ആരോഗ്യത്തിലും 53
11. എന്റെ ക്യാപ്റ്റൻ 57
12. സാമൂഹ്യ പരിത്യക്തരുടെ സ്നേഹിതൻ 63
13. വിദ്വേഷത്തിനു പകരം ദയകാണിക്കുക 67
14. അവൻ മറ്റേ ചെകിട് കാണിച്ചു 71
15. ചുടേറിയ അഗ്നി 73
16. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ 77
17. ക്ഷമിക്കുന്നത് ദൈവികം 81
18. മനസ്സുണ്ടെങ്കിൽ 85

19. അപമാനവും തുപ്പലുമേല്ക്കുന്നത് 89
20. യഹൂദനായൊരു ആക്രിക്കച്ചവടക്കാരൻ 93
21. ചക്രവർത്തിയുടെ ദ്വന്ദയുദ്ധപ്പോരാളികൾ 95
22. വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പന 99
23. സ്നേഹിക്കുന്ന ദൈവം 103
24. അവിശ്വസനീയ കൃപ 109
25. അദ്ദേഹം ദരിദ്രരെ സ്നേഹിച്ചു 113
26. ചർച്ചിനുള്ളിൽ നഗ്നപാദനായി വരുന്നത് 117
27. ആമസോണിനു മുകളിൽ വെടിവെച്ചു വീഴ്ത്തി 119
28. ലോവീസും സാനിട്ടറി എൻജിനീയറും 125
29. അതെല്ലാം പറയുന്നതിനു സമയമില്ല 131
30. ശരാശരിക്കു മുകളിൽ ജീവിക്കുക 139

# 1

# യേശു എന്തു ചെയ്യുമായിരുന്നു?

മലമുകളിൽ ഒരു രാത്രി മുഴുവനും പ്രാർഥനയിൽ ചെലവഴിച്ചശേഷം യേശു പന്ത്രണ്ടു ശിഷ്യന്മാരെ തിരഞ്ഞെടുത്തു. സുവിശേഷം അറിയിക്കുന്നതിനായി അവരെ അയയ്ക്കുവാൻ പോകുന്നതിനാൽ യേശു അവരെ അപ്പൊസ്തലന്മാർ എന്നു വിളിച്ചു. അപ്പൊസ്തലൻ എന്ന വാക്കിന് 'അയയ്ക്കപ്പെട്ടവൻ' എന്നർഥം.

മലയിൽനിന്ന് ഇറങ്ങിവന്നശേഷം യേശു അവരെ ദൗത്യത്തിനായി പരിശീലിപ്പിക്കുന്നതിന് ആരംഭിച്ചു. ഒന്നാമത് യേശു ഇടപെട്ടത് അവരുടെ ജീവിത ശൈലിയിൽ ആയിരുന്നു. അവർ ത്യാഗമനോഭാവമുള്ളവരായി ജീവിക്കണം. തങ്ങളുടെ വിളിയെക്കുറിച്ചു ഗൗരവമുള്ളവരായിരിക്കണം. ജനപ്രീതി ആഗ്രഹിക്കാത്തവരും ക്രിസ്തുവിനുവേണ്ടി ഉപദ്രവം സഹിപ്പാൻ സന്നദ്ധതയുള്ളവരും ആയിരിക്കണം.

എന്നാൽ കേൾക്കുന്നവരായ നിങ്ങളോടു ഞാൻ പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ പകെക്കു

ന്നവർക്ക് ഗുണം ചെയ്വിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർഥിപ്പിൻ. നിന്നെ ഒരു ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതും കാണിച്ചു കൊടുക്കുക. നിന്റെ പുതപ്പ് എടുത്തു കളയുന്നവനു വസ്ത്രവും തടുക്കരുത്. നിന്നോടു ചോദിക്കുന്ന ഏവനും കൊടുക്കുക. നിനക്കുള്ളത് എടുത്തു കളയുന്നവനോടു മടക്കി ചോദിക്കരുത്. മനുഷ്യർ നിങ്ങൾക്കു ചെയ്യണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നേ അവർക്കും ചെയ്യണം.

നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്ത് ഉപചാരം കിട്ടും? പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുവല്ലോ. നിങ്ങൾക്കു നന്മചെയ്യുന്നവർക്കു നന്മചെയ്താൽ നിങ്ങൾക്ക് എന്ത് ഉപചാരം കിട്ടും. പാപികളും അങ്ങനെ തന്നേ ചെയ്യുന്നുവല്ലോ. മടക്കി വാങ്ങിക്കൊള്ളാം എന്നു നിങ്ങൾ ആശിക്കുന്നവർക്കു കടം കൊടുത്താൽ നിങ്ങൾക്ക് എന്തു കിട്ടും? പാപികളും കുറയാതെ മടക്കി വാങ്ങേണ്ടതിനു പാപികൾക്കു കടം കൊടുക്കുന്നുവല്ലോ. നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ. അവർക്കു നന്മചെയ്വിൻ. അവർക്കു നന്മ ചെയ്വിൻ. ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ. എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകും. നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും. അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ (ലൂക്കൊ. 6:27-36).

കർത്താവിന്റെ ഈ കല്പനകളോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്? "അതെ, അതു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്; അതു തന്നെയാണ് ക്രിസ്ത്യാനികളായ ഞങ്ങൾ ചെയ്യുന്നത്" എന്നു നിങ്ങൾ പറയുമോ? ഈ വിധത്തിൽ ജീവിക്കുന്നതിന് നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ ഈ വേദഭാഗം വീണ്ടും വായിക്കുന്നതിനു ഞാൻ പറയട്ടെ. അതിൽ പറയുന്നത് നിങ്ങളെ ഞെട്ടിപ്പിക്കും.

ഇവിടെ കർത്താവ് പഠിപ്പിക്കുന്നത് മറ്റൊരു ലോക ജീവിതരീതിയാണ്. ഇതു സ്വാഭാവികമല്ലാത്ത പെരുമാറ്റമാണ്. അത്

ജഡരക്തങ്ങൾക്ക് ഉപരിയായൊരു നടപ്പാണ്. ഉയർന്ന തലത്തിലുള്ളൊരു നടപ്പാണത്. എന്റെ ജീവിതം എന്റെ അയല്ക്കാരുടേതിൽനിന്നു വ്യത്യസ്തമായിരിക്കണം എന്നു യേശു നിഷ്കർഷിക്കുകയാണ്. ഞാൻ വ്യത്യസ്തനല്ലെങ്കിൽ, "നിങ്ങൾ ഭയപ്പെടേണ്ടതില്ല. ഞാൻ നിങ്ങളെപ്പോലുള്ളവൻ തന്നേ" എന്ന് അവരോടു പറയുകയാണ്. വ്യത്യാസമില്ലെങ്കിൽ അവരുടെമേൽ ക്രിസ്തുവിന്റെ അവകാശങ്ങളെക്കുറിച്ചു നിങ്ങൾ സമ്മർദം ചെലുത്തുമ്പോൾ, അവർ നിങ്ങളെ ശ്രദ്ധിക്കുന്നതെന്തിന്? വ്യത്യാസമാണു കാര്യം. അത് ശരാശരിക്കു മുകളിലുള്ള അഥവാ ഉന്നതമായ ജീവിതമാണ്.

നേരേമറിച്ച്, തങ്ങളുടെ ജീവിതവും നിങ്ങളുടെ ജീവിതവും തമ്മിൽ വലിയ വ്യത്യാസം അവർ കാണുന്നു എങ്കിൽ അവർ അതിനു കാരണം അന്വേഷിക്കുവാൻ ന്യായമുണ്ട്. അവരോടു സുവിശേഷം പങ്കുവെക്കുന്നതിന് അവർ എനിക്കു വാതിൽ തുറന്നു തരും. ടോർച്ച് ബെയറേഴ്സ് എന്ന സംഘടനയുടെ സ്ഥാപകൻ മേജർ ഇയാൻ തോമസ് പറയുന്നു:

നിങ്ങളുടെ ഉൽകൃഷ്ടത അവരിൽ അസ്ഡാളിപ്പും ആശയക്കുഴപ്പവും ഉണ്ടാക്കുന്നുവെങ്കിൽ മാത്രമേ അയല്ക്കാർ നിങ്ങളെ ശ്രദ്ധിക്കുകയുള്ളൂ. നിങ്ങൾ അനുവർത്തിക്കുന്ന ജീവിതശൈലി അത്യന്തം പ്രശംസനീയമാകുന്നുവെന്നു മാത്രമല്ല, ഇതിനൊരു മാനുഷിക വിശദീകരണമില്ല എന്ന് അവർക്കു ബോധ്യമാകുകയും ചെയ്യണം. അനുകരിക്കുന്നതിനുള്ള മനുഷ്യന്റെ കഴിവുകളുടെ ഫലത്തിനപ്പുറമായിരിക്കണം അത്. അവർക്ക് പൂർണമായും അതു മനസ്സിലാകുന്നില്ല എങ്കിൽപോലും നിങ്ങളിൽ ദൈവത്തെ പ്രദർശിപ്പിക്കുന്നതിനുള്ള ദൈവത്തിന്റെ വല്ലഭത്വം അവർ ഗ്രഹിക്കും.

ചുരുക്കിപ്പറയട്ടെ, നിങ്ങൾ പറയുന്ന കർത്താവായ യേശുക്രിസ്തു നിങ്ങൾ നയിക്കുന്ന ജീവിതത്തിന്റെ അവിഭാജ്യഘടകമാകുന്നുവെന്ന് നിങ്ങളുടെ സഹജീവികൾക്കു ബോധ്യമായേ മതിയാകൂ.[1]

അക്രൈസ്തവരായ ആളുകൾ പലപ്പോഴും വലിയ ധീര പ്രവൃത്തികൾ ചെയ്യാറുണ്ട്. വൃക്ക നഷ്ടപ്പെട്ടവർക്ക് അവർ വൃക്ക നല്കും. വൃദ്ധരായ മാതാപിതാക്കൾക്ക് അവർ അസാധാരണ സംരക്ഷണം കൊടുക്കും, ജീവകാരുണ്യാവശ്യങ്ങൾക്ക് അവർ ഔദാര്യദാനങ്ങൾ നല്കും. എന്നാൽ രക്ഷിക്കപ്പെടാത്തവർ സാധാരണചെയ്യുന്ന നല്ല കാര്യങ്ങൾക്കും ഉപരിയായി ചെയ്യുവാനാണ് രക്ഷിക്കപ്പെട്ടവരായ നാം വിളിക്കപ്പെട്ടിരിക്കുന്നത്.

ഇത്രയും പറഞ്ഞു കഴിഞ്ഞല്ലോ; ഒരു വിശ്വാസി ക്രിസ്താനുരൂപമായ പെരുമാറ്റം വെളിപ്പെടുത്തുന്ന ഓരോ സന്ദർഭത്തിലും രക്ഷിക്കപ്പെടാത്തവർ രക്ഷിതാവിലേക്ക് ആകർഷിക്കപ്പെടും എന്നതിന് ഉറപ്പില്ല എന്നുകൂടെ പറയട്ടെ. കർത്താവ് പെരുമാറിയതുപോലെ തന്നേ പെരുമാറുന്നതാണ് നമ്മുടെ ഉത്തരവാദിത്വം. എന്നാൽ അവിശ്വാസികൾ ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കേണ്ടത് അവരുടെ ഉത്തരവാദിത്വമാണ്. എക്കാലത്തും പിന്മാറിപ്പോകുന്ന ചിലരുണ്ടാകും.

അതു മാത്രമല്ല, നിങ്ങൾ ക്രിസ്തുവിന്റെ പുറംകുപ്പായം നന്നായി അണിഞ്ഞിരിക്കുന്നുവെങ്കിൽ നിങ്ങൾക്കു സമനില നഷ്ടപ്പെട്ടുവെന്നു ചിന്തിക്കുന്നവരുമുണ്ട്. ക്രിസ്തുവിനു ലഭിച്ചതിനെക്കാൾ നല്ല പെരുമാറ്റം നിങ്ങൾ അശേഷം പ്രതീക്ഷിക്കേണ്ടതില്ല. ശിഷ്യന്മാർ ഗുരുവിനു മീതയെല്ല.

വർഷങ്ങൾക്കു മുമ്പ് ദസ്തയേവ്സ്കി ഒരു പുസ്തകമെഴുതി[2] അതിൽ മാനവികതയുടെ കുറ്റമറ്റ മാതൃകയായി മിഷ്ക്കിൻരാജകുമാരനെ അവതരിപ്പിക്കുന്നതിന് അദ്ദേഹം ശ്രമിച്ചു. ആളുകൾക്കു രാജകുമാരനെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവൻ ബുദ്ധിഭ്രമം ഉള്ളവനാണ് എന്ന് അവർ ചിന്തിച്ചു. ഇഡിയറ്റ് (വിഡ്ഢി) എന്നാണ് പുസ്തകത്തിന്റെ ശീർഷകം. നാം എത്രയധികം ക്രിസ്തുവിനോട് അനുരൂപരാകുന്നുവോ അത്രയധികമാണ് നാം വിഡ്ഢികൾ എന്ന് അറിയപ്പെടുവാനുള്ള സാധ്യത.

അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് എത്രയോ ശരി.

നാം ചിലർക്ക് ജീവനിൽനിന്നു ജീവങ്കലേക്കുള്ള വാസന ആയിരിക്കുമ്പോൾ, മറ്റു ചിലർക്കു "മരണത്തിൽനിന്ന് മരണത്തിലേക്കുള്ള വാസന"യാണ്. നാം അവർക്കു ചിന്താക്കുഴപ്പം വരുത്തുമാറ് മതിപ്പുളവാക്കാം. അല്ലെങ്കിൽ ദൈവിക രീതിയിലുള്ള പെരുമാറ്റംകൊണ്ട് അവർക്ക് ആശയക്കുഴപ്പം ഉണ്ടാക്കാം. രണ്ടു വിധത്തിലായാലും നാം അത്യുന്നതന്റെ പുത്രന്മാരായി അവനെ അവതരിപ്പിക്കുന്നു.

ഇനിയുള്ള പേജുകളിൽ വിശ്വാസികൾ യേശുവിന്റെ വാക്കുകൾ അക്ഷരാർഥത്തിൽ എടുക്കുകയും, തങ്ങളുടെ ശത്രുക്കളെ സ്നേഹിക്കയും, വൈരികളോടു ക്ഷമിക്കയും, ദോഷത്തിനു പകരം നന്മചെയ്യുകയും, പ്രതികാരം ചെയ്യാതെ ഭേദ്യമേല്ക്കുകയും, തിരികെകിട്ടും എന്നു പ്രതീക്ഷിക്കാതെ കൊടുക്കുകയും ചെയ്ത നിരവധി സംഭവ ചരിത്രങ്ങൾ നാം കണ്ടെത്തും. "യേശു എന്തു ചെയ്യുമായിരുന്നു?" ("What would Jesus do?") എന്നു ചോദിച്ചുകൊണ്ട് അവർ അത് ചെയ്തിരുന്നു.

# 2

# ദൈവത്തിന്റെ സ്നേഹിതൻ

പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജർമൻ സന്യാസിയായിരുന്നു ഹെൻട്രി സൂസോ. ഹെൻട്രി സൂസോയും പോൾ ടെർസ്റ്റീഗെനും മറ്റു ചിലരും ദൈവത്തിന്റെ സ്നേഹിതന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത്. അവർ അത്യുന്നതന്റെ മറവിൽ വസിച്ചിരുന്നവർ ആയിരുന്നു അവർ. ഒന്നാം സങ്കീർത്തനത്തിലെ "യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു, അതിനെ രാപകൽ ധ്യാനിക്കുന്ന" ഭാഗ്യവാനെപ്പോലെയുള്ളവരാണ് ദൈവത്തിന്റെ ഈ സ്നേഹിതർ. അവരുടെ പൗരത്വം സ്വർഗത്തിലായിരുന്നു. അവരുടെ ജീവിതവിശുദ്ധി വളരെ പ്രസിദ്ധമായിരുന്നു.

ഒരു ദിവസം സൂസോയുടെ വാതില്ക്കൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു. സൂസോ കതകു തുറന്നു. താൻ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഒരു സ്ത്രീ കരങ്ങളിലൊരു ശിശുവുമായി നില്ക്കുന്നു. യാതൊരു മുന്നറിയിപ്പുമില്ലാതെ അവൾ ആ ശിശുവിനെ സൂസോയുടെ കരങ്ങളിലേക്കു വീശിയെറിഞ്ഞു: "ഇതാ, നിന്റെ പാപത്തിന്റെ ഫലം" എന്നു പറഞ്ഞിട്ട് അവൾ ഓടിമറയുകയും ചെയ്തു.

സൂസോ സ്തബ്ദനായിപ്പോയി. അവളുടെ വാക്കുകൾ വെള്ളിടിപോലെ അദ്ദേഹത്തിന്മേൽ പതിച്ചു. ആ പിഞ്ചു ശിശുവിനെയും കരത്തിൽ വഹിച്ചുകൊണ്ടു സൂസോ നിന്നു. ആ ശിശു അവളുടെ പാപത്തിന്റെ ഫലമാണ്, സംശയമില്ല. തന്റെ പാപത്തിന്റെ ഫലമല്ല. ഇന്നായിരുന്നെങ്കിൽ ആ സ്ത്രീ തന്റെ ശിശുവിനെ ഒരു പ്ലാസ്റ്റിക് കവറിലാക്കി ചവറ്റുവീപ്പയിൽ ഇട്ടേനെ. അവളെ സംബന്ധിച്ചിടത്തോളം കുറ്റം മറ്റൊരുടെയെങ്കിലും മേൽ ചുമത്തേണ്ടത് ആവശ്യമായിരുന്നു.

ഈ സംഭവത്തിന്റെ വാർത്ത കാട്ടുതീപോലെ നഗരമെങ്ങും പടർന്നു. സൂസോ ഒരു കപടസന്യാസിയാണ് എന്നായിരുന്നു വാർത്ത. എന്നാൽ സൂസോ കപടസന്യാസിയോ കപടഭക്തനോ ആയിരുന്നില്ല. മുറിക്കുള്ളിൽ കയറി കർത്താവിനോടു കരയുക മാത്രമേ സൂസോയ്ക്ക് ആകുമായിരുന്നുള്ളൂ. "കർത്താവേ, ഞാൻ എന്തു ചെയ്യേണം? ഞാൻ നിഷ്കളങ്കനാണെന്ന് അങ്ങ് അറിയുന്നല്ലോ?"

വ്യക്തമായ ഒരു ഉത്തരം വന്നു: "ഞാൻ ചെയ്തതുപോലെ ചെയ്യുക. മറ്റുള്ളവരുടെ പാപങ്ങൾക്കുവേണ്ടി കഷ്ടമനുഭവിക്കുക. ഒന്നും പറയരുത്. സൂസോയ്ക്കു ക്രൂശിനെക്കുറിച്ചു പുതിയൊരു ദർശനം ലഭിച്ചു. ആത്മാവിൽ സമാധാനമായി. സൂസോ സ്വന്തം കുഞ്ഞെന്നവണ്ണം ആ ശിശുവിനെ വളർത്തി. ഒരിക്കൽപോലും താൻ നിരപരാധിയാകുന്നുവെന്നു പറയുകയോ തെളിയിക്കാൻ ശ്രമിക്കുകയോ ചെയ്തില്ല. വർഷങ്ങൾക്കുശേഷം പാപിയായ ആ സ്ത്രീ നഗരത്തിൽ തിരിച്ചെത്തി. സൂസോ നിരപരാധിയാണെന്നും താൻ അദ്ദേഹത്തിനെതിരേ ഉന്നയിച്ച ആരോപണം വ്യാജമായിരുന്നുവെന്നും ജനത്തോടു പറഞ്ഞു. ദോഷം ചെയ്തുവെങ്കിലും ദൈവം അതിനെ നന്മെക്കായി മാറ്റി. സൂസോ ക്രിസ്തുവിനോടു കൂടുതൽ അനുരൂപപ്പെട്ടു. സൂസോ വിജയം വരിച്ചു.

യോസേഫ് അനുഭവിച്ച ഹൃദയവ്യഥയെയും അനീതിയെയും കുറിച്ചു നാം ഉല്പത്തി പുസ്തകത്തിൽ വായിക്കുന്നു.

തന്നെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചുവെന്ന് ആരോപിച്ച സ്ത്രീ, അതിനു തെളിവായി യോസേഫിന്റെ അങ്കിയും ഹാജരാക്കി. എങ്കിലും അവൻ തന്റെ കാര്യം നീതിയായി വിധിക്കുന്നവന്റെ പക്കൽ ഭരമേല്പിച്ചു. ദൈവത്തിൽ ആശ്രയിച്ചു.

കർത്താവായ യേശുവിന്മേൽ വ്യാജാരോപണങ്ങൾ ചുമത്തി. അവൻ പരസംഗത്തിൽ ജനിച്ചവനാണെന്ന് ശത്രുക്കൾ പറഞ്ഞു. സാത്താന്യശക്തിയിലാണ് അവൻ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതെന്ന് അവർ നിഷ്കർഷിച്ചു പറഞ്ഞു. റോമാ ഗവൺമെന്റിനെ അട്ടിമറിക്കുന്നതിന് അവൻ ശ്രമിക്കുന്നുവെന്ന് അവർ പറഞ്ഞു. തന്റെ തീവ്രവ്യഥയിലും അവന് “എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ, പിതാവേ” എന്നു പറയുവാൻ കഴിഞ്ഞു.

കർത്താവിന്റെ മാതൃകയിൽനിന്ന് ഈ കാര്യം നാം മനസ്സിലാക്കുന്നു: നാം നമ്മെത്തന്നെ നീതീകരിക്കേണ്ടതില്ല, നിയമപരമായ ആശ്വാസത്തിനായി പ്രതീക്ഷിക്കേണ്ടതില്ല. പാപം സ്വയം പുറത്തുപോകുന്നതിനു ദൈവം അനുവദിക്കുന്നു. ദൈവം അപവാദിയെ വെളിപ്പെടുത്തുന്നു; ആരോപണവിധേയനായവൻ മാനിക്കപ്പെടുന്നു.

# 3

# സ്നേഹത്തിന്റെ അപ്പൊസ്തലൻ[3]

റോബർട്ട് ചാപ്മാൻ ഒരു ധനിക കുടുംബത്തിൽ വളർത്തപ്പെട്ട യുവാവായിരുന്നു. ആഡംബരഭവനവും ഒരു സംഘം ഭൃത്യന്മാരും, കുടുംബത്തിന്റെ സ്ഥാനചിഹ്നം പതിപ്പിച്ചിരുന്ന നല്ല ഒരു വാഹനവും തനിക്കുണ്ടായിരുന്നു. മതഭക്തിയുള്ള കുടുംബം ആയിരുന്നെങ്കിലും ആഴമായ ക്രിസ്തീയാനുഭവം ഉള്ളവരായിരുന്നില്ല.

അവന് ഇരുപതു വയസ്സു പ്രായമുള്ളപ്പോൾ തന്റെ ഒരു സ്നേഹിതൻ ജെയിംസ് ഹാരിംഗ്ടൺ ഇവാൻസിന്റെ പ്രസംഗം കേൾക്കുന്നതിന് അവനെ ക്ഷണിച്ചുകൊണ്ടുപോയി. ചാപ്മാന്റെ ജീവിതത്തിൽ അതൊരു വഴിത്തിരിവായിരുന്നു. ചില ദിവസങ്ങൾക്കകം അവൻ മാനസാന്തരപ്പെട്ടു.

വിശ്വാസികൾ സ്നാനമേല്ക്കേണ്ടതാണ് എന്നു പുതിയ നിയമത്തിൽ അവൻ കണ്ടെത്തി. തന്നെ സ്നാനപ്പെടുത്തുന്നതിനു ചാപ്മാൻ ഇവാൻസിനോട് ആവശ്യപ്പെട്ടു. "അല്പം കൂടെ കാത്തിരുന്ന് ഈ കാര്യം ആലോചിക്കേണ്ടതല്ലയോ" എന്ന് ഇവാൻസ് ചോദിച്ചു.

“ഇല്ല, കർത്താവിന്റെ കല്പന അനുസരിക്കുന്നതിനു ഞാൻ ബദ്ധപ്പെടേണ്ടതാകുന്നുവെന്നു ഞാൻ വിചാരിക്കുന്നു” എന്നായിരുന്നു ചാപ്മാന്റെ മറുപടി. അനുസരണത്തിന്റെയും സുഗ്രാഹ്യതയുടെയും ആത്മാവ് ജീവകാലം മുഴുവൻ അവനിൽ ഉണ്ടായിരുന്നു.

അഭിഭാഷകവൃത്തിയിൽ വിജയിച്ചുകൊണ്ടിരുന്നു എങ്കിലും ദൈവം തന്നെ പൂർണസമയ ക്രിസ്തീയ പ്രവർത്തനത്തിനായി വിളിക്കുന്നുവെന്നു ചാപ്മാൻ ഗ്രഹിച്ചു. ക്രിസ്തുവിനെ അനുഗമിക്കുന്നതിനു സകലവും ഉപേക്ഷിക്കുന്നതുവരെ അവനു സമാധാനം ഉണ്ടായിരുന്നില്ല. “സകലവും ഉപേക്ഷിക്കുന്നു” എന്നു പറഞ്ഞാൽ ചാപ്മാനെ സംബന്ധിച്ചിടത്തോളം തന്റെ വസ്തുവകകൾ വില്ക്കുക, വലിയ സമ്പാദ്യം കൈവിടുക, അഭിഭാഷകവൃത്തിയുടെ അന്തസ്സും പദവിയും ഇല്ലാതാക്കുക എന്നാണർഥം. ദരിദ്രരുടെ മധ്യത്തിൽ പ്രവർത്തിക്കുന്നതിനാണു താൻ ആഗ്രഹിച്ചത്. “ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിനു തിരഞ്ഞെടുത്തില്ലയോ?” (യാക്കോബ് 2:5). “ദരിദ്രരോട് സുവിശേഷം പ്രസംഗിക്കേണ്ടതല്ലയോ?” (മത്തായി 11:5). വലിയ പുരുഷാരം, സാധാരണ ജനങ്ങൾ, സന്തോഷത്തോടെ യേശുക്രിസ്തുവിന്റെ വാക്കു കേട്ടിരുന്നുവല്ലോ (മർക്കൊസ് 12:37).

“പുഞ്ചിരിക്കുന്ന മുഖവുമായി നല്ല ഉയരമുള്ള ഒരു യുവ അഭിഭാഷകൻ, ആരാധനയ്ക്കു കൊണ്ടുപോകാൻ മറ്റാരുമില്ലാതിരുന്ന ദരിദ്രയും അന്ധയുമായൊരു സ്ത്രീയെ യോഗത്തിലേക്കു കൂട്ടിക്കൊണ്ടു പോകുന്നത്” ആളുകൾ കണ്ടു. “അവർ സഭാമന്ദിരത്തിന്റെ ബഞ്ചുകൾക്ക് ഇടയിലൂടെ ഒരുമിച്ചു നടന്നുവരുമ്പോൾ ഉപദേശശുദ്ധിയുള്ളവരെങ്കിലും സ്വാർഥരും സ്നേഹമില്ലാത്തവരുമായവർക്ക് അതൊരു ശാസനയായിരുന്നു.”

അധികം വൈകാതെ ഇംഗ്ലണ്ടിലെ ബാൺസ്റ്റേപ്പിൾ എന്ന ചേരിപ്രദേശത്തേക്കു പോയി. ഇവിടത്തെ അധഃകൃതരെ കണ്ടെത്തുകയായിരുന്നു ലക്ഷ്യം. മദ്യപാനം, അശുദ്ധി, രോഗങ്ങൾ, ദാരിദ്ര്യം, കൂടെ എലിപ്പടയുടെ ആക്രമണം ഇവ ചേരിയുടെ ശാപമായിരുന്നു. അദ്ദേഹം നിരന്തരം അവരെ സന്ദർശിക്കുകയും, തന്റെ വീട്ടിലേക്ക് അവരെ സ്വാഗതം ചെയ്യുകയും ചെയ്തു.

"ക്രിസ്തുവിനെ പ്രസംഗിക്കുന്നവർ നിരവധിയുണ്ട്, എന്നാൽ ക്രിസ്തുവിനെപ്പോലെ ജീവിക്കുന്നവർ ആരുമില്ല. ക്രിസ്തുവിനെ ജീവിച്ചു കണിക്കുകയാണ് എന്റെ ലക്ഷ്യം" എന്ന് അദ്ദേഹം പറഞ്ഞു. വർഷങ്ങൾക്കുശേഷം ജോൺ നെൽസൺ ഡാർബി ചാപ്മാനെക്കുറിച്ചു പറഞ്ഞു: "ഞാൻ പ്രസംഗിക്കുന്നത് അദ്ദേഹം ജീവിക്കുന്നു!"

ചാപ്മാന്റെ പുറംകുപ്പായം വളരെ മുഷിഞ്ഞപ്പോൾ ഒരു ക്രിസ്തീയ സ്നേഹിതൻ തനിക്കൊരു പുതിയ കോട്ടു നല്കി. എന്നാൽ അവനതൊരിക്കലും ധരിക്കുന്നതായി സ്നേഹിതൻ കണ്ടില്ല. കുപ്പായം ഇല്ലാതിരുന്ന ഒരു മനുഷ്യനു ചാപ്മാൻ അതു നല്കി. ഇതെല്ലാം അസാധാരണ പ്രവൃത്തികളായി ആളുകൾ കരുതുന്നു എന്നത് ചാപ്മാനെ അമ്പരപ്പിച്ചു.

ചാപ്മാന്റെ ത്യാഗപരമായ ജീവിതശൈലിയിൽ തന്റെ ചാർച്ചക്കാരും സ്നേഹിതരും അസ്വസ്ഥരായി. അതിലൊരാൾ നേരിൽ കണ്ടു സന്ദർശിച്ചു വസ്തുതകൾ മനസ്സിലാക്കുന്നതിനു തീരുമാനിച്ചു. ചാപ്മാന്റെ വീട്ടിനു മുമ്പിൽ ടാക്സി നിറുത്തിയപ്പോൾ സന്ദർശകൻ ടാക്സിക്കാരനെ ശാസിച്ചു,

"ചാപ്മാന്റെ വീട്ടിലെത്തിക്കാനല്ലേ ഞാൻ നിന്നോടു പറഞ്ഞത്?"

"അതെ, സർ, ഇതുതന്നെയാണു വീട്."

ഞെട്ടലോടെ അകത്തു കയറിയ സന്ദർശകൻ ചോദിച്ചു: "റോബർട്ട്, നിങ്ങൾ ഇവിടെ എന്തു ചെയ്യുന്നു?"

"കർത്താവ് എന്നെ അയച്ച സ്ഥാനത്തു ഞാൻ അവനെ സേവിക്കുകയാണ്."

"നിങ്ങൾ എങ്ങനെ ജീവിക്കും? നിങ്ങൾക്കു ബാങ്ക് അക്കൗണ്ട് ഉണ്ടോ?"

"ഞാൻ കർത്താവിനെ വിശ്വസിക്കുന്നു; എന്റെ ആവശ്യങ്ങൾ ഞാൻ അവനോടു പറയുന്നു. അവൻ ഒരിക്കലും എന്നെ കൈവിട്ടിട്ടില്ല. എന്റെ വിശ്വാസം വർധിച്ചിരിക്കുന്നു. എന്റെ വേല തുടരുകയും ചെയ്യുന്നു.

ഭക്ഷണമേശയും അടുക്കളയും ഒഴിഞ്ഞിരിക്കുന്നതായി സന്ദർശകൻ കണ്ടു. അല്പം ഭക്ഷണം വാങ്ങിക്കൊണ്ടു വരാം എന്ന് അയാൾ താല്പര്യം പ്രകടിപ്പിച്ചു. ഒരു പ്രത്യേക മാർക്കറ്റിൽ പോകാൻ റോബർട്ട് സന്ദർശകനോടു പറഞ്ഞു. വാസ്തവത്തിൽ ആ മാർക്കറ്റിന്റെ ഉടമ ചാപ്മാനോട് കടുത്ത വൈരമുള്ള ഒരാളായിരുന്നു. ഇത്രയധികം ഭക്ഷണസാധനങ്ങൾ ആർ. സി. ചാപ്മാന്റെ വീട്ടിലെത്തിക്കാൻ പറഞ്ഞപ്പോൾ അയാൾ വികാരാധീനനായി. അയാൾ നേരെ ചാപ്മാന്റെ ഭവനത്തിൽ എത്തി. കരഞ്ഞുകൊണ്ട് ആത്മാർഥമായ അനുതാപത്തോടെ ക്ഷമചോദിച്ചു. മാത്രമല്ല, ആ കടക്കാരൻ ക്രിസ്തുവിനെ തന്റെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുകയും ചെയ്തു.

ആതിഥേയം ശുശ്രൂഷയുടെ ഒരു സുപ്രധാന ഭാഗമായി ത്തീർന്നു. സ്വന്തം പണം മുടക്കി സ്ട്രീറ്റിനപ്പുറത്തായി ചാപ്മാൻ ഒരു വീടുവാങ്ങി. ദൈവം ആഗ്രഹിക്കുന്ന അതിഥികളെ അവിടേക്ക് അയയ്ക്കുവാൻ താൻ പ്രാർഥിച്ചു. താമസിക്കുന്നതിനു പണം ചോദിച്ചിരുന്നില്ല; വരുന്നവർ എപ്പോഴാണ് പോകുന്നത് എന്നും അന്വേഷിച്ചിരുന്നില്ല. തങ്ങളുടെ ഷൂസ്, ബൂട്ട്സ് മുതലായവ വാതിലിനു പുറത്തു സൂക്ഷിക്കുന്നതിന് അതിഥികളോട് ആവശ്യപ്പെട്ടിരുന്നു. പ്രഭാതമാകുമ്പോൾ അവ പോളീഷ് ചെയ്തു വെച്ചിരിക്കും. ചാപ്മാൻ തന്റെ അതിഥികളുടെ കാൽ കഴുകുന്ന രീതി ഇതായിരുന്നു. അവിവാഹിതനായൊരു ആതിഥേയന്റെ ഈ പ്രവൃത്തി, വിശ്വാസത്തിന്റെയും കർത്താവിന്റെ ജനത്തിനായുള്ള ശുശ്രൂഷയുടെയും ജീവിതം എന്താണെന്ന് അതിഥികളെ മനസ്സിലാക്കുന്നതായിരുന്നു.

"ഭക്ഷണമേശമേൽ വലിയ സന്തോഷമായിരുന്നു. ജ്ഞാനത്തിന്റെയും കൃപയുടെയും വാക്കുകൾ നിരന്തരം കേൾക്കാമായിരുന്നു. ഒരിക്കലും വ്യഥാ സംസാരത്തിലേക്ക് ആരും തിരിഞ്ഞില്ല. സന്നിഹിതരല്ലാത്ത ആരെയും കുറിച്ച് ആരും കുറ്റം പറയാൻ പാടില്ല എന്നത് അംഗീകൃത നിയമമായിരുന്നു. ആരെങ്കിലും ഇതു ലംഘിച്ചാൽ ശാസിക്കപ്പെടുകയും ചെയ്യും."

റോബർട്ട് ചാപ്മാൻ സ്നേഹമെന്ന ദൈവിക സുകൃതത്താലാണ് പ്രസിദ്ധനായിത്തീർന്നത്. അദ്ദേഹവുമായി യാതൊരു കര്യത്തിലും ഒരിക്കലും ബന്ധപ്പെടുകയില്ല എന്നു തന്റെ കടുത്ത വിമർശകരിലൊരാൾ ശപഥം ചെയ്തിരുന്നു. ഇനിയും താൻ ഒരിക്കലും അദ്ദേഹത്തോടു സംസാരിക്കുകയുമില്ല. ഒരു ദിവസം അവർ ഒരേ റോഡരികിലൂടെ നടക്കുകയായിരുന്നു. അവർ പരസ്പരം കണ്ടു. മറ്റെയാൾ തന്നെക്കുറിച്ചു പറഞ്ഞിരുന്നതെല്ലാം ചാപ്മാൻ അറിഞ്ഞിരുന്നു. എന്നാൽ അവർ കണ്ടുമുട്ടിയപ്പോൾ ചാപ്മാൻ അപരന്റെ തോളിൽ കയ്യിട്ടുകൊണ്ടു പറഞ്ഞു: "പ്രിയ സഹോദരാ, ദൈവം നിങ്ങളെ സ്നേഹിക്കുന്നു. ക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നു, ഞാനും നിങ്ങളെ സ്നേഹിക്കുന്നു." ആ മനുഷ്യൻ അനുതപിക്കുകയും സഭയിലെ കൂട്ടായ്മ പുനരാരംഭിക്കുകയും ചെയ്തു.

അവിശ്വസനീയമാംവിധം വിദേശത്തുള്ള ഒരു സ്നേഹിതൻ "ആർ.സി. ചാപ്മാൻ, യൂണിവേഴ്സിറ്റി ഓഫ് ലവ്, ഇംഗ്ലണ്ട്" എന്നു മാത്രം കവറിൽ മേൽവിലാസമെഴുതി അയച്ച കത്ത് ചാപ്മാനു ലഭിച്ചു!

സഭയിൽ സഭാവിഭാഗ വിഭജനങ്ങൾ ചാപ്മാൻ ഇഷ്ടപ്പെട്ടില്ല. സഭാബന്ധം പരിഗണിക്കാതെ എല്ലാ ദൈവമക്കളെയും അദ്ദേഹം സ്നേഹിച്ചിരുന്നു. തന്റെ കൂട്ടായ്മയിലെ ഒരു വിഭാഗമാളുകൾ വേർപിരിഞ്ഞു പോകുന്നതിന് ആഗ്രഹിച്ചുകൊണ്ട് വസ്തുവകകളുടെ ഉടമസ്ഥാവകാശം ഉന്നയിച്ചപ്പോൾ അദ്ദേഹം അത് സമ്മതിച്ചു. ഒരു സഭാ കൂടിവരവിനുവേണ്ടി ചാപ്മാൻ വാങ്ങിയിരുന്ന വസ്തു നഗരസഭ ആവശ്യപ്പെട്ടപ്പോഴും അദ്ദേഹം

അത് വിട്ടുകൊടുത്തു. താൻ തന്നേ പ്രഗത്ഭനായൊരു നിയമജ്ഞനായിരുന്നിട്ടും അദ്ദേഹം ഒരിക്കലും നിയമത്തിന്റെ വഴികൾ അന്വേഷിച്ചിരുന്നില്ല, വ്യക്തിപരമായ തർക്കസംഗതികൾ കൈകാര്യം ചെയ്യുമ്പോൾ അദ്ദേഹം ധൃതിപിടിച്ചുള്ള നടപടികൾ ഒഴിവാക്കിയിരുന്നു. പ്രാർഥിക്കുക എന്നതായിരുന്നു അദ്ദേഹം കൈക്കൊണ്ട മാർഗം. പെട്ടെന്ന് ഒരു നടപടിക്കു മുതിർന്നതിനാൽ ജെ.എൻ. ഡാർബിയെ ചാപ്മാൻ ഭർത്സിച്ചു. “നമ്മൾ ആറ് ആഴ്ച കാത്തിരുന്നു” എന്നു പറഞ്ഞുകൊണ്ട് ഡാർബി തന്റെ പ്രവൃത്തിയെ ന്യായീകരിച്ചു. “നമ്മൾ ആറു വർഷം കാത്തിരിക്കണമായിരുന്നു” എന്നായിരുന്നു ചാപ്മാന്റെ മറുപടി.

പ്രാർഥനെക്കും വചനധ്യാനത്തിനും ഭക്ഷണത്തിനും ഭവനസന്ദർശനത്തിനും വിശക്കുന്നവർക്കു ഭക്ഷണം നല്കുന്നതിനും ആതുരസഹായ സേവനത്തിനും പരസ്യയോഗ പ്രസംഗത്തിനും ബൈബിൾ അഭ്യസനത്തിനും കൃത്യമായ സമയം വേർതിരിച്ചുകൊണ്ട് ചിട്ടയുള്ളൊരു ജീവിതമാണ് ചാപ്മാൻ നയിച്ചിരുന്നത്. ശനിയാഴ്ച ഉപവസിക്കും. മറ്റുള്ളവർക്ക് പരിതോഷികങ്ങളായി നല്കുന്നതിനുള്ള തടിപ്പാത്രങ്ങൾ ഉണ്ടാക്കുന്നതിനു സ്വയം കടച്ചിൽ ജോലിചെയ്തിരുന്നു.

ഫ്രാങ്ക് ഹോംസ് എന്ന തന്റെ ജീവചരിത്രകാരൻ തന്നെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു, “വിശുദ്ധജീവിതത്തിലും സ്വഭാവ നൈർമല്യത്തിലും സ്വയത്യാഗത്തിലും തന്നോടു സമനായി അധികം പേരുണ്ടാവില്ല. അദ്ദേഹം ഒരു കുഞ്ഞിനെപ്പോലെ ലളിതജീവിതവും താഴ്മയും ഉള്ളവനായിരുന്നു. അദ്ദേഹം ഒരു ആത്മീയധീരനായിരുന്നു. തന്റെ വലിപ്പത്തിൽ ഒരു ഇഞ്ചുപോലും പരസ്യവിദഗ്ധന്മാരുടെ ആത്മീയശൈലിക്കു വിധേയമായിരുന്നില്ല.

തങ്ങളുടെ ജീവിതം മറ്റുള്ളവരുടേതിനെക്കാൾ ഉന്നതനിലയിലായിരിക്കണം എന്നു ക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ചു. എങ്കിൽ മാത്രമേ, അവരിൽ തങ്ങൾക്ക് എന്തെങ്കിലും സ്വാധീ

നം ചെലുത്തുവാൻ കഴിയുകയുള്ളൂ. ഇത് ആർ.സി. ചാപ്മാന്റെ ജീവിതത്തിൽ നിറവേറിയത് നാം കാണുന്നു. ഇപ്രകാരമൊരു അലൗകിക ജീവിതശൈലി സ്വീകരിക്കുന്നതിനു ചാപ്മാനെ പ്രേരിതനാക്കിയതെന്തെന്ന് തന്റെ ഒരു ബന്ധു അന്വേഷിച്ചു. താൻ അറിഞ്ഞിട്ടില്ലാത്ത "ഒരു ആന്തരികശക്തി ചാപ്മാനെ പ്രേരിപ്പിക്കുകയായിരുന്നു" എന്ന് അയാൾ മനസ്സിലാക്കി. തനിക്കെന്തെങ്കിലും കുറവുണ്ടോ എന്ന് അന്വേഷിക്കുന്നതിന് അയാൾ തീരുമാനിച്ചു. "ചാപ്മാന്റെ കൃത്യമായ നിലപാട് എന്താണെന്ന് അയാൾ അന്വേഷിച്ചു. അവർ രണ്ടുപേരും ഒരുമിച്ചു പ്രാർഥിച്ചു, വേദപുസ്തക ധ്യാനവും നടത്തി. ആ സന്ദർശകൻ മടങ്ങിപ്പോയത് മാറ്റം വന്ന ഒരു മനുഷ്യനായിട്ടാണ് എന്നതായിരുന്നു അതിന്റെ ഫലം."

ആധുനിക ലോകത്തിന്റെ സങ്കീർണതയുടെയും ചൂഷണതന്ത്രങ്ങളുടെയും മധ്യത്തിൽ ചാപ്മാൻ ചൊവ്വാഗ്രഹത്തിൽ നിന്നു വന്ന ഒരു മനുഷ്യനായി കാണപ്പെടും. ഏതോ ഒരു ഗ്രഹത്തിൽനിന്നു വന്ന ഒരുവൻ. അതു ശരിയാണ്, അദ്ദേഹം അങ്ങനെയായിരുന്നു. "അത്യുന്നതന്റെ മറവിലും സർവശക്തന്റെ നിഴലിലും പാർത്തിരുന്ന" അദ്ദേഹത്തെപോലെ ഉള്ളവരെക്കുറിച്ചാണ് എ.ഡബ്ലിയു. ടോസർ താഴെവരും പ്രകാരം എഴുതിയത്:

"യഥാർഥ ആത്മീയ മനുഷ്യൻ നിർവചിക്കാനാവാത്ത ജീവിതം നയിക്കുന്നവനാണ്. അവൻ തനിക്കുവേണ്ടി ജീവിക്കുന്നില്ല. മറ്റുള്ളവരുടെ താല്പര്യ സംരക്ഷണത്തിനായി ജീവിക്കുന്നു. തങ്ങളുടെ കർത്താവിനു സകലവും നല്കുന്നതിന് അവൻ മറ്റുള്ള ആളുകളെ പ്രേരിപ്പിക്കുന്നു. തനിക്ക് ഓഹരിയോ പങ്കോ അവൻ ആവശ്യപ്പെടുന്നില്ല. താൻ ബഹുമാനിക്കപ്പെടുന്നതിൽ അവൻ തല്പരനല്ല. തന്റെ രക്ഷകൻ മറ്റുള്ളവരുടെ ദൃഷ്ടികളിൽ മഹത്വപ്പെടണം എന്നു മാത്രം ആഗ്രഹിക്കുന്നു. കർത്താവ് വളരണം, താൻ കുറയണം. അതു മാത്രമാണാഗ്രഹം."

തന്റെ പരമോന്നത താല്പര്യത്തെക്കുറിച്ചു മാത്രം സംസാരിക്കുവാൻ ആഗ്രഹിക്കുന്നവരെ കാണുന്നില്ല എന്നതിനാൽ ശബ്ദായമാനമായ ഭക്തിപ്രകർഷങ്ങൾക്കു മധ്യത്തിൽ അവൻ

നിശബ്ദനായിരിക്കുന്നു. ഇതു നിമിത്തം ഗൗരവക്കാരനെന്നും ഉന്മേഷരഹിതനെന്നും താൻ മുദ്രകുത്തപ്പെടുന്നു. ഇതിനാൽ താൻ ഒഴിവാക്കപ്പെടുന്നു. താനും സമൂഹവും തമ്മിലുള്ള വിടവ് വിശാലമാകുന്നു. ദന്തകൊട്ടാരങ്ങൾക്കു പുറത്തു തങ്ങളുടെ വസ്ത്രങ്ങളിന്മേൽ മൂറും ലവംഗവും മണക്കുന്ന ചിലരെ അന്വേഷിക്കുന്നു. ചിലരെ മാത്രം കാണുന്നതുകൊണ്ടോ ആരെയും കാണാത്തതുകൊണ്ടോ മറിയയെപ്പോലെ അവൻ ഇതെല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുന്നു.[4]

നമ്മുടെ തലമുറയിൽ യഥാർഥ ആത്മീയരായിരിക്കുക എന്നതാകട്ടെ നമ്മുടെ ഹൃദയവാഞ്ഛ.

# 4

# ദുഃഖങ്ങളിൽ വലിയ സമാധാനം[5]

വർഷങ്ങൾക്കു മുമ്പ് എച്ച്.എ. അയൺഡൈഡ് ഒരു ആസ്ട്രേലിയൻ വിധവയെക്കുറിച്ച് അവിസ്മരണീയമായൊരു കഥ പറയുകയുണ്ടായി. ദൈവഭക്തയായൊരു സ്ത്രീയായിരുന്നു അവർ. അവരുടെ ആത്മീയതയുടെ ആഴം എല്ലാവരും കണ്ടറിഞ്ഞിരുന്നു. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും അവനോടുള്ള ആഴമേറിയ സമർപ്പണവും അവരുടെ ജീവിതത്തിന്റെ പ്രത്യേകതയായിരുന്നു.

അവരുടെ ഭർത്താവ് മരിച്ചപ്പോൾ, അഞ്ചു പുത്രന്മാരെ വളർത്തേണ്ടുന്ന ഭാരം അവരുടെ ചുമലിലായി. സങ്കീർത്തനം 146:9-ലാണ് അവർ തന്റെ ശക്തി കണ്ടെത്തിയത്, "യഹോവ അനാഥനെയും വിധവയെയും സരംക്ഷണചെയ്യുന്നു." അവർ ഈ വാഗ്ദത്തം ആർത്തിയോടെ അവകാശമാക്കി. കർത്താവിന്റെ പ്രബോധനത്തിലും അഭ്യസനത്തിലും വളരുന്നതിന് ആ മക്കൾക്കു ഭാഗ്യം ലഭിച്ചു. അവർ എല്ലാവരും തക്കകാലത്തു യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഏറ്റുപറഞ്ഞു.

ഈ സമയം യുദ്ധം പൊട്ടിപ്പുറപ്പെട്ടു. അഞ്ചു യുവാക്കന്മാരും തങ്ങളുടെ രാജ്യത്തിന്റെ ആഹ്വാനം സ്വീകരിച്ചു. ഒരുപക്ഷേ, അവരുടെ അപേക്ഷപ്രകാരം ആയിരിക്കാം അവർ എല്ലാവരും ഒരേ റജിമെന്റിന്റെ കീഴിൽ നിയോഗിക്കപ്പെട്ടു. അവരുടെ ജീവൻ കർത്താവിന്റെ കരുതലിലും സംരക്ഷണയിലുമാകുന്നു വെന്ന് അറിഞ്ഞുകൊണ്ട് അവരുടെ മാതാവ് അവരെ ദിനം തോറും ദൈവകരങ്ങളിൽ ഭരമേല്പിച്ചു പോന്നു.

ഒരു ദിവസം അവർ ജനാലയിലൂടെ നോക്കുമ്പോൾ മുൻവാതിലിലേക്ക് ഒരു മനുഷ്യൻ നടന്നുവരുന്നത് കണ്ടു. അദ്ദേഹത്തെ അവർ തിരിച്ചറിഞ്ഞു. തങ്ങളുടെ പ്രിയപ്പെട്ടവർ കൊല്ലപ്പെടുകയോ യുദ്ധമേഖലയിൽ കാണാതാകുകയോ ചെയ്യുമ്പോൾ ആ വിവരം കുടുംബങ്ങളെ അറിയിക്കുന്നതിനു നിയോഗിക്കപ്പെട്ട ഗ്രാമത്തിലെ ചാപ്ലെയ്ൻ ആയിരുന്നു അത്. ദുഃഖകരമായ ഈ ദൗത്യനിർവഹണത്തിനു നിയോഗിതനായ ഇദ്ദേഹവും ഭക്തനായ വിശ്വാസിയായിരുന്നു.

അമ്മ വാതില്ക്കൽ ചെന്നു. കയ്യിൽ മഞ്ഞനിറത്തിലുള്ള ഒരു ടെലഗ്രാം പിടിച്ചുകൊണ്ട് അദ്ദേഹം നില്ക്കുന്നു. സമയം നിശ്ചലമാകുന്നതുപോലെ കാണപ്പെട്ടു. വന്ദനം പറഞ്ഞു കൊണ്ട് അവർ അദ്ദേഹത്തെ അകത്തേക്കു ക്ഷണിച്ചു. ഇരുന്നു കഴിഞ്ഞപ്പോൾ അവർക്കു ചോദിക്കാൻ ശക്തിയുണ്ടായി.

"ഏതു മകൻ?"

അദ്ദേഹത്തിന് ഉത്തരം പറയുന്നത് പ്രയാസമായിരുന്നു. താൻ അറിയിക്കാൻ പോകുന്ന വാർത്ത അവർക്കു വഹിക്കാവുന്നതിലധികമാകുമെന്ന് അദ്ദേഹം ഭയപ്പെട്ടു. പക്ഷേ, അവർ കാത്തു നില്ക്കുകയാണ്, അഞ്ചു മക്കളിൽ ആരാണ് യുദ്ധക്കളത്തിൽ മരിച്ചുപോയത് എന്നറിയുവാൻ.

അവസാനം അദ്ദേഹത്തിന്റെ വാക്കുകൾ പുറത്തുവന്നു:

"അഞ്ചു പേരും."

അവരുടെ മുഖം വിവർണമായി, ചുണ്ടുകൾ വിറച്ചു, കണ്ണുകൾ നിറഞ്ഞൊഴുകി. തന്റെ സ്വാഭാവിക ആശ്രയത്തിന്റെ

ആത്മാവോടുകൂടെ ഒടുവിൽ അവർ പറഞ്ഞു: "അവർ എല്ലാവരും അവനുള്ളവർ ആയിരുന്നു; അവൻ അവരെ തന്നോടുകൂടെ ആയരിക്കുവാൻ എടുത്തു."

അവർ ഒരുമിച്ചു മുട്ടുകത്തി പ്രാർഥിച്ചു.

"അവിടെ വികാരവിക്ഷോഭമില്ല, പിറുപിറുപ്പില്ല, കൈപ്പില്ല, ആവലാതിയില്ല. തങ്ങളുടെ രാജ്യത്തിന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് അവർ സ്വഭവനം വിട്ടുപോകുമ്പോൾ തന്നേ അവർ തന്റെ പുത്രന്മാരെ ഉടമ്പടിപാലിക്കുന്ന ഒരു ദൈവത്തിന്റെ കരങ്ങളിൽ ഭരമേല്പിച്ചതാണ് അവർ തന്റെ രക്ഷകനെ നന്നായറിഞ്ഞിരുന്നു; അവന്റെ സ്നേഹത്തെയോ തന്റെ ജ്ഞാനത്തെയോ ചോദ്യം ചെയ്യുവാൻ അവർക്കാകുമായിരുന്നില്ല. "സകല ബുദ്ധിയെയും കവിയുന്നതായിരുന്നു അവളുടെ സമാധാനം." വർഷങ്ങളായി പ്രസംഗിച്ചുകേട്ട നിരവധി പ്രസംഗങ്ങളെക്കാൾ ആ മാതാവിന്റെ സാക്ഷ്യമാണ് അവരുടെ ഗ്രാമത്തിൽ കൂടുതൽ അർഥമായത്.

ഈ ക്രിസ്തീയ വിധവയെപ്പോലെ എല്ലാ വിശ്വാസികൾക്കും പ്രതികരിക്കുവാൻ കഴിയുമെന്ന് ഈ സംഭവം പറയുന്നില്ല. ഈ മഹാ നഷ്ടത്തെ അഭിമുഖീകരിക്കുവാൻ ദൈവം അവർക്കു പ്രത്യേക കൃപ നല്കിയതായിരിക്കണം. പ്രിയപ്പെട്ടവരുടെ മരണത്തിൽ കണ്ണുനീരൊഴുക്കുന്നത് ലജ്ജയോ പരാജയമോ അല്ല. കർത്താവായ യേശുപോലും കണ്ണുനീർ വാർത്തു. എന്നാൽ തകർത്തുകളയുന്ന ദുഃഖത്തിന്റെ നിമിഷങ്ങളിലും വിശ്വാസികൾ വ്യത്യസ്തരാകുന്നു എന്നത്രെ ഈ സംഭവം കാണിക്കുന്നത്. ലോകം അതു കണ്ട് ആശ്ചര്യപ്പെടുംവിധം അവർ വ്യത്യസ്തരാകുന്നു. വിശ്വാസികൾ ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അവകാശമാക്കുമ്പോൾ, മറ്റുള്ളവർക്ക് യാതൊന്നും അറിഞ്ഞുകൂടാതെ മറഞ്ഞിരിക്കുന്ന ശക്തിയുടെ ഉറവിടങ്ങൾ അവർക്കുണ്ട് എന്നതാണു വസ്തുത.

# 5

# അനുസരണത്തിന്റെ വില

ബഡ് ബ്രങ്കേയ്ക്കു ജീവിതം .ഒരു മന്ദമാരുതൻ ആയിരുന്നു. സ്നേഹവതിയായ ഭാര്യ ജാനിസ്, ആറുമക്കൾ, ഇല്ലിനോയിസിലെ എൽജിനിൽ ചെറിയൊരു എയർപോർട്ടിലെ എയർ ക്രാഫ്റ്റ് മെയിന്റനൻസ് ബിസിനസിൽ പങ്കാളി. തന്റെ ജീവിതം തികച്ചും സന്തോഷപൂർണമെന്ന് അയാൾ വിചാരിച്ചു.

ഇങ്ങനെയൊക്കെയാണെങ്കിലും ക്രമേണ തന്റെ ആത്മീയാവസ്ഥ അയാളെ അസ്വസ്ഥനാക്കി. ഈ സമയംവരെ അദ്ദേഹം സ്ഥലത്തെ ലൂഥറൻ സഭയിലെ വിശ്വസ്തനായൊരു അംഗവും ഡീക്കനുമായിരുന്നു. പക്ഷേ, അത് അയാളെ തൃപ്തിപ്പെടുത്തിയില്ല. സഭയുമായി അയാൾക്കുണ്ടായിരുന്ന പ്രധാന വിവാദം ശിശുസ്നാനം ആയിരുന്നു. ഒരു ശിശുവിന്മേൽ വെള്ളം തളിക്കുന്നത് ആ ശിശുവിനെ ക്രിസ്തുവിൽ അംഗമാക്കുമെന്നോ ദൈവരാജ്യത്തിന് അവകാശിയാക്കുമെന്നോ ഉള്ള ചിന്താഗതിയെ തനിക്കു സ്വീകരിക്കാനായില്ല. അസാധാരണമായ സാഹചര്യങ്ങളുടെ പരമ്പരനിമിത്തം ഒരു സായാഹ്ന ബൈബിൾ സ്കൂളിൽ അയാൾ പഠനം ആരംഭിച്ചു. ചില ആഴ്ചകൾ കഴിഞ്ഞപ്പോൾ അയാളുടെ ആത്മാവിൽ വെളിച്ചം പ്രകാശിച്ചു.

പ്രക്ഷേപണം ചെയ്യപ്പെട്ട ഒരു ഗോസ്പൽ ക്രൂസേഡ് വീക്ഷിച്ച ബഡ് സമർപ്പിക്കപ്പെട്ട ഒരു വിശ്വാസിയായിത്തീർന്നു.

ആരംഭം മുതൽ തന്നേ ദൈവവചനം അറിയുന്നതിനും അത് അനുസരിക്കുന്നതിനുമുള്ള ആഗ്രഹം ബഡിന് ഉണ്ടായിരുന്നു. താൻ രക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ പ്രശ്നമൊന്നുമില്ല എന്നു ബഡ് വിചാരിച്ചെങ്കിൽ അയാൾക്കു തെറ്റിപ്പോയി. പ്രത്യേകിച്ച് ഒരു പ്രശ്നമുണ്ട്. വിശ്വാസിയല്ലാത്ത ഒരു വ്യക്തിയുമായി ബഡിനു ബിസിനസ് പങ്കാളിത്തമുണ്ട്. മുമ്പൊരിക്കലും ഈ സംഗതി പ്രശ്നമായിരുന്നില്ല. ഇപ്പോൾ താൻ ഇങ്ങനെ വായിച്ചു:

നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്. നീതിക്കും അധർമത്തിനും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിന് ഇരുളിനോട് എന്തോരു കൂട്ടായ്മ? ക്രിസ്തുവിനും ബെലീയാലിനും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദൈവാലയത്തിനു വിഗ്രഹങ്ങളോട് എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. "ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും. ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും" എന്നു അരുളിച്ചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ട് അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപെട്ടിരിക്കുവിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു. അശുദ്ധമായത് ഒന്നും തൊടരുത്, എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും." എന്നു സർവശക്തനായ കർത്താവു അരുളിച്ചെയ്യുന്നു (2 കൊരി. 6:14-17).

ഈ വചനങ്ങൾ വായിക്കുന്ന ഒരോ സമയത്തും അത് ബഡിനെ കുത്തി മുറിവേല്പിച്ചിരുന്നു. "വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി?" അത് ശരിയായിരുന്നു. അയാളും തന്റെ ബിസിനസ് പങ്കാളിയും വ്യത്യസ്ത ധ്രുവങ്ങളിലായിരുന്നു. അവർക്കു വ്യത്യസ്തമായ മൂല്യങ്ങളാണുണ്ടാ

യിരുന്നത്. മുമ്പ് അധാർമിക ഇടപെടലുകൾ ഒരു പ്രശ്നമേ ആയിരുന്നില്ല, എന്നാൽ ഇപ്പോൾ അതൊരു മഹാപ്രശ്നമായി. കാളയെയും കഴുതയെയും ഒരേ നുകത്തിൽ പൂട്ടിയതിനു തുല്യമായി അത്. അവ ഒരിക്കലും ഒരുമിച്ചല്ല വലിച്ചിരുന്നത്.

ബഡിനു താൻ എന്തു ചെയ്യണമെന്ന് മനസ്സിലായി. ഇണയില്ലാപ്പിണയിൽനിന്നു താൻ മാറണം. എന്നാൽ എയർക്രാഫ്റ്റ് മെയിന്റനൻസ് ബിസിനസാണു തന്റെ ഉപജീവനമാർഗം. തന്റെ കുടുംബത്തെക്കുറിച്ചു ചിന്തിക്കണം. ഈ ബിസിനസ് പങ്കാളിത്തം ഉപേക്ഷിക്കുവാൻ തക്ക മറ്റു സന്ധാരണമാർഗമൊന്നും കുടുംബത്തിനില്ല. അവർ എങ്ങനെ ജീവിക്കും?

ആദ്യം, തന്റെ പ്രാദേശിക സഭയിലെ ഒരു മൂപ്പന്റെ ആലോചന ചോദിക്കുന്നതിനു ബഡ് തീരുമാനിച്ചു. ചെകുത്താനും കടലിനും മധ്യത്തിൽ താൻ അകപ്പെട്ടിരിക്കുന്ന വസ്തുത വിവരിച്ചു പറഞ്ഞു.

മൂപ്പൻ പറഞ്ഞു: അതൊരു വലിയ പ്രശ്നമൊന്നുമല്ല. നിങ്ങളുടെ പങ്കാളിയുടെ ഭാഗം കൂടെ നിങ്ങൾ വിലെക്കു വാങ്ങുക. മുഴുവൻ നിങ്ങളുടേതാകുമല്ലോ. നിങ്ങൾ മാത്രമായിരിക്കും ബിസിനസിന്റെ ഉടമ.

"അതിനാവശ്യമായ പണം എന്റെ പക്കൽ ഇല്ല."

"അങ്ങനെയെങ്കിൽ, നിങ്ങളുടെ ഷെയർ വാങ്ങിക്കൊള്ളുവാൻ അയാളോടു പറയരുതോ?"

അത് ആലോചിക്കേണ്ട കാര്യമായി ബഡിനു തോന്നി. അയാൾ പാർട്ണറോടു സംസാരിച്ചു. തന്നെ അത്ഭുതപ്പെടുത്തുമാറ് ആ മനുഷ്യൻ ഈ ആശയത്തോടു യോജിപ്പുള്ളവനായി കാണപ്പെട്ടു. ബഡിന്റെ ബിസിനസ് ഷെയറിനു 40,000 ഡോളർ നല്കാമെന്ന് അയാൾ പറഞ്ഞു. പ്രശ്നത്തിനു തക്കതായൊരു പരിഹാരമായി അത് കാണപ്പെട്ടു. പണം കുറേശ്ശെ വന്നു തുടങ്ങി. പ്രതിമാസം 200 ഡോളറിന്റെ ചെക്കുകൾ ലഭിച്ചു. പിന്നീടു കൂടുതൽ തുകയെത്തി. അതിനുശേഷം ബഡ് ചെക്കുകൾ കാഷ്ചെയ്യാനെത്തിയപ്പോൾ, "മതിയായ പണം

അക്കൗണ്ടിൽ ഇല്ല" എന്ന കുറിപ്പോടെ ചെക്കു മടങ്ങി.

തന്റെ മുൻപങ്കാളി പാപ്പർഹർജി നല്കിയിരിക്കുന്നുവെന്നു മനസ്സിലായപ്പോൾ ബഡ് അത്ഭുതപ്പെട്ടില്ല.

"അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടരുത് എന്ന കല്പന അനുസരിക്കുന്നതിനുള്ള ബഡിന്റെ തീരുമാനം നിമിത്തം നഷ്ടപ്പെട്ടത് 38000 ഡോളറിനും 40,000 ഡോളറിനും മധ്യേയുള്ള തുകയായിരുന്നു. ബഡ് ഇനി എന്തു ചെയ്യും? എന്നാൽ "ഞാൻ നിങ്ങൾക്കു പിതാവ് ആയിരിക്കും" (2 കൊരി. 6:17) എന്ന തന്റെ വാഗ്ദത്തം ദൈവം മറന്നുകളഞ്ഞില്ല. അധികം താമസിയാതെ ബഡ് ഒരു വിശ്വാസിയുടെ കീഴിൽ ജോലിക്കു ചേർന്നു. ഈ ബന്ധം ഇരുപത്തി അഞ്ചു വർഷം നീണ്ടുനിന്നു. 65-ാം വയസ്സിൽ വിരമിച്ചപ്പോൾ തനിക്കു നഷ്ടപ്പെട്ടതിന്റെ മൂന്നു മടങ്ങിനു തുല്യമായൊരു തുക തനിക്കു ലഭിച്ചു. അത് കർത്താവിന്റെ പ്രവൃത്തി ആയിരുന്നു. കർത്താവ് ഒരു മനുഷ്യന്റെയും കടക്കാരൻ ആയിരിക്കയില്ല.

# 6

# വിജയത്തിലേക്കു നയിക്കുന്ന തകർച്ച[6]

ഡേവിഡ് ഐക്മാൻ ഹോങ് കോങിലെ വലിയ ഒരു ന്യൂസ് മാസികയുടെ സീനിയർ കറസ്പോണ്ടന്റ് ആയിരുന്നു. സമർപ്പിതനായ ഒരു വിശ്വാസി എന്ന നിലയിൽ അദ്ദേഹം അറിയപ്പെട്ടു. കർത്താവിന്റെ സാക്ഷ്യം വഹിക്കുന്നതിൽ അദ്ദേഹം മുൻനിരയിലായിരുന്നു.

ബ്യൂറോചീഫ് തന്റെ അശ്ലീല സംസാരം നിമിത്തം ഐക്മാനെ നിരന്തരം അലോസരപ്പെടുത്തിയിരുന്നു. കർത്താവിന്റെ നാമം വൃഥാ എടുക്കാതെ ഈ മനുഷ്യനു യാതൊന്നും സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. അയാളുടെ സംഭാഷണത്തിൽ നിരന്തരം ആണയിടലും ഉണ്ടാകും. ഐക്മാൻ ഉള്ളിലുയർന്ന കോപമടക്കുവാൻ ശ്രമിച്ചെങ്കിലും, മാനസികസമ്മർദം വർധിച്ചുകൊണ്ടിരുന്നു.

ഒടുവിലൊരു ദിവസം തന്റെ ക്ഷമയറ്റു. അയാളുടെ ആണയിടലും പ്രാക്കുകളും അണപൊട്ടി വന്നപ്പോൾ ഐക്മാൻ പറഞ്ഞു: “നിങ്ങൾ ദൈവത്തിന്റെ നാമം ഇങ്ങനെ വൃഥാ ഉച്ചരി

ക്കുന്നത് എനിക്കിഷ്ടമല്ല." അദ്ദേഹം ഗുണദോഷമായോ കൃപാപൂർണമായോ അല്ല അതു പറഞ്ഞത്. പിന്നെയോ, അതൊരു പരുക്കൻ ശാസനയായിരുന്നു. ബ്യൂറോ ചീഫ് അതിനോടു ശാന്തമായിട്ടല്ല പ്രതികരിച്ചത്, "നിങ്ങൾ ഇപ്പോൾ എന്നോട് ഈ പറഞ്ഞ രീതിയുണ്ടല്ലോ, അത് എനിക്കിഷ്ടപ്പെട്ടില്ല."

നേരിട്ടു കര്യം സംസാരിച്ചതിൽ ആദ്യം ഡേവിഡിന് ആത്മസംതൃപ്തി തോന്നി. ആ മനുഷ്യനോട് അതു പറഞ്ഞതിൽ സംതൃപ്തിയുണ്ടായി. ഒരുപക്ഷേ, അത് പ്രശ്നം പരിഹരിക്കും. പിന്നീട് എപ്പോഴുമുള്ള ആ അശ്ലീലഭാഷണം കേൾക്കേണ്ടിവരില്ല. പ്രയാസമുള്ള ഒരു പ്രശ്നം നന്നായി കൈകാര്യം ചെയ്തു.

പക്ഷേ, താൻ ഒരു ബന്ധം തകർത്തുകളഞ്ഞു. തന്റെ മേധാവിയോടു പറഞ്ഞത് സത്യമായിരുന്നു. പക്ഷേ, അതു പറഞ്ഞ രീതി തെറ്റായിപ്പോയി. തന്റെ സാക്ഷ്യത്തിനു മങ്ങലേറ്റു. അവർ തമ്മിലുള്ള ആശയവിനിമയവും അതോടെ മുറിഞ്ഞുപോയി.

ഒരുദിവസം തന്റെ കിടക്കയിലായിരിക്കുമ്പോൾ, ഒരു വിശ്വാസി എന്ന നിലയിൽ താൻ എന്താണു ചെയ്യേണ്ടത് എന്നു ബോധ്യമുണ്ടായി. "ഞാൻ നാളെ അവിടെച്ചെന്ന് സകല കുറ്റവും ഏല്ക്കുവാൻ പോകുകയാണ്" എന്നു പറഞ്ഞു. അതു തനിക്ക് അഭിമാനക്ഷതമാണ്. അതു തനിക്ക് വലിയ അപമാനവുമായിരിക്കും. പക്ഷേ, താൻ തീരുമാനമെടുത്തു. അടുത്ത ദിവസം രാവിലെ അദ്ദേഹം ബ്യൂറോ ചീഫിന്റെ മുമ്പിലെത്തി.

"താങ്കളോടു രണ്ടു കാര്യങ്ങൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു, അതിനുശേഷം ഞാൻ പൊയ്ക്കൊള്ളാം. ഒന്ന്, നമ്മുടെ ബന്ധത്തിനു ഹാനി സംഭവിച്ചു. നാം പരസ്പരം സംസാരിക്കുന്നില്ല. അതിനു ഞാൻ തന്നെയാണു കാരണം. ഞാൻ പെരുമാറേണ്ട വിധത്തിലല്ല പെരുമാറിയത്. അതിന്റെ സകല കുറ്റവും ഞാൻ ഏല്ക്കുന്നു. ഞാൻ താങ്കളോടു ക്ഷമ

യാചിക്കുന്നു. കുറ്റം നിങ്ങളുടേതല്ല എന്റേതാണ്." ചീഫ് സ്തബ്ധനായി.

അടുത്തത് ഒരുപടി കൂടെ മുന്നോട്ടു പോകുകയാണ്.

"രണ്ടാമത്തെ കാര്യം, ഇനിമുതൽ എല്ലാ കാര്യങ്ങളിലും ഞാൻ താങ്കൾക്ക് ആദ്യ അവസരം നല്കുകയാണ്. താങ്കൾ ഒരു പംക്തി തയ്യാറാക്കാൻ ശ്രമിക്കുന്നു എങ്കിൽ, ഇഷ്ടാനുസരണം ചെയ്യുക. താങ്കൾക്ക് അതു ചെയ്യാൻ ആഗ്രഹമില്ലെങ്കിൽ ഞാൻ അതു ചെയ്യാം. എന്നോടു ക്ഷമിക്കുക. താങ്കളുടേതാണ് ആദ്യ പംക്തികൾ, ശേഷിച്ചതു മാത്രം ഞാൻ എടുത്തുകൊള്ളാം."

പത്രപ്രവർത്തനരംഗത്ത് ഇപ്രകാരമൊരു ക്ഷമായാചനയോ നിസ്വാർഥതയോ കേട്ടുകേൾവിപോലുമില്ലാത്തതാണ്. ബ്യൂറോ ചീഫ് നിശബ്ദനായി. തന്റെ ബന്ധം പുനഃസ്ഥാപിച്ചതിൽ സന്തോഷിച്ചും കൊണ്ടാണ് ഐക്മാൻ അന്നു വെളിയിൽപോയത്. ചില ദിവസങ്ങൾക്കുശേഷം, വിശ്വാസിയായൊരു ബിസിനസ്കാരൻ നടത്തുന്ന ഒരു പ്രാതൽസമ്മേളനത്തെക്കുറിച്ചും അവിടെ ഒരു എക്സിക്യൂട്ടീവ് ക്രിസ്തുവിലുള്ള തന്റെ വിശ്വാസത്തെക്കുറിച്ചു സാക്ഷ്യം പറയുന്നതിനെപ്പറ്റിയും കേട്ടു. സംശയത്തോടെ ബ്യൂറോ ചീഫിനെ സമീപിച്ചു. ഇങ്ങനെ പറഞ്ഞു, "ശ്രദ്ധിച്ചാലും, ദൈവത്തിലുള്ള തന്റെ വിശ്വാസത്തെക്കുറിച്ച് ഒരു ബിസിനസ്കാരൻ സംസാരിക്കുന്ന ഒരു പ്രാതൽസമ്മേളനത്തിനു ഞാൻ പോകുന്നു; താങ്കൾ പോരുന്നോ?" ഇപ്പോൾ അത്ഭുതപ്പെട്ടത് ഐക്മാൻ ആയിരുന്നു. "ശരി," തന്റെ നേതാവ് പറഞ്ഞു. ആ യോഗത്തിന്റെ സമാപനത്തിൽ അയാൾ തന്റെ ജീവിതത്തിൽ യേശുക്രിസ്തുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

ഐക്മാൻ പറഞ്ഞു: "അയാൾ പല മേഖലകളിലും ബലഹീനതകളോടു നേരിട്ടു വിജയിക്കുവാനുള്ള പരിശ്രമത്തിലാണ്. എന്നാൽ ഞാൻ ആദ്യത്തെ ചുവടു വെക്കാതിരുന്നെങ്കിൽ ഈ മനുഷ്യനെ എനിക്ക് ഒരിക്കലും നേടുവാൻ കഴിയുമായിരുന്നില്ല."

ലോക കാനനത്തിൽ ഐക്മാന്റേതുപോലെ വ്യവസ്ഥയില്ലാത്തതും സമ്പൂർണവുമായൊരു ക്ഷമായാചന അതിദുർലഭമായൊരു വസ്തുതയാണ്. കിടമത്സരസമൂഹത്തിൽ സ്വന്തം അവകാശങ്ങൾ കയ്യൊഴിയുന്നത് അസാധാരണമാണ്. എങ്കിലും കടുകട്ടിയുള്ള സ്ത്രീപുരുഷന്മാരെ ക്രിസ്തീയ വിശ്വാസത്തിലേക്കു നേടുന്നത് ഈ വിധത്തിലുള്ള സ്വർഗീയലോക പെരുമാറ്റമത്രേ.

# 7

# ഒരു സേവനവും നിന്ദ്യമല്ല[7]

ദൈവം ഡൗഗ് നിക്കോൾസിനെ ഇന്ത്യയിൽ സുവിശേഷം അറിയിക്കുന്നതിനാണു വിളിച്ചത്, സംശയമില്ല. ഈ രാജ്യത്തിന്റെ ആത്മീയാവശ്യം വളരെ വലുതായിരുന്നു, ലക്ഷോപലക്ഷങ്ങൾ വ്യാജമതങ്ങളുടെ പിടിയിലായിരുന്നു. തന്റെ തോളിലൊരു സ്വർഗീയ സ്പർശനമുണ്ടായി എന്നതിൽ ഡൗഗിന് ഉറപ്പാണ്.

മേല്പറഞ്ഞതെല്ലാം ശരിയായിരുന്നുവെങ്കിൽ ഡൗഗ് ഇപ്പോൾ എന്താണു ചെയ്യുന്നത്? നിലവാരമില്ലാത്ത ഒരാശുപത്രിയുടെ ക്ഷയരോഗവാർഡിൽ നിശ്ചേഷ്ടനായി കിടക്കുകയാണ്. ഈ രോഗം തന്നെ കീഴടക്കിയത് എന്തെന്നു ന്യായമായി ചിന്തിക്കാം. തനിക്കു സൗഖ്യമുണ്ടായിരുന്നെങ്കിൽ കർത്താവിനുവേണ്ടി എത്രയധികം പ്രവർത്തിക്കാൻ കഴിയുമായിരുന്നു.

സംശയത്തിനും മാനസികത്തളർച്ചയ്ക്കും അടിമപ്പെടാതെ താൻ കിടന്ന വാർഡിൽ സുവിശേഷമറിയിക്കുന്നതിനു ഡൗഗ് തീരുമാനിച്ചു. ഡൗഗ് ഓരോ കിടക്കയുടെ സമീപത്തും പോയി സുവിശേഷ ലഘുലേഖകൾ നല്കി. സ്വീകരണം അപ്രതീക്ഷിതമായിരുന്നു. മറ്റു രോഗികൾ തന്നോടു നീരസപ്പെട്ടു. ഒരു

ഇന്ത്യക്കാരനു കൊടുക്കാമായിരുന്ന ആശുപത്രികിടക്ക സ്വന്തമാക്കി വെച്ചിരിക്കുന്ന ധനവാനായൊരു അമേരിക്കക്കാരനല്ലേ ഇയാൾ എന്ന് അവർ കരുതി. അവർ ലഘുലേഖകൾ നിരസിച്ചു.

സദ്വാർത്തയുമായി അവരെ നേടുവാൻ വ്യത്യസ്തമായൊരു രീതിയാണ് ഡൗഗിനുവേണ്ടി ദൈവം കരുതിയിരുന്നത്. ഒരു രാത്രി ഗുരുതരാവസ്ഥയിലായ ഒരു രോഗി വളരെ പ്രയാസപ്പെട്ടു കിടക്കയിൽനിന്ന് എഴുന്നേറ്റു. അയാൾക്ക് കക്കൂസിൽ പോകണം പക്ഷേ, അവിടെവരെ പോകാൻ കഴിയാതവണ്ണം അതിക്ഷീണിതനായിരുന്നു. അയാൾ സ്വന്തം ശരീരവും തറയും മലിനമാക്കി. ആ വാർഡിൽ അസഹ്യമായ ദുർഗന്ധം നിറഞ്ഞു.

നേഴ്സുമാരും ഇതര ജീവനക്കാരും അവനെ ശകാരിക്കുകയും പ്രാകുകയും ചെയ്തു. ഇനി അവർ അവിടെല്ലാം വൃത്തിയാക്കണമല്ലോ. ഒരാൾ അവന്റെ ചെകിട്ടത്ത് അടിക്കുക പോലും ചെയ്തു. ഈ സംഭവങ്ങളെല്ലാം മറ്റു രോഗികളെയും ദുഃഖിപ്പിച്ചു. അടുത്ത രാത്രിയും ആ രോഗി വളരെ കഷ്ടപ്പെട്ടു. കക്കൂസിൽ പോകുന്നതിന് എഴുന്നേറ്റു. പക്ഷേ, അയാൾ അതിക്ഷീണിതനായിരുന്നു. അയാൾ കിടക്കയിലേക്കു വീണു കരഞ്ഞു. സ്വന്തം ബലഹീനത വകവെക്കാതെ ഡൗഗ് അടുത്തുചെന്ന് അയാളെ എടുത്ത് ബാത്ത്റൂമിൽ കൊണ്ടുപോയി. വിസർജ്യം കഴിയുന്നതുവരെ ഡൗഗ് കാത്തിരുന്നു. പിന്നീട് അയാളെ എടുത്ത് കിടക്കയിൽ കൊണ്ടുപോയി കിടത്തി.

ഇത്രയുമായപ്പോൾ എല്ലാവരും ഉണർന്നു. സംഭവിച്ചത് എല്ലാം കണ്ടു. പ്രസ്തുത അമേരിക്കൻ 'നുഴഞ്ഞുകയറ്റക്കാരനോടുള്ള' അവരുടെ മനോഭാവത്തിനു വ്യത്യാസംവന്നു. ഒരു രോഗി ഡൗഗിന്റെ കിടക്കയ്ക്കു സമീപമെത്തി ഒരു കപ്പ് ചൂടുള്ള ചായ നല്കി. ഒരു ട്രാക്ട് വേണമെന്ന് ആംഗ്യഭാഷയിൽ അറിയിച്ചു. ഡോക്ടർമാരും നേഴ്സുമാരും ശുചീകരണ ജോലിക്കാരുമെല്ലാം ട്രാക്ടുകൾ ചോദിച്ചു. യോഹന്നാന്റെ സുവിശേഷവും ആവശ്യപ്പെട്ടു. ക്രമേണ അവരിൽ ചിലർ ക്രിസ്തുവി

ങ്കലേക്കു വന്നു. കാരണം ഡൗഗ് നിക്കോൾസന്റെ ജീവിതത്തിൽ അവർക്കു ക്രിസ്തുവിനെ കാണുവാൻ കഴിഞ്ഞു.

ലോകത്തിലെ മനുഷ്യർ ചെയ്യുന്ന നന്മപ്രവൃത്തികൾ ചെയ്യുന്നതുകൊണ്ട് മതിയാകയില്ല എന്നു കർത്താവായ യേശു പറഞ്ഞപ്പോൾ അവൻ അർഥമാക്കിയത് ഇതാണ്. നാം അതിനപ്പുറം പോകണം. ലോകത്തിന് അന്യമായിക്കൊണ്ടിരിക്കുന്ന ക്രിസ്തുവിനെ പ്രവൃത്തികളാൽ നാം വെളിപ്പെടുത്തണം. സ്നേഹത്തിന്റെ പ്രകൃത്യാതീത മാതൃക! ലോകം പ്രവർത്തിക്കുന്നതിനെക്കാൾ ഉയരത്തിൽ നമ്മുടെ പെരുമാറ്റം ആകുന്നില്ലെങ്കിൽ നാശോന്മുഖരായ ജനത്തിന്മേൽ അത് അശേഷം സ്വാധീനം ചെലുത്തുകയില്ല.

# 8

# സ്കോട്ട്ലണ്ടിന്റെ അഭിമാനപുത്രൻ[8]

എറിക് ലിഡ്ഡലിനെ നന്നായി മനസ്സിലാക്കുന്നതിന് തന്റെ കാലത്തെ സ്കോട്ട്ലണ്ടിലെ ക്രിസ്ത്യാനികൾ കർതൃദിനത്തെ ബഹുമാനിക്കുന്നവരായിരുന്നുവെന്നു നാം അറിഞ്ഞിരിക്കണം. അവർ കർതൃദിവസത്തെ ക്രിസ്തൃൻശബത്ത് എന്നു വിളിച്ചിരുന്നു. ആ ദിവസം അവർ ജോലി ചെയ്യുകയോ കളികളിൽ ഏർപ്പെടുകയോ ചെയ്തിരുന്നില്ല. സഭയിലെ ആരാധനകളിൽ വിശ്വസ്തതയോടെ സംബന്ധിച്ചുപോന്നു. സ്റ്റോറുകൾ അടഞ്ഞുകിടക്കും. അടിയന്തിരഘട്ടങ്ങളിലല്ലാതെ, വാഹനങ്ങൾ പോലും ഓടുകയില്ല. പ്രത്യേക നിലയിൽ ദൈവത്തെ ആരാധിക്കുന്നതിനും സേവിക്കുന്നതിനും വിശ്വാസികൾ ആ ദിവസത്തെ വേർതിരിച്ചിരുന്നു. നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ, നിങ്ങൾ കർത്താവിന്റെ ദിനത്തെ സ്നേഹിക്കും എന്ന് അവർ ചിന്തിച്ചിരുന്നു.

എറിക്കിനു പതിനഞ്ചു വയസ്സുള്ളപ്പോൾ അവൻ തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനം കൈക്കൊ

ണ്ടു. ക്രിസ്തുവിനെ സ്വന്തം രക്ഷകനും കർത്താവുമായി അവൻ സ്വീകരിച്ചു. മത്സരങ്ങളിൽ പങ്കെടുക്കുമ്പോഴും അവൻ കർത്താവിനുതന്നേ മുൻഗണന നല്കിയിരുന്നു.

സ്വന്തം രാജ്യത്തെ ഒളിമ്പിക്സിൽ പ്രതിനിധീകരിക്കുക എന്നത് എറിക്കിന്റെ ജീവിതാഭിലാഷമായിയിരുന്നു. 1924-ൽ പാരീസിൽ നടക്കുന്ന ഒളിമ്പിക്സിൽ 100 മീറ്റർ ഓട്ടത്തിൽ പങ്കെടുക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അതിനുള്ള അവസരം ലഭിച്ചു. അവൻ ആഹ്ലാദിച്ചു. എന്നാൽ ആ കളി നടക്കുന്നത് ഒരു ഞായറാഴ്ചയാണ് എന്ന് ഒരു ടീമംഗം അവനോടു പറഞ്ഞപ്പോൾ അവന്റെ സന്തോഷത്തിനു മങ്ങലേറ്റു.

"അതു സാധ്യമല്ല, അതു സാധ്യമല്ല," എറിക്ക് വിലപിച്ചു. അവൻ ഒരു ഏകാന്തസ്ഥലത്തു പോയി പ്രാർഥനയിൽ സമയം ചെലവഴിച്ചു. മനസ്സിലൊരു തീരുമാനവുമായി അവൻ എഴുന്നേറ്റു. താൻ കർത്താവിനെയോ കർതൃദിവസത്തെയോ അനാദരിക്കുകയില്ല എന്ന് അവൻ തീരുമാനിച്ചു.

അവന്റെ തീരുമാനം വലിയ കോളിളക്കമുണ്ടാക്കി. "നീ നിന്റെ രാജ്യത്തെ വഞ്ചിച്ചു. നീയൊരു രാജ്യദ്രോഹിയാണ്. നിനക്ക് അങ്ങനെ ചെയ്യാൻ സാധ്യമല്ല," ബ്രിട്ടീഷ് ടീമിന്റെ മാനേജർ ഉറക്കെപ്പറഞ്ഞു. എറിക്ക് സാവധാനം മറുപടി പറഞ്ഞു, "കർതൃദിനത്തിൽ എനിക്ക് ഓടാൻ സാധ്യമല്ല."

എറിക്കിന്റെ പിൻവാങ്ങൽ വലിയ വാർത്തയായി. ബ്രിട്ടീഷ് കായിക സംഘടനാധികാരികൾ കോപിഷ്ഠരായി. ദിനപത്രങ്ങൾ അതിനിശിതമായി അവന്റെ തീരുമാനത്തെ വിമർശിച്ചു. അവന്റെ സ്നേഹിതന്മാരിൽ ചിലർ അവനെ ന്യായീകരിക്കാൻ ശ്രമിച്ചെങ്കിലും ഫലിച്ചില്ല. ജനപ്രിയനായിരുന്ന എറിക്ക് ഇപ്പോൾ കുഴപ്പക്കാരനായി.

എറിക് ബുള്ളറ്റിൻ ബോർഡ് വായിച്ചു. 400 മീറ്റർ മത്സര ഓട്ടം ഞായറാഴ്ചയല്ല നടത്തപ്പെടുന്നത് എന്നു മനസ്സിലാക്കി. അത് അവന്റെ ഇനമായിരുന്നില്ല, എങ്കിലും ശ്രമിക്കാമെന്നു വെച്ചു. അങ്ങനെ അവൻ മനേജരെ സമീപിച്ചു. 400 മീറ്ററിൽ

തനിക്കു പങ്കെടുക്കാൻ കഴിയുമോ എന്നു ചോദിച്ചു. പാരമ്പര്യ നയത്തിന് എതിരായിരുന്നങ്കിലും മാനേജർ അത് സമ്മതിച്ചു. ആദ്യമത്സരത്തിൽ എറിക്ക് വിജയം നേടി. വീണ്ടും ഓടി ജയിച്ചു, അതിവേഗം അവൻ സെമിഫൈനലിൽ എത്തി. ഒടുവിലിതാ, ഒളിമ്പിക്സിന്റെ ഫൈനലിൽ കടന്നിരിക്കുന്നു.

മത്സരത്തിനു മുമ്പെ ടീം മാനേജർ അവന്റെ കയ്യിലൊരു കഷണം പേപ്പർ നല്കി. "'എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും' എന്ന് ആ പഴയപുസ്തകത്തിൽ പറയുന്നു. എല്ലായ്പ്പോഴും നിനക്കു വിജയം ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു" എന്നായിരുന്നു ആ കുറിപ്പ്. 1 ശമുവേൽ 2:30-ലാണ് ഈ ബൈബിൾ വചനം. ഈ വചനം മത്സരഓട്ടത്തിൽ മുഴുവൻ ദൂരവും അവനോടൊപ്പം ഓടി!

ബ്രിട്ടീഷ് ടീമിനോടു സംസാരിച്ച ഒരുദ്യോഗസ്ഥൻ എറിക്കിന്റെ നേർക്കൊരു ഒളിയമ്പെയ്തു. "ജീവിതത്തിൽ അതിപ്രധാനം കളിക്കുക, കളിയിൽ പങ്കെടുക്കുക മാത്രമാണ്." പക്ഷേ, അതിന്റെ മുനയൊടിഞ്ഞുപോയി. ഏറിക്കിനു ജീവിതത്തിൽ പ്രധാനമായത് വേറെ ചിലതായിരുന്നു.

ഓട്ടക്കാർ ലൈനിൽ അണിനിരന്നു. എറിക്കിന്റെ നിര മോശമായിരുന്നു. മാത്രമല്ല, ആ ദിവസത്തെ ചൂട് അതികഠിനവുമായിരുന്നു. ഒളിമ്പിക്സിൽ അത് തികച്ചും അസാധാരണം.

എറിക്കിന്റെ ഓട്ടത്തിന്റെ സ്റ്റൈൽ മഹാ മോശമാണെന്നാണ് പ്രേക്ഷകർ പറഞ്ഞത്. കരങ്ങൾ ആടിക്കൊണ്ടിരുന്നു. മുഷ്ടികൾ അന്തരീക്ഷത്തെ ഇടിച്ചുകൊണ്ടിരുന്നു. മുട്ടുകൾ സ്റ്റെഡിയായിരുന്നില്ല. തല പുറകോട്ടാണു പിടിച്ചിരുന്നത്. അവനൊരു കാറ്റാടിയന്ത്രം പോലെയാണ് എന്ന് ചിലർ പറഞ്ഞു.

എന്നാൽ ലക്ഷ്യസ്ഥാനത്തിന് ഏകദേശം അമ്പതു മീറ്റർ സമീപിമെത്തിയപ്പോൾ തന്റെ വേഗം വർധിപ്പിക്കുന്നതിന് അവൻ പരമാവധി ശ്രമിച്ചു. മറ്റ് ഓട്ടക്കാരിൽനിന്നു മുന്നിലെത്തി. സ്വർണമെഡൽ നേടി. ഒരു ലോക റിക്കോർഡിന്റെ ഉടമയുമായി. ജീവചരിത്രകാരൻ ഇപ്രകാരം എഴുതി, "100 മീറ്റർ

ഓട്ടത്തിൽ അവൻ സ്വർണമെഡൽ നേടുമെന്ന ജനലക്ഷങ്ങളുടെ പ്രതീക്ഷകളെ കാറ്റിൽ പറത്തി. ജയിക്കുമെന്നു പ്രതീക്ഷിച്ചത് അതിലായിരുന്നു. എന്നാൽ ക്രിസ്തീയ അച്ചടക്കമായിരുന്നു അവനേറ്റവും പ്രധാനം. തികച്ചും അപ്രതീക്ഷിതമായി അവൻ 400 മീറ്ററിൽ വിജയം വരിച്ചപ്പോൾ തന്റെ രാജ്യം അവന്റെ കാൽച്ചുവട്ടിലമർന്നു."[9] "സ്കോട്ട്ലണ്ടിലുണ്ടായിട്ടുള്ളതിൽ ഏറ്റവും മഹാനായ മത്സരഓട്ടക്കാരനാണ് എറിക്ക് എന്നതിൽ അശേഷം സംശയമില്ല. അവന്റെ സ്വാധീനവും മാതൃകയും കഴിവുകളും അത്ര മഹത്തരമാണ്" എന്നത്രേ പ്രമുഖനായൊരു അത്ലെറ്റ് പറഞ്ഞത്.

പില്ക്കാലത്ത് എറിക് ചൈനയിലേക്കു മിഷനറിയായി പോയി. പുറപ്പെടുന്നതിനു മുമ്പ് എറിക്ക് സഹോദരിയോട് പറഞ്ഞു: "ജെന്നീ, ദൈവം എന്നെ ചൈനക്കുവേണ്ടി ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടെ നിർമിച്ചിരിക്കുന്നു. ദ്രുത ഓട്ടക്കാരനായിട്ടാണ് അവൻ എന്നെ സൃഷ്ടിച്ചത്. ഞാൻ ഓടുമ്പോൾ ദൈവത്തിന്റെ പ്രസാധം എനിക്ക് അനുഭവപ്പെടുന്നു."

ജപ്പാൻ ചൈനയെ കീഴടക്കിയപ്പോൾ എറിക്കിനെ ഒരു തടങ്കൽക്യാമ്പിലേക്ക് അയച്ചു. അവിടത്തെ സ്ഥിതി ദയനീയമായിരുന്നു. ഭക്ഷണവും വസ്ത്രവും ദുർലഭമായിരുന്നു. ടോയ്ലറ്റ് സൗകര്യങ്ങൾ പറയുകയും വേണ്ട. ക്യാമ്പിലെ അനുഭവങ്ങൾ മനുഷ്യരെ അരിഷ്ടരാക്കി. തടവുകാർക്ക് തമ്മിൽ വിശിഷ്യ, അമേരിക്കൻ ബിസിനസ്കാർക്ക് തമ്മിൽ വൈരാഗ്യവും ഭിന്നതയും ഉണ്ടായിരുന്നു.

പക്ഷേ, എറിക് വ്യത്യസ്തനാണ് എന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. അവൻ തന്റെ ക്രിസ്ത്യാനിത്വം ജീവിച്ചു കാണിച്ചു. സിയാവോചാങിൽ ചൈനീസ് ജനതയുടെ മധ്യത്തിൽ താൻ എങ്ങനെയായിരുന്നുവോ അതുപോലെ ക്യാമ്പിലും എറിക് തന്റെ ക്രിസ്താനുരൂപത്തെ പ്രദർശിപ്പിച്ചിരുന്നു. വെറുക്കപ്പെട്ട ബിസിനസുകാരനും വേശ്യയും എറിക്കിന്റെ സ്നേഹിതരാണ്. ബലഹീനർക്കു

പകരം എറിക്ക് കല്ക്കരി ചുമന്നുകൊണ്ടു പോകുന്നു, ചെറുപ്പക്കാരെ പഠിപ്പിക്കുന്നു, സ്വന്തം സ്വർണവാച്ച് വില്ക്കുന്നതിനും ഒടിഞ്ഞ ഹോക്കിസ്റ്റിക്ക് കെട്ടുന്നതിനുവേണ്ടി തന്റെ ബെഡ്ഷീറ്റുകൾ കീറിയെടുക്കുന്നതിനും എറിക് ഒരുമ്പെടുന്നു. ഇപ്പോഴും അതു പഴയ എറിക് തന്നെ. പഴയകർട്ടൻ തുന്നിയുണ്ടാക്കിയ ബഹുവർണഷർട്ട് ധരിച്ചു നടക്കുന്ന സാധാരണ മനുഷ്യൻ. അസാധാരണമായിട്ടൊന്നുമില്ല.[10]

തടവിൽ ജോലിചെയ്തിരുന്ന ഒരു റഷ്യൻവേശ്യ, ഫയലുകൾ ക്രമീകരിക്കാൻ ഒരു സഹായമഭ്യർഥിച്ചു. എറിക്ക് സന്തോഷത്തോടെ ആ സഹായം ചെയ്തു. "പ്രതിഫലം ആവശ്യപ്പെടാതെ അത് ചെയ്തുകൊടുത്ത ആദ്യത്തെയാൾ എറിക്ക് ആയിരുന്നു" എന്ന് അവൾ പറഞ്ഞു.

"എറിക്ക് എപ്പോഴെങ്കിലും ആരെക്കുറിച്ചും മോശമായൊരു വാക്കു പറയുന്നത് ഞാൻ ഒരിക്കലും കേട്ടിട്ടില്ല" എന്ന് ഒരു തടവുകാരൻ പറഞ്ഞു. "ഞാൻ അറിഞ്ഞിട്ടുള്ള ഏറ്റവും ക്രിസ്താനുരൂപനായ ക്രിസ്ത്യാനിയാണ് എറിക്" എന്നായിരുന്നു മറ്റൊരു തടവുകാരന്റെ പ്രതികരണം.

ഒരു ദിവസം എറിക് ഹാജരായില്ല എന്ന് ഒരു ജപ്പാനീസ് ഗാർഡ് കണ്ടുപിടിച്ചു. അപ്പോൾ ഒരാൾ പറഞ്ഞു, ചില മണിക്കൂറുകൾക്കു മുമ്പ് എറിക് മരണമടഞ്ഞു. "എറിക് ഒരു ക്രിസ്ത്യാനിയായിരുന്നു, അല്ലേ?" ഈ ഗാർഡ് ഒരിക്കലും എറിക്കുമായി സംസാരിച്ചിട്ടില്ല. പക്ഷേ, അവൻ എറിക്കിൽ ക്രിസ്തുവിനെ കണ്ടിട്ടുണ്ടാകണം.

ഏതെങ്കിലും ക്രൂരതയ്ക്കു വിധേയനായതുകൊണ്ടല്ല, ബ്രെയിൻട്യൂമർ ബാധിച്ചാണു എറിക് മരിച്ചത്. ഈ വിധ രോഗങ്ങൾ കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങൾ ക്യാമ്പ് ക്ലിനിക്കിൽ ഉണ്ടായിരുന്നില്ല. സ്കോട്ട്ലണ്ടുകാരിയായ നഴ്സ് ആനി ബുക്കനോട് എറിക് അവസാനമായി ഇങ്ങനെ പറഞ്ഞു: "ആനീ, ഇത് സമ്പൂർണസമർപ്പണമാണ്."

എറിക്കിന്റെ മരണവിവരം ഗ്ലാസ്ഗോയിൽ എത്തിയപ്പോൾ

സായാഹ്നവാർത്തയിൽ ഇപ്രകാരം പ്രസ്താവിച്ചു: "സ്കോട്ല ണ്ടിനെ സ്വജീവിതത്തിന്റെ ഓരോ മണിക്കൂറിലും അഭിമാനമ ണിയിച്ച പുത്രനെ അവൾക്കു നഷ്ടമായി."

സംസ്കാര ശുശ്രൂഷയിൽ ആർനോൾഡ് ബ്രൈസൻ എന്ന സീനിയർ മിഷനറി പറഞ്ഞു, ഇന്നലെ ഒരു മനുഷ്യൻ എന്നോട് ഇങ്ങനെ സംസാരിച്ചു: "എനിക്കറിയാവുന്ന സകല മനുഷ്യ രിലും, യേശുക്രിസ്തുവിന്റെ സ്വഭാവവും ജീവിതവും വിളങ്ങി വെളിപ്പെട്ടിരുന്നത് എറിക് ലിഡ്ഡെലിന്റെ ജീവിതത്തിൽ മാത്ര മായിരുന്നു." എറിക്കിനെ അടുത്തറിയാൻ ഭാഗ്യം ലഭിച്ചിരുന്ന നാമെല്ലാവരും ഈ വിലയിരുത്തലിനോട് യോജിക്കുന്നു. തന്റെ സമർപ്പണ ജീവിതത്തിന്റെയും ദൂരവ്യാപകമായ സ്വാധീനത്തി ന്റെയും രഹസ്യം എന്തായിരുന്നു? യേശുക്രിസ്തുവിൽ കാണു ന്ന അതേ വിധത്തിൽ ദൈവത്തോടുള്ള സമ്പൂർണ സമർപ്പ ണം. ദൈവ നിയന്ത്രിതമായ ജീവിതം ഒരിക്കലും പതറിയിട്ടി ല്ലാത്ത ഭക്തിയോടുകൂടെ അവൻ തന്റെ യജമാനനും കർത്താ വുമായവനെ അനുഗമിച്ചു. യഥാർഥ ഭക്തിയുടെ യാഥാർഥ്യവും ശക്തിയും അവന്റെ ജീവിതത്തിൽ കാണുവാൻ കഴിഞ്ഞു."

ഈ കഥയ്ക്ക് ഒരു അനുബന്ധമുണ്ട്. 1977-ൽ ബ്രിട്ടീഷ് മൂവി ഡയറക്ടർ ഡേവിഡ് പുട്നാം 1924-ഒളിമ്പിക്സിൽ എറിക് ലിഡ്ഡൽ നേടിയ വിജയത്തെക്കുറിച്ചു കേൾക്കാനിടയായി. മാനു ഷിക സ്വഭാവത്തിലെ ഹീനവശങ്ങളെ ചിത്രീകരിച്ചുകൊണ്ടു മിഡ്നൈറ്റ് എക്സ്പ്രസ് എന്ന പേരിൽ പുട്നാം ഒരു ഫിലിം സംവിധാനം ചെയ്തിരുന്നു. അത് ദോഷങ്ങളുടെ വർണന മാ ത്രമായതിനാൽ തനിക്കു കൈപ്പനുഭവമായിരുന്നു. അത് വമ്പിച്ച വിജയമായിത്തീർന്നതും അയാളെ നിരാശപ്പെടുത്തി. ഏറി ക്കിന്റെ കഥ, അതിനൊരു മധുരം പകരുമെന്നു പുട്നാം കരു തി. "ഇവിടെയിതാ, തന്നെക്കാൾ വലിപ്പത്തിൽ നിലകൊള്ളുന്ന ഒരു കഥാപാത്രം. ലൗകിക വിജയങ്ങൾക്കു മുമ്പിൽ ദൈവ ത്തോടുള്ള പ്രതിബദ്ധത മുന്നിൽ നിറുത്തുന്ന ഒരു മനുഷ്യൻ" എന്ന് അയാൾ പറഞ്ഞു.

അങ്ങനെയാണ് "ചാരിയറ്റ്സ് ഓഫ് ഫയർ" (അഗ്നിരഥങ്ങൾ) എന്ന ഫിലിം നിർമ്മിക്കപ്പെട്ടത്. അതൊരു ഹിറ്റ് ചിത്രമായിരുന്നു. ഒളിമ്പിക്സിലൊരു സ്വർണമെഡൽ നേടുന്നതിനെക്കാൾ, തന്റെ ആത്മബോധ്യ തത്വങ്ങളെ വിലയേറിയതായി കണ്ട ഒരു യുവാവിനെക്കുറിച്ചു, മനോബോധ്യങ്ങൾ നിമിത്തം വിട്ടുവീഴ്ചയ്ക്ക് ഒരുമ്പെടാത്ത സ്കോട്ലണ്ടുകാരനായ ഒരു ഓട്ടക്കാരനെക്കുറിച്ചു ലോകമെങ്ങും കേൾക്കാനിടയായി.

ഫിലിമിനു വലിയ സ്വീകരണം ലഭിച്ചു. 1981-ൽ ഓസ്കാർ അവാർഡു ലഭിച്ചു. ദൈവത്തെ മാനിച്ച ഒരു മനുഷ്യനെ ദൈവം മാനിച്ചവിധം നേരിൽ കണ്ട ജനങ്ങൾ കണ്ണീർ പൊഴിച്ചു. ന്യൂയോർക്കിലെ ഫിലിം നിരൂപകനായ റെക്സ് റീഡ്, "നിർമ്മിക്കപ്പെട്ടുള്ളതിൽവെച്ച് നല്ല ഒരു ഫിലിം. സാർവലൗകിക സത്യങ്ങളുടെ ആഴങ്ങളെ അത് സ്പർശിക്കുന്നു. ആധുനിക മാനദണ്ഡങ്ങളനുസരിച്ചു പഴഞ്ചനെന്ന് മുദ്രകുത്തപ്പെട്ട സുകൃതങ്ങളെ വിലമതിക്കുന്ന ഫിലിം എന്നു പറഞ്ഞു."

എറിക് 1924-ൽ സുപ്രസിദ്ധമായ തന്റെ ഓട്ടം ഓടി. അൻപത്തി ഏഴ് സംവത്സരങ്ങൾക്കുശേഷം, താൻ ഒരിക്കലും സങ്കല്പിക്കാത്ത വിധത്തിൽ തന്നെ ബഹുമാനിച്ച ഒരു ഫിലിം പുറത്തിറങ്ങി.

# 9

# തന്നെത്താൻ താഴ്ത്തിയ ഒരു ജനറൽ[12]

അമേരിക്കയിലെ ആഭ്യന്തരയുദ്ധം കഴിഞ്ഞു; വാഷിങ്ടണിൽ ഗംഭീരമായൊരു വിജയാഘോഷപരിപാടി നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടക്കുകയാണ്. ജനറൽ വില്യം ടെക്കുംസെഷെർമാനാണ് പരിപാടികളുടെ ക്രമീകരണച്ചുമതല. പെൻസിൽവേനിയാ അവന്യൂ വഴി വൈറ്റ് ഹൗസ് കടന്നാണു ഘോഷയാത്ര പോകുന്നത്. പ്രോട്ടോക്കോൾ അനുസരിച്ചു തന്റെ കീഴിലുള്ള ഒരു ഡിവിഷന്റെ മുമ്പിൽ ജനറൽ കുതിരപ്പുറത്തു മുമ്പിൽ പോകണം.

പരേഡ്ദിനം രാവിലെ ചെറിയൊരു തടസ്സം ഉണ്ടായി. ജനറൽ ഷെർമാൻ ജനറൽ ഒളിവർ ഓ ഹോവാർഡിനെ സമീപിക്കുമ്പോൾ അസ്വസ്ഥനായി കണപ്പെട്ടു. ടെന്നിസി, അറ്റ്ലാന്റാ സമരമുഖങ്ങളിൽ ജനറൽ ഹോവാർഡിന്റെ സൈന്യമാണ് സഹായിച്ചത്. ടെന്നിസീ സൈന്യത്തിന്റെ കമാൻഡറായി സ്ഥാനക്കയറ്റം ലഭിച്ച അദ്ദേഹം ഷെർമാൻ നയിച്ച സുപ്രസിദ്ധമായ "സമുദ്രത്തിലേക്കുള്ള മാർച്ചി"ൽ പങ്കെടുത്തിരുന്നു.

"ജനറൽ ഹോവാർഡ്, തങ്കളുടെ സൈനിക ഡിവിഷന്റെ മുമ്പിൽ പോകുന്നതിനു താങ്കളെയാണ് നിയോഗിച്ചിരിക്കുന്നത് എന്ന് അറിയാമല്ലോ."

"അതെ, സർ."

"ശരി, ഞാൻ താങ്കളോട് ഒരുപകാരം ചോദിക്കട്ടെ?"

"അങ്ങു കല്പിച്ചാൽ മതി, സർ."

"താങ്കൾക്കു മുമ്പ് സൈനിക ഡിവിഷന്റെ കമാൻഡർ ആയിരുന്ന ജനറൽ——തന്റെ മുൻ ഡിവിഷനെ നയിക്കുന്നിതിന് ആഗ്രഹിക്കുന്നു. കഴിഞ്ഞ യുദ്ധങ്ങളിൽ താങ്കൾ തന്നെയായിരുന്നു കമാൻഡർ എന്നു ഞാൻ അറിയുന്നു. പക്ഷേ, ഹോവാർഡ്, താങ്കൾ ഒരു വിശ്വാസിയാണ്, നിരാശയുണ്ടായാലും താങ്കൾ അത് ഗണ്യമാക്കുകയില്ല എന്ന് എനിക്കറിയാം. താങ്കൾ മാറി നിന്നിട്ടു പരേഡിൽ സൈന്യത്തെ നയിക്കുന്ന ബഹുമതി താങ്കൾ ജനറൽ——അനുവദിക്കുമോ?"

ഒരു നിമിഷം ജനറൽ ഹോവാർഡ് സ്തബ്ധനായിപ്പോയി. വളരെ വിശ്വസ്തതയോടും ത്യാഗത്തോടും കൂടെ തനിക്കു സേവനം നല്കിയ തന്റെ സൈനികരോടൊപ്പം പരേഡിൽ പങ്കെടുക്കുന്നത് പ്രതീക്ഷയോടെ അദ്ദേഹം കാത്തിരിക്കുകയായിരുന്നു. അവർ ഒരുമിച്ചു ജീവിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തു എന്നതിനാൽ സൈനിക ഔപചാരികതയ്ക്ക് അതീതമായൊരു സൗഹൃദം അവരുടെ മധ്യത്തിൽ ഉളവായിക്കഴിഞ്ഞിരുന്നു. തന്റെ സൈനികർ തനിക്കുവേണ്ടി മരിക്കാൻ ഒരുമ്പെടും. അന്യോന്യവും അവർക്ക് ആ മനോഭാവമുണ്ട്. സേവനത്തിനിടയിൽ അദ്ദേഹത്തിന്റെ ഒരു കരം നഷ്ടപ്പെട്ടിരുന്നു. ഇപ്പോഴിതാ, മുമ്പെ ഒട്ടും ഉണ്ടായിട്ടില്ലാത്തതും നീതീകരിക്കാനാകാത്തതുമായൊരു ആവശ്യമുന്നയിക്കുന്ന ഒരോഫീസർക്കു വേണ്ടി തന്റെ ബഹുമതിസ്ഥാനം ഒഴിഞ്ഞുകൊടുക്കുന്നതിന് ആവശ്യപ്പെടുകയാണ്!

എന്നാൽ ജനറൽ ഹോവാർഡ് സമനില വീണ്ടെടുത്തു. "അങ്ങയുടെ അപേക്ഷ എനിക്കു കല്പനയാണ്" എന്ന

സൈനിക മുദ്രാവാക്യമനുസരിച്ച് തന്റെ കമാൻഡിംഗ് ആഫീസറുടെ മുമ്പിൽ നിവർന്നു നിന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു: “അതെ, സർ, അങ്ങ് അത് ഈ വിധത്തിൽ എന്നോടു സംസാരിച്ചല്ലോ; ഞാൻ ഒരു വിശ്വാസിയാണ് എന്ന വസ്തുതയും ഓർക്കുന്നു. ഞാൻ അത് സന്തോഷത്തോടെ ചെയ്യുന്നു. ജനറൽ——ഈ സൈനിക ഡിവിഷനെ നയിച്ചുകൊള്ളട്ടെ.”

ജനറൽ ഷെർമാൻ ആശ്വാസത്തോടും അഭിമാനത്തോടും കൂടെ അദ്ദേഹത്തെ നോക്കിയിട്ടു പറഞ്ഞു: “ഹോവാർഡ്, താങ്കൾ അങ്ങനെ ചെയ്യാൻ സമ്മതിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. സകല സൈന്യത്തിന്റെയും മുമ്പിൽ എന്നോടൊപ്പം സൈനിക നിരകളെ നയിക്കുന്നതിനു ഞാൻ താങ്കളോട് അവശ്യപ്പെടുന്നു!”

സാധാരണ നിലയിലുള്ള മനുഷ്യരുടെ പെരുമാറ്റത്തിൽ നിന്നു വ്യത്യസ്തമായി ജനറൽ ഹോവാർഡ് ക്രിസ്തീയ മനോഭാവമാണു പ്രദർശിപ്പിച്ചത്. ക്രിസ്തുവിന്റെ ഭാവം സ്വീകരിച്ചതു മുഖാന്തരമുള്ള അപൂർവവിനയം അദ്ദേഹം പഠിച്ചു. താഴ്ന്ന സ്ഥാനം എടുക്കുന്നത് പ്രകൃതിക്കു വിരോധമാണല്ലോ. എന്നാൽ മറ്റൊരു വിധത്തിലും സംഭവിക്കുവാൻ സാധ്യതയില്ലാത്ത വിധത്തിൽ ഷെർമാൻ ഹോവാർഡിനെ ആദരിച്ചു.

# 10

# രോഗത്തിലും ആരോഗ്യത്തിലും[13]

റോബർട്ട്സൺ മക്ക്വിൽക്കിൻ കൊളംബിയാ ബൈബിൾ കോളജിന്റെയും സെമിനാരിയുടെയും പ്രസിഡണ്ടായിരുന്നു. യുവജനങ്ങളെ കർത്താവായ യേശുക്രിസ്തുവിനു പ്രയോജനമുള്ള ദാസന്മാരായി പരിശീലിപ്പിച്ചയക്കുന്നത് തന്റെ ജീവിതത്തിലെ വലിയ സന്തോഷമായിരുന്നു. ഈ ലക്ഷ്യപ്രാപ്തിക്കായി അദ്ദേഹം അക്ഷീണം അധ്വാനിച്ചുപോന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആത്മീയ പഠനകാര്യങ്ങളിൽ കോളജ് മികവുറ്റതാണെന്ന പ്രശസ്തി നേടിയിരുന്നു.

അതിനിടെ സകലും അവതാളത്തിലായി. തന്റെ ഭാര്യ മുരിയേലിന്റെ രോഗം ഗുരുതരമായി. വായിക്കുന്നതിനോ തന്റെ കലാരചനയുടെ കഴിവ് ഉപയോഗിക്കുനന്നതിനോ കഴിയാതെയായി. അവരുടെ എല്ലാ പൊതു ശുശ്രൂഷയും അവസാനിപ്പിക്കേണ്ടിവന്നു. തന്റെ സഹധർമണി ക്രമേണ ഓർമക്കുറവ് ഉള്ളവളായിത്തീരുന്നത് റോബർട്ട്സണു വേദനാജനകമായിരുന്നു. ഒടുവിലായി അവരുടെ ഡോക്ടർ നാലു സുവിശേഷങ്ങ

ളുടെ പേരു പറയുന്നതിന് അവരോട് ആവശ്യപ്പെട്ടു. അവർക്കതു സാധിച്ചില്ല. രോഗം നിർണയിക്കപ്പെട്ടു, മറവിരോഗം, അൽഷൈമേഴ്സ് ബാധിച്ചിരിക്കുന്നു.

ദീർഘവർഷങ്ങളായി അവർ റോബർട്സന്റെ വിശ്വസ്തയായ ജീവിതസഖിയാണ്. അവരെ കൂടാതെ, തന്റെ ഫലപ്രഥമായ ശുശ്രൂഷ നടത്തുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. ഇനി അദ്ദേഹം എന്തു ചെയ്യും! തന്റെ ഭാര്യയെ പരിചരിക്കുന്നതിനു ചില സഹായികളെ വെച്ചുകൊണ്ട് കോളെജിലെയും സെമിനാരിയിലെയും തന്റെ സേവനം തുടരുമോ? അതോ, തന്റെ സ്ഥാനം രാജിവെച്ച്, അവൾ ദീർഘകാലം തനിക്കു നല്കിയ കരുതലിൽ ഒരു ഭാഗമെങ്കിലും ശുശ്രൂഷിച്ചുകൊണ്ട് തിരിച്ചു നല്കാൻ സന്നദ്ധനാകുമോ?

അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കു തന്റെ തീരുമാനം വ്യക്തമായി. തനിക്കുവേണ്ടി ഇടിവിൽ നില്ക്കുന്നതിനും മുരിയേലിനു ക്രിസ്തീയ സ്നേഹവും ആർദ്രതയും നല്കുന്നതിനും മനസ്സൊരുക്കമുള്ള നിരവധി ആത്മാർഥ സ്നേഹിതരുണ്ട്. അത് കൊളംബിയായിലെ തന്റെ സേവനം തുടരുന്നതിനു തന്നെ സഹായിക്കും.

എന്നാൽ മരണം നമ്മെ വേർപിരിക്കുന്നതുവരെ രോഗത്തിലും ആരോഗ്യത്തിലും തന്റെ ഭാര്യയോടുകൂടെ ഉണ്ടായിരിക്കാമെന്നു താൻ പ്രതിജ്ഞയെടുത്തതല്ലേ? ഇപ്പോൾ അവർ രോഗാവസ്ഥയിലാണ്. പ്രതിജ്ഞ ലംഘിക്കാനാവില്ല. നിശ്ചയമായും മുരിയേലിന്റെ ജീവിതത്തിലൊരു അത്ഭുതം പ്രവർത്തിക്കുവാൻ ദൈവത്തിനു കഴിയും. അഥവാ അതുണ്ടായില്ലെങ്കിൽ റോബർട്സണിൽ ഒരു അത്ഭുതം പ്രവർത്തിക്കുവാൻ ദൈവത്തിനു കഴിയും. അദ്ദേഹം എന്തു ചെയ്യും? താൻ തന്റെ പ്രതിജ്ഞ പാലിക്കുമോ?

അതെ, അദ്ദേഹം തന്റെ പ്രതിജ്ഞ പാലിക്കും. ക്രിസ്തീയ സമൂഹത്തെ സ്തബ്ധമാക്കിക്കൊണ്ട് അദ്ദേഹം മുരിയേലിനെ അവരുടെ മാനസിക-ശാരീരിക ദാരുണാവസ്ഥയിൽ ശുശ്രൂഷി

ക്കേണ്ടതിനു കോളെജിന്റെയും സെമിനാരിയുടെയും പ്രസിഡന്റു പദവി രാജിവെച്ചു. "സമയം വന്നപ്പോൾ തീരുമാനം ഉറെച്ചതായിരുന്നു. അതിനു വലിയ കണക്കുകൂട്ടലൊന്നും ആവശ്യമായിരുന്നില്ല. അത് സത്യസന്ധതയുടെ, വിശ്വസ്തതയുടെ കാര്യമായിരുന്നു. ഞാൻ താത്വികചിന്തയിൽ അല്ല പദവി രാജിവെച്ചത്. എന്റെ ഭാര്യ, ഏകദേശം നാലു ദശകങ്ങൾ അത്ഭുതകരമായ ഭക്തിപൂർവം തന്നെ എന്നെ ശുശ്രൂഷിച്ചു. ഇനി എന്റെ ഊഴമാണ്. എത്ര ശ്രേഷ്ഠയായൊരു ജീവിതപങ്കാളിയായിരുന്നു അവൾ! നാല്പതു വർഷം ഞാൻ അവരെ പരിചരിച്ചിരുന്നു എങ്കിൽപോലും ആ കടം വീട്ടുവാൻ എനിക്കു കഴിയുമായിരുന്നില്ല." പതിനേഴു വർഷം റോബർട്സൺ മറവിലോകത്തിൽ മുരിയേലിനോടു കൂടെ നടന്നു. അദ്ദേഹം എഴുതി:

ഇപ്പോൾ അർധരാത്രിയാണ്, കുറഞ്ഞപക്ഷം മുരിയേലിനെങ്കിലും. പ്രഭാതം എപ്പോൾ വരുമെന്നു ഞാൻ കാത്തിരിക്കുകയാണ്. ഭയങ്കരമായ മറവിരോഗം ഇത്ര നേരത്തെ ആക്രമിക്കുകയോ ദീർഘമായി തുടരുകയോ ചെയ്യാറില്ല. എങ്കിലും അവരുടെ നിശബ്ദലോകത്തിൽ മുരിയേൽ സംതൃപ്തയാണ്, സ്നേഹവതിയാണ്. യേശു അവരെ ഭവനത്തിൽ ചേർത്തിരുന്നുവെങ്കിൽ അവരുടെ ശക്തവും മധുരവുമായ സാന്നിധ്യം എനിക്ക് ഏറെ നഷ്ടമാകുമായിരുന്നു. അതെ, എനിക്കു ക്ഷോഭം വരുന്ന ചില നിമിഷങ്ങൾ ഉണ്ട്, എപ്പോഴുമില്ല. കോപിക്കുന്നതിൽ അർഥമില്ല. ഒരുപക്ഷേ, എന്റെ ആത്മാവിനെ മെരുക്കുന്നതിനു ഞാൻ യൗവനത്തിൽ പ്രാർഥിച്ച പ്രാർഥനയ്ക്കു ദൈവം മറുപടി നല്കുകയായിരിക്കാം.

ഒരിക്കൽ എനിക്ക് ആത്മസംയമനം നഷ്ടമായി. മുരിയേലിനു നിൽക്കാനും നടക്കാനും കഴിഞ്ഞിരുന്നപ്പോൾ ഡയപ്പറുകൾ ഉപയോഗിച്ചിരുന്നില്ല. എങ്കിലും ചിലപ്പോൾ അബദ്ധങ്ങൾ സംഭവിച്ചിട്ടുണ്ട്. ഞാൻ മുട്ടിന്മേൽ നിന്നും ഇരുന്നുമാണ് ശുചീകരണം നടത്തിയിരുന്നത്. എന്തു ചെയ്യണമെന്നറിയാതെ അവർ ടോയ്ലറ്റിൽ നില്ക്കുമായിരുന്നു. സഹായത്തിനായി

അത്ര നിർബന്ധിക്കാതിരുന്നെങ്കിൽ കൊള്ളായിരുന്നു. ഞാൻ അധികമധികം നിരാശനായി. അവരെ നിറുത്തുന്നതിനു സഹായിക്കാൻ ഞാൻ കാലിൽ ഒരടികൊടുത്തു. പക്ഷേ, അവർ ഞെട്ടിപ്പോയി, ഞാനും ഞെട്ടി. ഞങ്ങളുടെ നാല്പത്തി നാലു വർഷത്തെ വിവാഹ ജീവിതത്തിൽ ഒരിക്കൽപോലും ഞാൻ കോപിക്കയോ ശാസിക്കയോ ചെയ്തുകൊണ്ട് ഭാര്യയെ തൊട്ടിട്ടില്ല അതിനു പരീക്ഷിക്കപ്പെട്ടിട്ടുമില്ല. എന്നാൽ എന്നെ അവർക്ക് ഏറ്റവുമധികം ആവശ്യമായിരുന്നപ്പോൾ ഞാൻ ഭാര്യയെ അടിച്ചു.

വിങ്ങിക്കരഞ്ഞുകൊണ്ട് ഞാൻ ഭാര്യയോടു മാപ്പപേക്ഷിച്ചു. അതു മറക്കുന്നതിനു യാചിച്ചു. എന്നാൽ അതൊന്നും അവർക്കു മനസ്സിലായില്ല. ഞാൻ കർത്താവിങ്കലേക്കു തിരിഞ്ഞു, ഞാൻ എത്രയധികം ദുഃഖിക്കുന്നുവെന്നു കർത്താവിനോടു പറഞ്ഞു. അതിൽ നിന്നൊരു മോചനത്തിനു പലദിവസങ്ങൾ വേണ്ടിവന്നു. ഒരു ദിവസം ആളിക്കത്താൻ ഇടയുള്ള തീപ്പൊരിയെ നനെച്ചുകളയുവാൻ ദൈവം ആ കണ്ണുനീർ കുപ്പിയിൽ എടുത്തിരിക്കാം.

ഇരുപത്തി രണ്ടു വർഷം താൻ വഹിച്ചിരുന്ന ബൈബിൾ കോളജിന്റെയും സെമിനാരിയുടെയും പ്രസിഡണ്ട് പദവിയിൽ നിന്നു റോബർട്ട്സൺ മക്ക്വിൽക്കിൻ വിരമിച്ചു. മറവിലോകത്തിൽ ആഴ്ന്നുപോയ തന്റെ ഭാര്യയെ പരിചരിക്കുന്നതിനാണ് അങ്ങനെ ചെയ്തത്.

ക്രിസ്റ്റ്യാനിറ്റി ടുഡേ എന്ന ക്രൈസ്തവമാസികയിൽ ഈ കഥ പ്രസിദ്ധീകരിച്ചിരുന്നു. വായനക്കാർ കണ്ണീരടക്കാൻ വളരെ പാടുപെട്ടു. കർത്താവിനെ അറിഞ്ഞിരുന്ന ചില ക്രൈസ്തവ ദമ്പതികളെ തങ്ങളുടെ വിവാഹ ഉടമ്പടി പുതുക്കുന്നതിലേക്കും അത് നയിച്ചു. മറ്റു ചിലർക്കു വിവാഹബന്ധത്തിന്റെ ഉൽകൃഷ്ടതയെക്കുറിച്ചു പുതിയൊരു കാഴ്ചപ്പാടു ലഭിച്ചു. മറ്റു ചിലർ റോബർട്സൺ മക്ക്വിൽക്കിന്റെ ജീവിതത്തിൽ യേശുവിനെ ദർശിച്ചു.

# 11

# എന്റെ ക്യാപ്റ്റൻ

മസാച്യുസെറ്റ്സിലെ മെൽറോസിൽ ഒരു ടീച്ചർ, വില്യം ഏണസ്റ്റ് ഹെൻലീയുടെ ഇൻവിക്ടസ് (അജയ്യൻ) എന്ന കവിത കാണാതെ പഠിച്ചു ക്ലാസിൽ ഉരുവിടുന്നതിനായി നല്കി. ഇംഗ്ലിഷ് സാഹിത്യത്തിലെ ഒരു പ്രാമാണിക രചനയായിട്ടാണ് ഈ കവിത അംഗീകരിക്കപ്പെട്ടിട്ടുള്ളത്. തന്റെ വിദ്യാർഥികൾക്ക് അത് സുപരിചിതമാകുമെന്ന് അധ്യാപിക കരുതി. അതിന്റെ ശക്തിയുടെ ആശയവും ആശ്രയമില്ലായ്മയും ധീരതയും ചിന്തയില്ലാത്ത മനുഷ്യരെ ഉത്തേജിപ്പിക്കുന്നതാണ്. അജയ്യൻ എന്ന അർഥമാണ് കവിതയുടെ ലത്തീൻ ശീർഷകമായ ഇൻവിക്ടസിനുള്ളത്.

സത്യത്തിൽ ഈ അജയ്യൻ അവിശ്വാസിയാണ്. ദൈവാസ്തിത്വത്തെ കവിത ചോദ്യം ചെയ്യുകയും ദൈവത്തെ പരിഹസിക്കുകയും ചെയ്യുന്നു. കവി സ്വയംപര്യാപ്തതയിൽ അഭിമാനിക്കുന്നു. തന്റെ വിധി നിർണയിക്കുന്നതിനു തനിക്കൊരു ദൈവത്തെ ആവശ്യമില്ല എന്നും താൻ എന്തു ചെയ്യണമെന്നു ദൈവം പറയേണ്ടതില്ല എന്നും കവി ശഠിക്കുന്നു. കവി സർവശക്തനെ നിഷേധിക്കുന്നു.

ഇതാ ആ കവിത:

**അജയ്യൻ**

ധ്രുവത്തിൽനിന്നു ധ്രുവത്തിലേക്കുള്ളതും
തുരങ്കം പോലെ കറുത്തതും
എന്നെ മൂടിയിരിക്കുന്നതുമായ അന്ധകാരത്തിൽനിന്ന്
എന്റെ അജയ്യമായ ആത്മാവിനായി
ഞാൻ ഏതെങ്കിലും ദൈവങ്ങളുണ്ടെങ്കിൽ അവർക്കു
നന്ദി പറയുന്നു.

സാഹചര്യങ്ങളുടെ കടുത്ത സമ്മർദങ്ങളിലോ
ഞാൻ കരയുകയോ വിങ്ങുകയോ ചെയ്തിട്ടില്ല
അവസരങ്ങളുടെ കഠിനദണ്ഡനങ്ങളാൽ
എന്റെ തലപൊട്ടി ചോരയൊഴുകുന്നു, പക്ഷേ,
ഞാൻ തലകുനിച്ചിട്ടില്ല.

ഈ ക്രോധത്തിന്റെയും കണ്ണീരിന്റെയും സ്ഥാനത്തിനപ്പുറം
നിഴലിന്റെ ഭീതി പൂഴ്ന്നു നില്ക്കുന്നു
സംവത്സരങ്ങളുടെ ഉപദ്രവങ്ങൾക്കു നടുവിലും
നിർഭയനായ എന്നെ കാണും, കണ്ടെത്തുകയും ചെയ്യും.

ഞാൻ കടന്നു പോകേണ്ട വാതിൽ എത്ര ഇടുങ്ങിയതോ
എന്റെ വിധിപ്പകർപ്പിൽ എത്രയധികം കുറ്റങ്ങൾ
ആരോപിക്കപ്പെടുന്നുവോ അതു സാരമില്ല
എന്റെ വിധിയുടെ യജമാനൻ ഞാൻ തന്നേ.
എന്റെ ആത്മാവിന്റെ ക്യാപ്റ്റൻ ഞാൻ തന്നേ.

**Invictus**

Out of the night that covers me,
Black as the pit from pole to pole.
I thank whatever gods may be
For my unconquerable soul.

In the fell clutch of circumstance
I have not winced nor cried aloud;
Under the bludgeonings of chance
My head is bloody but unbowed.

Beyond this place of wrath and tears
Looms but the horror of the shade,
And yet the menace of the years
Finds, and shall find me, unafraid.

It matters not how straight the gate,
How charged with punishment the scroll,
I am the master of my fate.
I am the captain of my soul.

എന്നാൽ ആ ക്ലാസിൽ എഡിത്ത് വയിൽ എന്ന വിശ്വാസിയായ പെൺകുട്ടിക്ക് ഇതൊരു പ്രശ്നമായി. ഈ കവിത ക്ലാസിൽ പരസ്യമയി ഉരുവിടുന്നത്, താൻ വിശ്വസിക്കുന്നതിന്റെ നിഷേധമാണ്. സ്വന്തം യജമാനനും ക്യാപ്റ്റനുമായി താൻ സ്വീകരിച്ചിരിക്കുന്നവനെ ഇത് അപമാനിക്കുന്നു.

വാസ്തവത്തിൽ ഇത് തന്റെ കർത്താവും രക്ഷിതാവുമായവനു നേരെയുള്ള ദൂഷണമായിരിക്കും എന്ന് അവൾ കരുതി. ഒരു കാര്യം മാത്രമേ ചെയ്യാനുള്ളൂ. അവൾ തന്റെ അധ്യാപികയെ സമീപിച്ചു. സൗമ്യതയോടെ തന്റെ സാഹചര്യം വിവരിച്ചു. താൻ മത്സരബുദ്ധിയോ ബഹുമാനമില്ലായ്മയോ കാണിക്കുകയല്ല. അധ്യാപിക ന്യായവാദം ചെയ്യാൻ ശ്രമിച്ചു. ആ കവിതയുടെ വികാരങ്ങളുമായി എഡിത്ത് യോജിക്കേണ്ടതില്ല, അത് മഹത്തായൊരു സാഹിത്യരചനയാണെന്ന് അവൾ മനസ്സിലാക്കണം. പക്ഷേ, അതുകൊണ്ട് പ്രയോജനമില്ല. എഡിത്ത് തീരുമാനമെടുത്തുകഴിഞ്ഞു. അവളുടെ ബോധ്യങ്ങൾക്കു വിട്ടുവീഴ്ചയില്ല.

ഇത് വാസ്തവത്തിൽ അനുസരണക്കേടാണ് എന്നു ടീച്ചർ കരുതി. ടീച്ചർ എഡിത്തിന്റെ കാര്യം സ്കൂൾ ഭരണസമിതിക്കു

റിപ്പോർട്ടു ചെയ്തു. പക്ഷേ, അത് അവിടെ തീർന്നില്ല. ആരോ ഈ വസ്തുത പ്രാദേശിക പത്രങ്ങൾക്കു നല്കി. വാർത്ത കാട്ടുതീപോലെ പടർന്നു. ഒരു വിദ്യാർഥിനി തന്റെ അധ്യാപികയെ അനുസരിക്കാതെ ശാഠ്യം കാണിക്കുന്നുവെന്നാണ് പത്രത്തിന്റെ മുൻപേജിൽ വാർത്ത വന്നത്. ദേശീയ പതാകയോടു കൂറു പ്രഖ്യാപിക്കാത്ത യഹോവാ സാക്ഷികളെപ്പോലെയാണ് എഡിത്ത് എന്ന് അവർ ആരോപിച്ചു. അമേരിക്കയ്ക്ക് എതിരായ ഏതോ അധോമതത്തിൽ ഉൾപ്പെട്ട മത്സരസമൂഹത്തിൽ ഉള്ളതാണ് എഡിത്ത് എന്ന് അവർ മുദ്രകുത്തി.

ആ ദേശത്തുള്ള സകലവിശ്വാസികളും എഡിത്തിനുവേണ്ടി തീക്ഷ്ണതയോടെ പ്രാർഥിച്ചു. ഒരു വിശ്വാസി ബുദ്ധിപൂർവമായ മറ്റൊരു നിർദേശവുമായി എഡിത്തിനെ സമീപിച്ചു. ഹെൻലീയുടെ കവിതയ്ക്കു ഡോറത്തി ഡേ എഴുതിയ ഒരു ക്രിസ്തീയ ഭാഷ്യമുണ്ട്. അജയ്യൻ എന്ന കവിതയുടെ സ്ഥാനത്ത്, ഈ ക്രിസ്തീയ ഭാഷ്യം ഉരുവിടുവാൻ ഒരുപക്ഷേ, ടീച്ചർ അനുവദിച്ചേക്കും എന്നു പറഞ്ഞു. അതുതന്നെയാണ് സംഭവിച്ചത്. ജൂഡിത്ത് ക്രിസ്തീയ ഭാഷ്യം കൊണ്ടുപോയി അധ്യാപികയെ കാണിച്ചു. അത്ഭുതമെന്നു പറയട്ടെ, ടീച്ചർ അത് സമ്മതിച്ചു. എഡിത്ത് ക്ലാസിന്റെ മുമ്പിൽനിന്നു കവിത ചൊല്ലി:

## എന്റെ ക്യാപ്റ്റൻ

ധ്രുവത്തിൽനിന്നു ധ്രുവത്തിലേക്കുള്ള പാതയിൽ
എന്നെ ചുറ്റി മിന്നുന്ന പ്രഭാവലയത്തിൽനിന്നു
എന്റെ ആത്മാവിന്റെ ജേതാവാകുന്നുവെന്നു ഞാൻ
അറിയുന്ന ക്രിസ്തുവിനെ എന്റെ ദൈവത്തെ ഞാൻ
സ്തുതിക്കുന്നു.

അവന്റെ സാഹചര്യ വീചികളിൽ
ഞാൻ ഭയപ്പെടുകയോ നിലവിളിക്കുകയോ ഇല്ല
യാദൃച്ഛികം എന്നു മനുഷ്യർ പറയുന്ന
നിയമത്തിനു മുമ്പിൽ

എന്റെ തലവണക്കി സന്തോഷത്തോടുകൂടെ ഞാൻ
നമിക്കുന്നു.

പാപത്തിന്റെയും കണ്ണുനീരിന്റെയും ഈ സ്ഥാനത്തിനപ്പുറം
അവനോടുകൂടെയുള്ള ജീവിതമുണ്ട്,
അവൻ എന്റെ സഹായകനാണ്
സംവത്സരങ്ങളുടെ ഉപദ്രവങ്ങൾക്കു നടുവിലും
അവൻ എന്നെ കാക്കുന്നു; കാത്തു
പരിപാലിക്കുകയും ചെയ്യും.

വാതിൽ ഇടുങ്ങിയതാണെങ്കിലും എനിക്കു ഭയമില്ല
കുറ്റപത്രത്തിൽനിന്ന് അവൻ എന്നെ കുറ്റവിമുക്തയാക്കി
ക്രിസ്തുവത്രെ എന്റെ വിധിയുടെ യജമാനൻ,
ക്രിസ്തു തന്നേ എന്റെ ആത്മാവിന്റെ ക്യാപ്റ്റൻ.

**My Captain**

Out of the light that dazzles me,
Bright as the sun from pole to pole,
I thank the God I know to be
For Christ, the Conquerer of my soul.

Since His the sway of circumstance
I would not wince nor cry aloud.
Under that rule which men call chance
My head with joy is humbly bowed.

Beyond this place of sin and tears
That life with Him! And His the aid
That, 'spite the menace of the years,
Keeps, and shall keep me unafraid.

I have no fear though strait the gate,
He cleared from punishment the scroll;
Christ is the Master of my fate,
Christ is the Captain of my soul.

ദൈവം മനുഷ്യരുടെ ക്രോധത്തെ അവനെ സ്തുതിക്കുമാറാക്കി. ക്രിസ്തുവിനോടുള്ള തന്റെ ഭക്തിനിമിത്തം വാക്കുകളാൽ പരിഹാസമേല്ക്കുവാൻ മനസ്സുവച്ച, ധീരയായൊരു യുവവിശ്വാസിയുടെ നിലപാടു ശരിയാണെന്നു ദൈവം തെളിയിച്ചു. ഒഴിച്ചുമാറ്റാൻ കഴിയാത്ത ക്രിസ്തുവുമായി അനേകരെ ദൈവം മുഖാമുഖം വരുമാറാക്കി. സകല ലോകവും നിങ്ങൾക്കെതിരാണെന്നു തോന്നുമ്പോൾ, യേശുവിനോടു വിശ്വസ്തരായിരിക്കുന്നതിനു നിങ്ങൾക്കു നട്ടെല്ല് ആവശ്യമാണ്. അങ്ങനെയുള്ളവരിൽ ഒരാളായിരുന്ന എഡിത്ത് വയിൽ.

# 12

# സാമൂഹ്യ പരിത്യക്തരുടെ സ്നേഹിതൻ

ന്യൂയോർക്ക്, ഷ്രൂൺ ലേയ്ക്കിലെ വേഡ് ഓഫ് ലൈഫ് ക്യാമ്പിന്റെ സ്ഥാപകനും ഡയറക്ടറുമായിരുന്നു ജായ്ക്ക് വിർട്സൻ. വേനൽമാസങ്ങൾ ബൈബിൾ കോൺഫെറൻസുകളും യുവജനക്യാമ്പുകളും കൊണ്ട് തിരക്കേറിയതായിരിക്കും. നഷ്ടപ്പെട്ടവരെ ക്രിസ്തുവിലേക്കു നേടുക, വിശ്വാസികളെ വിശ്വാസത്തിൽ ശക്തിപ്പെടുത്തുക, പ്രാദേശിക ക്രിസ്തീയ സഭകളെ ബലപ്പെടുത്തുക എന്നിവയാണ് പ്രവർത്തനലക്ഷ്യങ്ങൾ. ജായ്ക്ക് ഒരു ആത്മീയ നേതാവും ഊർജസ്വലനായ ഒരു വ്യക്തിയുമായിരുന്നു. ഭരണകാര്യങ്ങൾ നിർവഹിക്കുക, സന്ദേശങ്ങൾ തയ്യാറാക്കുക, അതിഥികളെ സ്വീകരിക്കുക, ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ മറ്റെല്ലാ നടപടികളും നിർവഹിക്കുക എന്നീ കാര്യങ്ങൾ അദ്ദേഹത്തിന്റെ ദൈനംദിന പരിപാടികളിൽ ഉൾപ്പെട്ടിരുന്നു.

ഒരു വർഷത്തെ മുതിർന്നവരുടെ കോൺഫെറൻസിൽ ബുദ്ധിമുട്ടുളവാക്കുന്ന അസുഖമുള്ള ഒരു വിശ്വാസി സംബന്ധിച്ചിരുന്നു. ആ സഹോദരൻ ഭക്ഷണമുറിയിലായിരിക്കു

മ്പോൾ അത് പ്രത്യേകം ദൃശ്യമായിരുന്നു. ഭക്ഷണം വിളമ്പുന്നതിനു മുമ്പെ, ആരെങ്കിലും ഒരു ന്യൂസ്പേപ്പർ എടുത്ത് തന്റെ വായ്ക്കു താഴെ ഘടിപ്പിച്ചു നെഞ്ചും മടിയും മറയ്ക്കുന്നതായിരിക്കും. അയാൾ വായിൽ ഭക്ഷണം എത്തിക്കുമ്പോൾ അതിൽ അല്പം മാത്രമേ തിനിക്ക് അകത്താക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. വായുടെ പേശികൾക്കു കേടു സംഭവിച്ചിരുന്നതിനാൽ ഭക്ഷണത്തിന്റെ ശേഷിച്ച ഭാഗം ന്യൂസ് പേപ്പറിൽ വീഴും. അയാൾ ആ കാര്യത്തിൽ നിസ്സഹായനായിരുന്നു. തനിക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. തന്റെ പല ശാരീരിക വൈകല്യങ്ങളിൽ ഒന്നു മാത്രമായിരുന്നു അത്. ഈ വിശുദ്ധൻ തന്റെ ദയനീയ സ്ഥിതിയിലും ദൈവവചനം ശ്രദ്ധിച്ചുകേൾക്കയും കോൺഫെറൻസിൽ സംബന്ധിക്കയും ചെയ്തിരുന്നു.

മറ്റു അതിഥികൾ അയാളുടെ മേശ ഒഴിവാക്കിയിരുന്നു. മാന്യമായി ഭക്ഷിക്കുന്നതിന് അനുയോജ്യമായൊരു സ്ഥാനമായിരുന്നില്ല അത്. പലർക്കും അത് ബുദ്ധിമുട്ടാകും. ചിലർക്കു വിശപ്പില്ലാതാകും. ഇതെല്ലാം കൊണ്ട് ആ ദൈവപൈതൽ തന്റെ ഭക്ഷണമേശയിൽ ഏകനായി ഇരിക്കുമായിരുന്നു.

തന്റെ ജോലിത്തിരക്കു നിമിത്തം ജായ്ക്ക് അപൂർവമായി മാത്രമേ ഭക്ഷണമുറിയിൽ സമയത്തിന് എത്തിയിരുന്നുള്ളൂ. അപ്പോഴേക്കും അതിഥികൾ ഭക്ഷിക്കാൻ തുടങ്ങിയിരിക്കും. സംഭാഷണങ്ങൾകൊണ്ട് ഭക്ഷണശാല മുഖരിതമാകും. ഒടുവിൽ ജായ്ക്ക് വരുന്നത് അതിഥികൾ കാണുമ്പോൾ തങ്ങളുടെ ടേബിളിലേക്കു വരുന്നതിനു തന്നെ ഉത്സാഹപൂർവം ക്ഷണിക്കും.

പക്ഷേ, ജായ്ക്ക് ഒരിക്കലും അങ്ങനെ ചെയ്തിരുന്നില്ല. പരിത്യക്തനായ സഹോദരൻ ഏകനായി ഇരുന്നു ഭക്ഷിക്കുന്ന മേശയിലേക്ക് അദ്ദേഹം പോകുമായിരുന്നു. യേശു ആയിരുന്നെങ്കിൽ അതു തന്നേ ചെയ്യുമായിരുന്നു. അങ്ങനെ ചെയ്തതിലൂടെ ജായ്ക്ക് ഏറ്റവും നല്ലൊരു സന്ദേശമാണു പ്രസംഗിച്ചത്. രക്ഷകൻ ഏറ്റവും ചെറിയവനോട് ചേർന്നുകൊള്ളുന്നവൻ ആയി

രുന്നുവെന്നു അദ്ദേഹം നിശബ്ദമായി മറ്റുള്ളവരെ ഓർമിപ്പിച്ചു. ഏറ്റവും ചെറിയവനോടും ഒടുക്കത്തവരോടും യേശു പ്രതികരിച്ചു. താഴ്ന്നവരുമായി ചേർന്നുകൊള്ളുവാൻ കർത്താവ് നമ്മെ ക്ഷണിക്കുന്നു. മഹാന്മാരുടെ മഹൽസംഘത്തിൽ ഉൾപ്പെടുവാൻ നാം ആഗ്രഹിക്കരുത് (റോമർ 12:16,18) പിന്നെയോ എളിയവരോടു ചേർന്നുകൊള്ളണം.

തങ്ങളുടെ മേശയിൽ ജായ്ക്ക് ഇരിക്കുന്നത് ഒരു പദവിയുടെ ചിഹ്നമായി ആളുകൾ കണ്ടിരുന്നു. അദ്ദേഹം റേഡിയോ പ്രഭാഷകനാണ്; പ്രശസ്തനായ സുവിശേഷകനും വളർന്നുകൊണ്ടിരിക്കുന്ന ക്രിസ്തീയ സംഘടനയായ വേഡ് ഓഫ് ലൈഫിന്റെ ഡയറക്ടറുമാണ്. ഭവനങ്ങളിൽ മടങ്ങിയെത്തി തങ്ങൾക്കു ജായ്ക്ക് വിർട്ട്സനെ അറിയാം എന്നു സനേഹിതരോടു പറയുന്നത് അവർ അഭിമാനമായി കരുതി. എന്നാൽ ജായ്ക്ക് ക്രിസ്തുവിനെ ജീവിച്ചു കാണിച്ചുകൊടുത്ത ഒരു എളിയ വിശ്വാസിയായിരുന്നു. അതിനാൽ പ്രത്യേക പദവിയും സ്ഥാനവും ഭക്ഷണമേശയിലെ ആ പരിത്യക്ത വിശ്വാസിക്ക് അദ്ദേഹം നല്കി.

# 13

# വിദ്വേഷത്തിനു പകരം ദയകാണിക്കുക[14]

ക്യൂബസ് എന്ന പേരു കേൾക്കുമ്പോൾ അയാളൊരു ക്യൂബക്കാരനാണെന്നു നിങ്ങൾ ചിന്തിച്ചേക്കാം പക്ഷേ, അയാൾ ക്യൂബക്കാരനല്ല. ഓസ്കാർ ക്യൂബസ് ഹോണ്ടുറാസ് സ്വദേശിയാണ്. നിക്കരാഗ്വയുടെ അതിർത്തിപ്രദേശത്ത് കർത്താവിനെ സേവിക്കുന്നു. ഹോണ്ടുറാസിലെ അസംബ്ലികളിൽനിന്നു കർത്താവിന്റെ പൂർണസമയ ശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ട ആദ്യത്തെ ദേശീയ കർതൃദാസനാണ് ക്യൂബസ്. അതൊരു നല്ല ആദരവായിരുന്നു. തൗകിൽ എന്ന ഗ്രാമത്തിൽ ഒരു പുതിയ സഭ സ്ഥാപിക്കുന്നതിനു കർത്താവ് ക്യൂബസിനെ ഉപയോഗിച്ചു.

വിദ്യാഭ്യാസം ലഭിക്കാതിരുന്ന ഒരു എളിയ വിശ്വാസിയാണ് ഓസ്കാർ. ദൈവവചനത്തിലുള്ള ആഴമായ വിശ്വാസവും വചനം മറ്റുള്ളവരുമായി പങ്കുവെക്കുന്നതിനുള്ള അഭിവാഞ്ഛയുമാണ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്ത്. കൂടാതെ, താൻ ബൈബിളിൽനിന്നു പഠിച്ചത് പ്രായോഗികമാക്കു

ന്നതിനും ക്യൂബസ് ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടുതന്നേ അയാൾ താഴ്മയും ക്ഷമയും സ്നേഹവും ദയയും ഉള്ളവനായിരുന്നു.

തൗകിൽ ഒരു കമ്യൂണിസ്റ്റ് ഗ്രാമമായിരുന്നു. ഗ്രാമീണർ സാൻഡിനിസ്റ്റാസിനോട് അനുഭാവവും കൂറും ഉള്ളവരായിരുന്നു. എന്നാൽ കൂടുതൽ കൂടുതൽ ആളുകൾ ക്രിസ്തുവിലേക്കു വരികയും സഭ വളരുകയും ചെയ്തപ്പോൾ, ആ ഗ്രാമീണജനതയുടെ മേലുണ്ടായിരുന്ന കമ്യൂണിസ്റ്റുകാരുടെ പിടി അയഞ്ഞു. വിശ്വാസികൾ രാഷ്ട്രീയത്തിൽ ഇടപെട്ടതുകൊണ്ടല്ല, അവർ അശേഷം ഇടപെട്ടിരുന്നില്ല. പിന്നെയോ, വിശ്വാസികൾ തങ്ങളുടെ സമൂഹത്തിന് ഉപ്പും വെളിച്ചവുമായിരുന്നതിനാലാണ്; അവരുടെ ധാർമികവും ആത്മികവുമായ സ്വാധീനം ഗ്രാമീണരിൽ പ്രതിഫലിച്ചു.

കാലങ്ങൾ കഴിഞ്ഞപ്പോൾ ഓസ്കാർ ഒരു പ്രശ്നം നേരിട്ടു. എതൊരു നല്ല ദൈവദാസനെയും സന്തോഷിപ്പിക്കുന്ന ഒരു പ്രശ്നം. വേല വളർന്നപ്പോൾ സഭെക്ക് ഒരു കെട്ടിടം ആവശ്യമായിവന്നു. അതുവരെയും ആ വിശുദ്ധന്മാർ വീടുകളിലാണ് കൂടിവന്നിരുന്നത്, ഇപ്പോഴത് സാധ്യമാകാതെ വന്നു. വിശ്വാസികളുടെ വീടുകൾ ചെറുതാണ്. അങ്ങനെ സഭയിലെ വിശ്വാസികൾ അല്പം വസ്തു വാങ്ങി. പകുതി ഭാഗത്ത് ചാപ്പൽ പണിയുന്നതിനും മറ്റൊരു ഭാഗത്ത് ഓസ്കാറിനും കുടുംബത്തിനും ഒരു ഭവനം നിർമിക്കുന്നതിനും അവർ തീരുമാനിച്ചു.

തങ്ങൾ വാങ്ങിയ വസ്തു ഗ്രാമത്തിലെ ഒരു കമ്യൂണിസ്റ്റ് നേതാവായ സാന്റോസിന്റെ വസ്തുവിനോടു ചേർന്നു കിടക്കുന്നതാണ് എന്ന് ആദ്യം വിശ്വാസികൾ മനസ്സിലാക്കിയില്ല. ഈ മനുഷ്യനാകട്ടെ, വിശ്വാസികളോട് അനുഭാവമുള്ളവനുമല്ല. തൗകിലിൽ കമ്യൂണിസത്തിന്റെ സ്വാധീനം കുറഞ്ഞുപോയതിൽ അയാൾ അസ്വസ്ഥനായിരുന്നു. അയാൾ ഓസ്കാറിനെ ശല്യപ്പെടുത്താൻ തുടങ്ങി. ഒരിക്കൽ ഉണങ്ങി നിന്ന ഒരുമരം മുറിച്ചുവെന്ന വ്യാജാരോപണത്തിന്മേൽ ഓസ്കാറിനെ ജയിലിലാക്കുന്നതിൽ അയാൾ വിജയിക്കുകയും ചെയ്തു. എന്നാൽ

അധികാരികൾ അന്വേഷണം നടത്തി. ഓസ്കാറിന്റെ മേലുള്ള ആരോപണം കളവാണെന്നു കണ്ടെത്തി. ഓസ്കാറിനെ മോചിപ്പിച്ചു.

ഓസ്കാർ പ്രതികാരത്തിനു തുനിഞ്ഞുവോ? തന്റെ അയല്ക്കാരനെ അയാൾ തള്ളിപ്പറഞ്ഞുവോ? തന്നെത്തന്നെ ന്യായീകരിക്കുവാൻ ശ്രമിച്ചുവോ? ഇല്ലാ, തനിക്കു സഹിക്കേണ്ടിവന്ന എല്ലാ മോശമായ പെരുമാറ്റത്തിന്റെ മുമ്പിലും അയാൾ ക്രിസ്തുവിന്റെ മനോഭാവം ഉള്ളവനായിരുന്നു. ഈ ലോകപ്രകാരമല്ലാത്ത തന്റെ പെരുമാറ്റത്തിലൂടെ ഓസ്കാർ തന്റെ ഗ്രാമീണരെ അത്ഭുതപ്പെടുത്തി. തൗകിലിലെ ആളുകൾ അങ്ങനെ ആയിരുന്നില്ല.

ചാപ്പലിന്റെ പണി പൂർത്തിയായശേഷം അയാൾ തന്റെ വീടു പണിയാൻ ആരംഭിച്ചു. അത് സാന്റോസിന്റെ വേലിക്കപ്പുറമായിരുന്നു. അടുക്കളമുറി സാന്റോസിന്റെ വീടിനു സമീപമായിരുന്നു. ആഹാ! അങ്ങനെയോ? അസന്തുഷ്ടനായ അയല്ക്കാരൻ തികച്ചും കഠിനമായത് ചെയ്തു. അയാൾ തന്റെ വേലിയോടു ചേർത്ത് പുറത്തൊരു കക്കൂസ് പണിയിച്ചു. അവിടെ നിന്നുള്ള ദുർഗന്ധം ഓസ്കാറിന്റെ അടുക്കളയിൽ വ്യാപിക്കും. എല്ലാ ഭക്ഷണസാധനങ്ങളും മലിനമാകും. ഓസ്കാർ ഒന്നും പറഞ്ഞില്ല. കാണുമ്പോഴെല്ലാം അയാൾ സാന്റോസിനെ സ്നേഹത്തോടും ബഹുമാനത്തോടും അഭിവാദനം ചെയ്തുപോന്നു. പകരം ചെയ്യണമെന്ന ചിന്തപോലും അയാൾക്കുണ്ടായില്ല. തന്റെ എളിയ വിശ്വാസത്തിൽ യുദ്ധം യഹോവയ്ക്കുള്ളത് എന്ന് ഓസ്കാർ വിശ്വസിച്ച് ഉറച്ചു നിന്നു. യഹോവയുടെ രക്ഷ കാണുന്നതിൽ അയാൾ സംതൃപ്തനായിരുന്നു.

ആ കക്കൂസ് നന്നായി പണിതത് ആയിരുന്നില്ല. ഒരു ദിവസം സാന്റോസ് അതുപയോഗിച്ചപ്പോൾ അത് മുഴുവൻ തകർന്നു വീണു. ഈ ദയനീയ രംഗത്തിനുമേൽ അനുകമ്പയുടെ ഒരു മൂടുപടം നമുക്കു വിരിക്കാം. അപമാനിതനായ ആ മനുഷ്യൻ, താൻ ദൈവത്തിനെതിരേ പോരാടുകയാണെന്നു തിരിച്ചറിഞ്ഞു. ആ പോരാട്ടത്തിൽ താൻ ദയനീയമായി പരാജയപ്പെടുകയാണ്.

തർസൊസിലെ ശൗലിനെപ്പോലെ അവൻ മുള്ളിനെതിരേ ഉതെക്കുകയാണ്. ആ ദിവസത്തെ അനുഭവം ആവർത്തിക്കുന്നതിന് അയാൾ അശേഷം ആഗ്രഹിച്ചില്ല.

ഇനിയിതാ, നമ്മുടെ മുമ്പിൽ സദ്വാർത്തയാണ്. ഈ ദയനീയ സംഭവത്തിനൊരു സന്തോഷപര്യവസാനമുണ്ടായി. അത് സാന്റോസിനെ ക്രിസ്തുവിങ്കലേക്കു നയിക്കുന്നതിനു മുഖാന്തരമായി. ഈ സംഭവം ഞങ്ങളോടു വിവരിച്ച സഹോദരൻ പറഞ്ഞത് ഇങ്ങനെ: "ഇതിലെ അത്ഭുതകാരിയായ വസ്തുത, സാന്റോസ് തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചപ്പോൾ അയാൾ സമ്പൂർണമായും തന്നെ കർത്താവിനു നല്കി. അയാൾ ഇന്നു ചെറിയ സഭാ കൂട്ടായ്മയിൽ നല്ല വിശ്വാസിയായി ജീവിച്ചുകൊണ്ട് മറ്റുള്ളവരുമായി സജീവമായി ഇടപെട്ടു പോരുന്നു." സങ്കീർത്തനക്കാരൻ പറയുന്നു: "യഹോവ തന്റെ ജനത്തിൽ പ്രസാദിക്കുന്നു" (149:4). ഓസ്കാർ ക്യൂബസിനെപ്പോലുള്ള ഒരു മനുഷ്യന്റേമേൽ ദൈവം പ്രസാദിക്കുന്നതെങ്ങനെ എന്നു കാണുന്നത് എളുപ്പമാണ്. സ്വന്തം ഭവനത്തിൽ അഭ്യസനം പ്രാപിച്ച ഈ വിശ്വാസി ക്രിസ്തുവിന്റെ മാതൃകവെളിപ്പെടുത്തി. നന്മചെയ്യുന്നതിൽ കഷ്ടതയുണ്ടായപ്പോൾ ക്ഷമയോടെ സഹിച്ചു. സ്വന്തം അവകാശങ്ങൾക്കു വേണ്ടി വാദിക്കുന്നതിനെക്കാൾ ദോഷം സഹിക്കുവാൻ ഇഷ്ടപ്പെട്ടു. തന്നെ ഉപദ്രവിച്ചവർക്കുവേണ്ടി അയാൾ പ്രാർഥിച്ചു. ശേഷം ചെയ്യുന്നതിനു കർത്താവിനെ അനുവദിച്ചു. അവൻ പ്രതികാരം ചെയ്തില്ല.

ഇത്രയും പറഞ്ഞു കഴിഞ്ഞശേഷം ചോദിക്കട്ടെ, വിശ്വാസികൾ എന്തുകൊണ്ട് പ്രതികാരം ചെയ്യാത്തവരായിരിക്കണം? അതിന്റെ ഉത്തരം ഇതാണ്, സമൂഹത്തിലെ മറ്റുള്ളവർ ചെയ്യുന്നതുപോലെ വിശ്വാസികളായ നാമും ചെയ്യുന്നുവെങ്കിൽ, നാം നമ്മുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുകയാണ്. ക്രിസ്തുവിൽ നമ്മുടെ സാക്ഷ്യത്തിന്റെയും രക്ഷണ്യകൃപയുടെയും ബാഹ്യദർശനം സൗമ്യതയാണ്. വിശ്വാസികൾ പ്രതികാരത്തിനു മുതിരുമ്പോൾ, സഭയുടെ മുഴുദൗത്യവും സുവിശേഷത്തിന്റെ മുഴുസാക്ഷ്യവും കളങ്കപ്പെടുന്നു, പരാജയപ്പെടുന്നു എന്നർഥം.[15]

# 14

# അവൻ മറ്റേ ചെകിട് കാണിച്ചു[16]

ഒരു യുദ്ധം പൊട്ടിപുറപ്പെടുമ്പോൾ, സ്ത്രീപുരുഷന്മാരെ സൈനികസേവനത്തിനു വിളിക്കുന്നതാണ് ഈ കഥയുടെ പശ്ചാത്തലം. ഇതിന്റെ പ്രാരംഭം എങ്ങനെയായിരുന്നുവെന്നു അറിയുന്നില്ല. ഇത് പല പ്രാവശ്യം ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

ഡോ. ജെ. സ്റ്റ്യൂവർട്ട് ഹോൾഡൻ എന്ന ബ്രിട്ടീഷ് പ്രസംഗകൻ പറഞ്ഞ ഈ കഥ, അതിൽ പങ്കാളിയായ ഒരാൾ നേരിട്ടു തന്നോടു പറഞ്ഞതാണ്. അതിനാൽ ഇത് ആധികാരികമായി നമുക്ക് അംഗീകരിക്കാം.

രണ്ടാം ലോകമഹായുദ്ധത്തിന്റെ സമാപനത്തിൽ ഹോൾഡൺ ഒരു ബ്രിട്ടീഷ് സെർജന്റിനെ ഈജിപ്തിൽവെച്ച് നേരിൽ കണ്ടു. സെർജന്റ് ഒരു നല്ല വിശ്വാസിയായിരുന്നു. താൻ കർത്താവായ യേശുവിലേക്കു വന്നത് എങ്ങനെയായിരുന്നുവെന്നു സെർജന്റിനോടു ഹോൾഡൺ ചോദിച്ചു. ഈജിപ്തിൽ വരുന്നതിനു മുമ്പ് അദ്ദേഹത്തെ മാൾട്ടയിൽ നിയോഗിച്ചിരുന്നു. തന്റെ കമ്പനിയിൽ, മറ്റുള്ളവരോടു യേശുവിനെക്കുറിച്ചു

സാക്ഷിക്കുന്നതിൽ അശേഷം ലജ്ജിക്കാത്ത ഒരു പട്ടാളക്കാരൻ ഉണ്ട്. മറ്റു സൈനികർ അയാളെ നിരന്തരം ശല്യപ്പെടുത്തുമായിരുന്നുവെങ്കിലും അത് തന്റെ സുവിശേഷ പ്രവർത്തനത്തെ തടഞ്ഞിരുന്നില്ല.

സെർജന്റ് പറഞ്ഞു: "ഒരു രാത്രി ഞങ്ങൾ എല്ലാവരും നനഞ്ഞു കുളിച്ചു ക്ഷീണിതരായി ബാരാക്കിൽ എത്തി. തന്റെ ബങ്കിനുള്ളിൽ ഇഴഞ്ഞു കയറുന്നതിനു മുമ്പ് ഇയാൾ മുട്ടുകുത്തി പ്രാർഥിച്ചു. എനിക്കു കിട്ടയ അവസരം! എന്റെ ബൂട്ട്സ് ചെളിയിൽ മുങ്ങിയിരുന്നു. ഞാൻ കാലുയർത്തി അവന്റെ ഒരു ചെകിട്ടത്ത് ചവിട്ടി. പിന്നീടു മറ്റേ ബൂട്ട് എടുത്ത് അവന്റെ മറ്റേ ചെകിട്ടിൽ എറിഞ്ഞു. അവൻ പ്രാർഥിച്ചു കൊണ്ടേയിരുന്നു."

"അടുത്ത പ്രഭാതത്തിൽ, എന്റെ ബൂട്ട്സ് രണ്ടും മനോഹരമായി പോളീഷ് ചെയ്ത് എന്റെ ബങ്കിന്റെ വശത്തു വെച്ചിരിക്കുന്നത് കണ്ടു. എന്റെ ക്രൂരതയ്ക്ക് ആ പട്ടാളക്കാരന്റെ പ്രതികരണം അങ്ങനെയായിരുന്നു. അത് എന്റെ ഹൃദയത്തെ തകർത്തു. ആ ദിവസം തന്നേ ഞാൻ രക്ഷിക്കപ്പെട്ടു."

സെർജന്റിന്റെ പീഡനത്തിനു പട്ടാളക്കാരന്റെ പ്രതികരണം രക്ഷകന്റെ വാക്കുകളുടെ ചിത്രീകരണമായിരുന്നു. നിന്നെ ഒരു ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതും കാണിച്ചുകൊടുക്ക (ലൂക്കൊ. 6:29). അവൻ വെറുതെയല്ല യജമാനനെ അനുഗമിച്ചത്.

ഞാൻ മുന്നറിയിപ്പിന്റെ ഒരു വാക്കുകൂടെ ചേർക്കട്ടെ. സായുധസേനയിൽ ശാരീരിക പീഡനം എപ്പോഴും ഒരു സജീവ ക്രിസ്തീയ സാക്ഷ്യമാകണമെന്നില്ല. ലൗകികരായ സ്ത്രീപുരുഷന്മാർ ക്രിസ്തീയ ബോധ്യങ്ങൾ ഉള്ളവരും അതിനായി നിലകൊള്ളുന്നവരുമായ വിശ്വാസികളെ ബഹുമാനിക്കും. ഒരു പട്ടാളക്കാരൻ ഒരു വിശ്വാസിയോടു കുറ്റകരമായി പെരുമാറിയാലും, അവിശ്വാസികൾ അതിവേഗം വിശ്വാസിക്കുവേണ്ടി ശബ്ദമുയർത്തും. രോമം കത്രിച്ച ആടിന് അനുയോജ്യമായി കർത്താവ് കാറ്റടിപ്പിക്കും. ഏതൊരു സമയത്തും നമുക്കു സഹിക്കാവുന്നതിനപ്പുറം ഒന്നും സംഭവിക്കുവാൻ കർത്താവ് അനുവദിക്കയില്ല.

# 15

# ചൂടേറിയ അഗ്നി

മർഡോക് ക്യാമ്പ്ബെൽ[17] 'ഗ്രേസ് ടു ഗ്ലോറി' എന്ന തന്റെ പുസ്തകത്തിൽ ഉത്തര സ്കോട്ലണ്ടിലെ ഭക്തനായ ഒരു ശുശ്രൂഷകനെക്കുറിച്ചു പറയുന്നുണ്ട്. ശുശ്രൂഷകന്റെ ഭാര്യക്ക് അദ്ദേഹത്തെപോലെ ആഴമേറിയ ആത്മീയാനുഭവങ്ങൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ കർത്താവിനോടോ തന്റെ വചനത്തോടോ അത്ര സ്നേഹവും അവർക്കുണ്ടായിരുന്നില്ല. ഒരു ദിവസം അദ്ദേഹം വേദപുസ്തകം വായിച്ചുകൊണ്ട് നെരിപ്പോടിനു സമീപം ഇരിക്കുമ്പോൾ, അവൾ കോപിഷ്ഠയായി മുറിക്കുള്ളിൽ വന്നു. അവൾ അദ്ദേഹത്തിന്റെ കയ്യിൽനിന്ന് ആ പുസ്തകം പിടിച്ചുവാങ്ങി തീയിലെറിഞ്ഞു.

ഈ അപമാനത്തിനും കോപത്തിനുമെതിരേ ഒരു വിശ്വാസി എങ്ങനെ പ്രതികരിക്കണം? ദൈവത്തിന് അനിഷ്ടമായ ഈ പ്രവൃത്തിക്ക് അവരെ കഠിനമായി ശാസിക്കണമോ? അതോ, തന്റെ ക്രിസ്തീയ മനോഭാവം കാണിക്കുന്നതിന് ഒരു അവസരമായി അതിനെ ഉപയോഗിക്കണമോ?

ശുശ്രൂഷകൻ തിരഞ്ഞെടുത്തത് രണ്ടാമത്തെ കാര്യമാണ്. അദ്ദേഹം അവരെ നോക്കി ശാന്തമായി പറഞ്ഞു: "ഇതിനെ

ക്കാൾ ചൂടേറിയ നെരിപ്പോടിനടുത്ത് ഇതിനു മുമ്പൊരിക്കലും ഞാൻ ഇരുന്നിട്ടില്ല."

"മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു" (സദൃശ. 15:1) എന്ന നീതിമൊഴിയുടെ എത്ര പ്രാമാണികമായൊരു ഉദാഹരണം! മി. ക്യാമ്പ്ബെൽ എഴുതുന്നു: "ആ വനിതയുടെ ക്രോധത്തെ ശമിപ്പിക്കയും, ദയയും ആർദ്രതയുമുള്ളൊരു ജീവിതത്തിന് ആരംഭം കുറിക്കയും ചെയ്തതായിരുന്നു ആ ഉത്തരം. തന്റെ ഇസെബേൽ ലുദിയാ ആയി; മുള്ള് താമരയായി.

ഈ ചിത്രം പൂർണമാകണമെങ്കിൽ ഇതിനോട് അല്പം കൂടെ ചേർക്കണം, വിശ്വാസിനികളായ വനിതകളാണ് കൂടുതലും ഈ വിധ അക്രമണങ്ങൾക്ക് ഇരയാകുന്നത്.

ലിൻഡാ[18] ഇതിനൊരു ഉദാഹരണമാണ്. അവൾ രക്ഷിക്കപ്പെടുന്നതിനു മുമ്പേ ടോണി എന്നൊരാളിനെ വിവാഹം കഴിച്ചു. താൻ സുന്ദരനും സൽസ്വഭാവിയുമാകുന്നുവെന്ന് അവൾ വിചാരിച്ചു.

എന്നാൽ അവരുടെ ആദ്യത്തെ കുഞ്ഞു ജനിക്കുകയും അവൾ ഒരു വിശ്വാസിയുമായപ്പോൾ ടോണി പരാജയമാകുന്നുവെന്ന് അവൾ തിരിച്ചറിഞ്ഞു. അവൾ കാഴ്ചപ്രകാരം നിർണയിക്കാൻ പാടില്ലായിരുന്നു. ജോലി ചെയ്യുന്നതിൽ മടിയനും ഉത്തരവാദിത്വ ജീവിതം നയിക്കാത്തവനുമായിരുന്നു ടോണി. അവൻ മദ്യപാനിയും സ്ത്രീലമ്പടനുമായിരുന്നു. ചിലപ്പോൾ വീടുവിട്ടുപോയി പല മാസങ്ങൾക്കുശേഷം ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽ തിരിച്ചുവരും. വീണ്ടും ലിൻഡയുടെ ഭർത്താവായി അവരുടെ കൂടെ ജീവിക്കും. അടുത്ത കുഞ്ഞു ജനിക്കുമ്പോൾ അവൻ പോകും. കുടുംബഭാരം മുഴുവൻ ലിൻഡയുടെമേൽ ആകും.

ദൈവഭക്തിയുള്ള ഒരു ഭാര്യ എന്ന നിലയിൽ പത്രൊസ് 3:1–2 പറഞ്ഞിരിക്കുന്ന വചനങ്ങൾ അവൾ അനുസരിച്ചു.

ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം

ഭയത്തോടു കൂടിയ നിങ്ങളുടെ നിർമലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും.

പ്രതികാരം ചെയ്യുകയോ പിണങ്ങുകയോ ചെയ്യുന്നതിനു പകരം നീതിക്കായി ജീവിച്ചു തന്റെ ഭർത്താവിനെ നേടുവാൻ ലിൻഡ അതിയായി ശ്രമിച്ചു. മറ്റൊരു ലോകത്തിൽനിന്നു മാത്രം വരുന്ന ഒരു ജീവിതം അവൾ കാഴ്ചവച്ചു. പത്രൊസിന്റെ ആലോചനയനുസരിച്ച ഇതുപോലുള്ള വനിതകളെക്കുറിച്ച് എത്ര പുസ്തകങ്ങൾ വേണമെങ്കിലും എഴുതാം. തങ്ങളുടെ ഭർത്താക്കന്മാരെ ക്രിസ്തുവിങ്കലേക്കു നയിച്ച നിരവധി സ്ത്രീകൾ!

# 16

# നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ

"നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ" (ലൂക്കൊ. 6:27) എന്നു യേശു പറഞ്ഞു. അതിൽ അശേഷം സംശയമില്ല. പക്ഷേ, കർത്താവ് അത് അക്ഷരാർഥത്തിലാണോ പറഞ്ഞത്? അതോ നാം അതൊരു ആദർശമായി സ്വീകരിച്ച്, അങ്ങനെ ജീവിക്കുന്നതിനു ശ്രമിക്കണം എന്നാണോ അർഥമാക്കിയത്? അവർ തങ്ങളുടെ ശത്രുത വളർത്തുകയേയുള്ളൂ എന്നിരിക്കെ നാം അവരെ സ്നേഹിക്കുന്നതെന്തിന്? നമ്മെ വെറുക്കുന്നവരെ സ്നേഹിക്കുന്നത് അസാധ്യമായി തന്നെയാണു കാണപ്പെടുന്നത്. അതിനാൽ കർത്താവിന്റെ ഈ കല്പന വായിക്കുമ്പോൾ നമ്മുടെ സൗകര്യത്തിനൊത്ത വിധത്തിൽ അത് വ്യാഖ്യാനിച്ചു വിടാനാണ് നാം ആഗ്രഹിക്കുന്നത്.

കർത്താവു താൻ പറഞ്ഞത് അർഥമാക്കിയിരിക്കുന്നുവെന്ന് നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നാം അറിയുന്നു. എന്നാൽ കർത്താവ് നമ്മോട് എന്തെങ്കിലും കല്പിച്ചാൽ അത് അനുസരിക്കുന്നതിനുള്ള ശക്തിയും അവൻ നല്കുന്നുവെന്ന വസ്തുത

നാം മറന്നുപോകുന്നു. മാനുഷികമായി പറഞ്ഞാൽ നമ്മുടെ ശത്രുക്കളെ സ്നേഹിക്കുന്നത് അസാധ്യമാണ്. ക്രിസ്തീയ ജീവിതത്തിലും പൊതുവായി അങ്ങനെ തന്നെ. നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിൻ ശക്തിയാൽ മാത്രമേ അതനുസരിച്ചു ജീവിക്കാൻ നമുക്കു കഴിയുകയുള്ളൂ.

രക്ഷകന്റെ കല്പനയുടെ മൂർച്ചയില്ലാതാക്കാനുള്ള നമ്മുടെ പ്രവണത അവസാനിക്കുന്നത് മറ്റൊരു വിശ്വാസി അത് അനുസരിക്കുന്നത് നാം കാണുമ്പോഴാണ്. തിരുവെഴുത്തുകൾ പ്രവൃത്തിയിൽ ആകുന്നത് നാം കാണുമ്പോൾ നിരവധി തിരുവെഴുത്തുകൾ സജീവമായി നമ്മുടെ മനസ്സിലെത്തും. സത്യത്തിനെതിരേ നിങ്ങൾക്കു തർക്കിക്കുവാൻ സാധ്യമല്ല. തന്റെ ശത്രുവിനെ സ്നേഹിക്കുന്ന ഒരു വിശ്വാസിയെ എനിക്കു കാണിച്ചു തരിക, എങ്കിൽ എനിക്കു ബോധ്യമാകും എന്നു ചിലർ പറയുമല്ലോ.

അത് എനിക്കു സംഭവിച്ചു. ലൂക്കൊസ് 6:27 ഒരു മനുഷ്യ ജീവിതത്തിൽ ഞാൻ കണ്ടു. തിയോ മക്കുള്ളി എന്ന ഒരു മനുഷ്യന്റെ ജീവിതത്തിൽ. അദ്ദേഹം ഇക്വഡോറിലെ അഞ്ചു രക്തസാക്ഷികളിലൊരാളായ എഡ് മക്കുള്ളിയുടെ പിതാവാണ്. ഞാൻ അഡ്മിനിസ്ട്രേറ്ററായിരുന്ന ബൈബിൾ സ്കൂളിന്റെ ബോർഡ് ചെയർമാനുമായിരുന്നു അദ്ദേഹം.

ഒരു രാത്രിയിൽ സ്കൂളിലെ ചില കാര്യങ്ങൾ സംസാരിക്കുന്നതിനു ഞങ്ങൾ ഒരുമിച്ചു കൂടി. ഞങ്ങൾക്കു ചില തീരുമാനങ്ങൾ കൈക്കൊള്ളണമായിരുന്നു. എന്തു ചെയ്യണമെന്നു മക്കുള്ളി ഒരിക്കലും എന്നോടു പറഞ്ഞിട്ടില്ല. നമുക്ക് അതിനെക്കുറിച്ചു പ്രാർഥിക്കാം എന്നാണ് അദ്ദേഹം എല്ലായ്പ്പോഴും പറഞ്ഞിരുന്നത്. അങ്ങനെ അന്നു സന്ധ്യക്ക് ഞങ്ങൾ മുട്ടിന്മേൽ നിന്നു, സ്കൂൾ കാര്യങ്ങളെക്കുറിച്ചു ദീർഘമായി പ്രാർഥിച്ചു.

അദ്ദേഹം തന്റെ പ്രാർഥനയുടെ സമാപനത്തിലെത്തി; അദ്ദേഹത്തിന്റെ മനസ്സ് കുരാരെ നദീതീരത്തേക്കു പോയി; അവിടെ ശിലായുഗക്കാരായ ഇന്ത്യൻസ് മിഷനറിയായ തന്റെ മകനെ

കുന്തത്താൽ കുത്തിക്കൊന്നത് അദ്ദേഹം ഓർത്തു. എഡ് ഒരു മാതൃകായോഗ്യനായ മകനായിരുന്നു. എഡ് തങ്ങൾക്ക് ഒരിക്കലും തലവേദന ഉണ്ടായിട്ടില്ല എന്ന് ആ പിതാവ് എന്നോടു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ തിയോ പ്രാർഥിച്ചു: "പിതാവേ, ഞങ്ങളുടെ മക്കളെ കൊന്നവർ രക്ഷിക്കപ്പെടുന്നതു കാണുന്നതുവരെ ജീവിച്ചിരിപ്പാൻ എന്നെ അനുവദിക്കേണമേ; അവരെ ആശ്ലേഷിച്ചുകൊണ്ട് ഞാൻ അവരെ സ്നേഹിക്കുന്നുവെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ എന്റെ ക്രിസ്തുവിനെ സ്നേഹിക്കുന്നു."

ഞങ്ങൾ എഴുന്നേറ്റപ്പോൾ അദ്ദേഹത്തിന്റെ കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ഒലിച്ചിറങ്ങുകയായിരുന്നു. അതൊരു പാവന നിമിഷമായിരുന്നു. പിന്നീടൊരിക്കലും അങ്ങനെയൊരു നിമിഷം വീണ്ടു കിട്ടുകയില്ല. തന്റെ നിയമത്തൊഴിലുപേക്ഷിച്ച് ഔക്കാ ഇന്ത്യൻസിനോടു (പില്ക്കാലത്ത് അവർ വാവൊറാനി എന്നറിയപ്പെട്ടു) സുവിശേഷമറിയിക്കുവാൻ പോയ തങ്ങളുടെ ഓമനപുത്രനെ കൊന്നുകളഞ്ഞവരെ യഥാർഥമായി സ്നേഹിക്കുന്ന ഒരു പിതാവ്.

അശേഷം അത്ഭുതമില്ല, വാസ്തവത്തിൽ ദൈവസിംഹാസനത്തിലെത്തിയ ഒരു പ്രാർഥനയായിരുന്നു അത്. മിഷനറിമാർ വാവൊറാനികളെ സുവിശേഷവുമായി നേടുന്നതിൽ വിജയിച്ചു. ഈ കൊലപാതകികളിൽ അധികം പേരെയും അവർ ക്രിസ്തുവിലേക്കു നയിച്ചു. തിയോയുടെ പ്രാർഥനയ്ക്കു മറുപടിയുണ്ടായി. അദ്ദേഹം ഇക്വഡോറിൽ പോയി ആ പുതിയ വിശ്വാസികളെ സ്നേഹപൂർവം ആശ്ലേഷിച്ചു. തന്റെ രക്ഷകൻ അവരുടെയും രക്ഷകനായതിനാൽ താൻ അവരെ സ്നേഹിക്കുന്നുവെന്നു പറഞ്ഞു.

അതെ, താൻ പറഞ്ഞത് യേശു അർഥമാക്കി. നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കണം. നാം അങ്ങനെ ചെയ്യുമ്പോൾ നാം ലോകത്തിൽ സ്വാധീനം ചെലുത്തുകയാണ്. ഈ കല്പന അനുസരിക്കുന്നതിന്റെ പ്രായോഗിക രീതി നാം സഹവിശ്വാ

സികൾക്കു കാണിച്ചുകൊടുക്കുകയാണ്. കർത്താവിന്റെ വൈഷമ്യമുള്ള തിരുവെഴുത്തുകളെ നാം ജീവിച്ചു കാണിക്കുകയാണ്. യേശു തന്റെ ശത്രുക്കളായ നമ്മെ സ്നേഹിച്ചു. നമുക്കുവേണ്ടി മരിക്കുവാൻ തക്കവണ്ണം അവൻ നമ്മെ സ്നേഹിച്ചു.

# 17

# ക്ഷമിക്കുന്നത് ദൈവികം[19]

ഹോളണ്ടിലെ ഭക്തിയുള്ള ഒരു കുടുംബമായിരുന്നു ടെൻ ബൂം കുടുംബം. രണ്ടാം ലോകമഹായുദ്ധകാലത്ത് നാസിപ്പട യുടെ വേട്ടയാടലിൽനിന്നു രക്ഷപ്പെടുന്നതിനു യഹൂദന്മാർ അഭയം തേടിയിരുന്നത് ടെൻ ബൂം ഭവനത്തിലായിരുന്നു. യ ഹൂദന്മാർ കണ്ടുപിടിക്കപ്പെട്ടാൽ തടങ്കൽപാളയവും അവർണ നീയ പീഡനവും മരണവുമായിരുന്നു അനന്തരഫലം. യഹൂ ദന്മാർക്ക് അഭയം നല്കുന്നവർക്കും തടങ്കൽപാളയം തന്നെ യായിരുന്നു പ്രതീക്ഷിക്കാൻ കഴിയുന്നത്.

ദീർഘകാലം യഹൂദജനങ്ങളെ ഒളിപ്പിക്കുന്നതിൽ വിജയം വരിച്ചിരുന്ന ടെൻ ബൂം കുടുംബം അവസാനം പിടിക്കപ്പെട്ടു. പിതാവിനെയും കോറി, ബെട്സി എന്നീ രണ്ടു പുത്രിമാരെയും റാവൻസ്ബ്രക് തടങ്കൽപാളയത്തിലേക്ക് അയച്ചു. വർണനാ തീതമായ ക്രൂരതെക്കും മനുഷ്യഹീനമായ മർദനത്തിനും കുപ്രസിദ്ധമായിരുന്നു ഈ ക്യാമ്പ്. ടെൻ ബൂമും പുത്രി ബെട് സിയും മരിച്ചു. കോറി അവരെ അതിജീവിച്ചു. ലോകമഹാ യുദ്ധം കഴിഞ്ഞപ്പോൾ ജയിൽമോചിതയായി.

സമാധാനം പ്രഖ്യാപിക്കപ്പെട്ടശേഷം കോറി ജർമനിയി ലേക്കു പോയി. ഒരു രാത്രി ഒരു സഭാമന്ദിരത്തിന്റെ ബേസ്മെന്റ്

ഹാളിൽ കോറി സംസാരിക്കുകയായിരുന്നു. പലകാര്യങ്ങൾ സംസാരിച്ച കൂട്ടത്തിൽ നാം നമ്മുടെ പാപങ്ങൾ ഏറ്റുപറയുമ്പോൾ കർത്താവ് അതിനെ സമുദ്രത്തിന്റെ അഗാധതയിൽ ഇട്ടുകളയുകയും "ഇവിടെ മീൻപിടിത്തം പാടില്ല" എന്നൊരു ബോർഡ് സ്ഥാപിക്കുകയും ചെയ്യുന്നത് എത്ര അത്ഭുതകരമാണ് എന്നു പ്രസ്താവിച്ചു.

യോഗം അവസാനിച്ചപ്പോൾ ജനങ്ങൾ നിശബ്ദരായി ഇറങ്ങിപ്പോയി. എങ്കിലും ഒരു മനുഷ്യൻ ജനത്തിരക്കിലൂടെ നടന്നു കോറി നിന്നിരുന്ന സ്ഥാനത്തു വന്നു. അയാളൊരു നീല യൂണിഫോം ധരിച്ചിരുന്നു. തലയോട്ടിയും അസ്ഥിക്കഷണങ്ങളും അടയാളപ്പെടുത്തിയിരുന്ന ഒരു തൊപ്പിയും അയാൾ വെച്ചിരുന്നു. കോറി അയാളെ തിരിച്ചറിഞ്ഞു. അയാൾ റാവൻസ്ബ്രക്കിൽ ഒരു ഗാർഡായിരുന്നു.

അയാൾ കോറിയുടെ സമീപമെത്തി, തന്റെ വലതുകരം നീട്ടി. "ഒരു നല്ല സന്ദേശമായിരുന്നു സഹോദരീ, നമ്മുടെ പാപങ്ങൾ എല്ലാം സമുദ്രത്തിന്റെ അഗാധതയിൽ താഴ്ത്തപ്പെടുന്നുവെന്ന് അറിയുന്നത് എത്ര ആശ്വാസകരമാണ്."

അയാളുടെ ക്രൂരതകളുടെ തീക്ഷ്ണസ്മരണ കോറിക്കു മുമ്പിലെത്തി; കോറിയുടെ രക്തം തിളെച്ചു. അയാൾ തുടർന്നു, "നിങ്ങൾ റാവൻസ്ബ്രക്കിനെക്കുറിച്ചു പറഞ്ഞല്ലോ. ഞാൻ അവിടെ ഒരു ഗാർഡായിരുന്നു. എന്നാൽ ഞാൻ ആ കാലത്തിനുശേഷം വിശ്വാസിയായിതീർന്നു. ഞാൻ അവിടെ ചെയ്ത സകല ക്രൂരപ്രവൃത്തികളെയും ദൈവം എന്നോടു ക്ഷമിച്ചുവെന്നു ഞാൻ അറിയുന്നു. എന്നാൽ സഹോദരീ, നിങ്ങളുടെ അധരത്തിൽനിന്ന് അത് കേൾക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എന്നോടു ക്ഷമിക്കുമോ?"

കോറിയുടെ പ്രതികരണം കൈപ്പു നിറഞ്ഞതും ക്ഷമിക്കാത്തതുമായാൽ അത്ഭുതപ്പെടേണ്ടതില്ല. അവർ യഹൂദജനത്തിനെതിരായി നടത്തിയ കാടത്തങ്ങൾ അവൾക്കു നേരിൽ ദർശിപ്പാൻ കഴിഞ്ഞിരുന്നു. സ്വന്ത കുടുംബത്തോട് അവർ പെരുമാ

റിയ മനുഷ്യത്വഹീനമായ വിധവും അവൾ ഓർത്തു. തണു ത്തുറഞ്ഞ ജലം തിളെച്ചുപോകുന്ന കോപം.

കോറി ഇതികർത്തവ്യതാമൂഢയായി അവിടെ നിന്നുപോയി. മണിക്കൂറുകളെന്നു തോന്നിയ ചില നിമിഷങ്ങൾ. അവൾ മറു പടിനല്കി, തന്റെ കോട്ടിനുള്ളിൽനിന്ന് അവൾ കരം പുറത്തെ ടുത്ത്, ആ മുൻഗാർഡിനു ഹസ്തധാനം ചെയ്തു. “ദൈവം എന്നോടു ക്ഷമിച്ചുവെങ്കിൽ നിങ്ങളോടു ക്ഷമിക്കുന്നതിൽനിന്നു കുറവായിട്ട് എനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? സഹോദരാ, എന്റെ പൂർണഹൃദയത്തോടു ഞാൻ നിങ്ങളോടു ക്ഷമിക്കുന്നു.”

“ദീർഘനിമിഷത്തേക്ക് അവർ കരങ്ങൾ പരസ്പരം ഗ്രസി ച്ചു. മുൻ ഗാർഡും മുൻ തടവുകാരിയും ഇതാ, ക്രിസ്തുവിൽ ഇപ്പോൾ ഒന്നായിത്തീർന്നു!”

ക്രിസ്തുസമാനമായ പെരുമാറ്റത്തെക്കുറിച്ചു ഞാൻ ഓർ ക്കുമ്പോഴെല്ലാം എന്റെ മനസ്സ് കോറി ടെൻ ബൂം കുടുംബത്തെ ഓർക്കാറുണ്ട്. അത്രയധികം കഷ്ടതയും അത്രയധികം അപ മാനവും അവർ സഹിച്ചു. എങ്കിലും, അതിന്റെയെല്ലാം മധ്യ ത്തിലും തങ്ങളെക്കുറിച്ചല്ല, മറ്റുള്ളവരെക്കുറിച്ചു ചിന്തിക്കുന്ന ക്രിസ്തുതുല്യമായ മനസ്സ് അവർക്ക് ഉണ്ടായിരുന്നു. അവർ കൈപ്പുള്ളവരോ പകയുള്ളവരോ അല്ല. അവർ ദൈവത്തിനെ തിരേ ആവലാതിപ്പെട്ടുമില്ല. അവയുടെയെല്ലാം മധ്യത്തിൽ അവർ ക്രിസ്തുവിന്റെ സ്നേഹത്തിനും കൃപെക്കും സാക്ഷ്യം വഹിച്ചു. നാസി ക്രൂരതയുടെ അഗ്നിച്ചൂളയിലൂടെ തങ്ങളെ കട ത്തിവിട്ടവരോട് അവർ ക്ഷമിച്ചു.

# 18

# മനസ്സുണ്ടെങ്കിൽ[20]

തന്റെ രണ്ടു പുത്രന്മാരും അവരുടെ ഭാര്യമാരും താനും സന്തോഷകരമായ കൂട്ടായ്മയിൽ ജീവിക്കുന്നുവെന്നതിൽ ഫിലിപ്പ്സ് വല്യമ്മ ആനന്ദിച്ചിരുന്നു. അവർ എല്ലാവരും അവരുടെ കുഞ്ഞുങ്ങളും വിശ്വാസികളായിരുന്നു. അവരുടെ മൂത്ത മകൻ സ്കോട്ടും ഭാര്യ സാറയും അതേ ടൗണിൽ തന്നേ താമസിച്ചിരുന്നു. വല്യമ്മച്ചിയെ അവർ ക്രമമായി സന്ദർശിച്ചിരുന്നു. നന്നായി ഭക്ഷണം കഴിക്കുന്നുവെന്നും വീട്ടുകാര്യങ്ങൾ ഭംഗിയായിരിക്കുന്നുവെന്നും അവർ ഉറപ്പുവരുത്തി. ഇളയമകൻ റോൺ, ഭാര്യ റോസ് എന്നിവർ ഇരുപതു മൈൽ അകലെയാണ് താമസിച്ചിരുന്നത്, എങ്കിലും കൂടെ കൂടെ സന്ദർശനം നടത്തിയിരുന്നു. രണ്ടു പുത്രന്മാരും നല്ല സ്ഥാനങ്ങൾ വഹിച്ചിരുന്നു. സാമ്പത്തികമായി നല്ല സ്ഥിതിയിലും ആയിരുന്നു. താങ്ക്സ് ഗിവിംഗ്, ക്രിസ്തുമസ് തുടങ്ങിയ അവസരങ്ങളിലും മറ്റവസരങ്ങളിലും അവർ ഭക്ഷണപാനങ്ങൾക്കായി ഒരുമിച്ചുകൂടുകയും ചെയ്തിരുന്നു.

വല്യമ്മ ആകസ്മികമായി മരിച്ചു. ഊഞ്ഞാൽകസേരയിൽ അവർ ഇരിക്കുന്നതായി കണ്ടു, ബൈബിൾ മടിയിൽ തുറന്നു വെച്ചിരുന്നു.

അവർക്ക് അധികം സമ്പാദ്യമൊന്നും ഉണ്ടായിരുന്നില്ല. ഒരു എളിയ ഭവനം, അവിടെയാണ് വല്യമ്മയും മരിച്ചുപോയ ഭർത്താവും രണ്ടു പുത്രന്മാരെയും വളർത്തി വലുതാക്കിയത്. ജനറൽ ഇലക്ട്രിക്, ജനറൽ മോട്ടേഴ്സ് തുടങ്ങിയവയിൽ കുറെ നിക്ഷേപങ്ങൾ അവർക്ക് ഉണ്ടായിരുന്നു. 10,000 ഡോളറിന്റെ താഴെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നു. പിന്നെ സ്വന്തമായുണ്ടായിരുന്നത് കുറെ ചൈനീസ് ടീകപ്പുകളായിരുന്നു. ഒരു വിൽപത്രമോ നിബന്ധനപത്രമോ ശേഷിപ്പിച്ചിരുന്നില്ല. തന്റെ മക്കൾ സൗഹാർദപരമായിത്തന്നെ സ്വത്തുക്കളുടെ കാര്യങ്ങൾ തീരുമാനിച്ചുകൊള്ളും എന്ന് അവർക്കു നിശ്ചയമായിരുന്നു.

പക്ഷേ, സംഭവിച്ചത് അങ്ങനെയല്ലായിരുന്നു. റോസ് പൊടുന്നനവെ ശാഠ്യക്കാരിയായി. തന്റെ ഭാര്യയോടു കൂറുള്ളവനായിരിക്കേണ്ടതാണാവശ്യം എന്നു റോൺ കരുതി. അവനെ സംബന്ധിച്ചിടത്തോളം സമാധാനത്തിന് അതായിരുന്നു മാർഗം. എന്നാൽ ദീർഘകാലം സമാധാനമായും സന്തോഷമായും ജീവിച്ച ഈ കുടുംബം അത്യാഗ്രഹം നിമിത്തം പെട്ടെന്നു തകർന്നുപോയി. ചൈനീസ് കപ്പുപോലുള്ള നിസ്സാരകാര്യങ്ങളും വിവാദവിഷയമായി. സ്കോട്ടും സാറയും എന്തു വിട്ടുവീഴ്ചയ്ക്കും ഒരുക്കമായിരുന്നു. പക്ഷേ, അവർ കോപത്തെയാണ് അഭിമുഖീകരിച്ചത്.

സമാധാനപരമായ ഒരു പരിഹാരത്തിനായി സ്കോട്ടും സാറയും നിരന്തരം മുട്ടിപ്പായി പ്രാർഥിച്ചുപോന്നു. പെട്ടെന്ന് അബ്രഹാമിന്റെയും ലോത്തിന്റെയും കഥ സ്കോട്ട് ഓർത്തു. ഈ രണ്ടു പുരുഷന്മാരും മിസ്രയീമിൽനിന്നു കനാനിൽ എത്തിയപ്പോൾ തങ്ങളുടെ ആട്ടിൻകൂട്ടത്തിനു മതിയായ മേച്ചിൽപ്പുറങ്ങൾ ഇല്ല എന്ന് അവർ മനസ്സിലാക്കി. അരുടെ ഇടയന്മാർക്കു തമ്മിൽ ശണ്ഠ ഉണ്ടായി. വളരെ ഗൗരവമേറിയ സാഹചര്യം.

അബ്രഹാം ലോത്തിനോടു പറഞ്ഞു:

എനിക്കും നിനക്കും എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിലും പിണക്കം ഉണ്ടാകരുതേ. നാം സഹോദര

ന്മാരല്ലോ. ദേശം മുഴുവൻ നിന്റെ മുമ്പാകെ ഇല്ലയോ? എന്നെ വിട്ടുപിരിഞ്ഞാലും, നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ടു പോയ്ക്കൊള്ളാം, നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പോയ്ക്കൊള്ളാം (ഉല്പ. 13:8–9).

ലോത്ത് യോർദാന്റെ തീരങ്ങൾ നീരോട്ടമുള്ളതെന്നു കണ്ടു. അവിടെ മേച്ചൽസ്ഥലങ്ങൾ സമൃദ്ധമായിരുന്നു. അവർ സോദോം നഗരത്തിൽ പാർത്തു. അബ്രഹാം കനാൻദേശം തിരഞ്ഞെടുത്തു.

സ്കോട്ട് ഈ വസ്തുത സാറയുമായി പങ്കുവെച്ചു. അവർ ഉടനെ ഒരു തീരുമാനത്തിലെത്തി. അവർ ആഗ്രഹിക്കുന്ന പക്ഷം റോണും റോസും വസ്തുക്കൾ മുഴുവൻ എടുത്തുകൊള്ളട്ടെ. വസ്തുവകകൾക്കുവേണ്ടി ശണ്ഠയിടുന്നതിനെക്കാൾ പ്രധാനം കുടുംബത്തിന്റെ ഐക്യം നിലനിറുത്തുകയാണ്.

റോണും റോസും സ്തബ്ധരായിപ്പോയി, അവർ ഇത് അശേഷം പ്രതീക്ഷിച്ചില്ല. സകലവും തങ്ങൾക്കായി എടുക്കുന്നത് അവർക്കു ലജ്ജാകരമായി തോന്നി. കുറെ പൊന്നാഭരണങ്ങളും ചൈനീസ് പാത്രങ്ങളും കൊണ്ട് റോസ് തൃപ്തയായി. ശേഷമുള്ള വസ്തുവകകൾ തുല്യമായി വിഭജിക്കാമെന്നും അവർ അഭിപ്രായപ്പെട്ടു. പൊട്ടിത്തെറിയുണ്ടാകാമായിരുന്ന ഒരു സാഹചര്യത്തിൽ അതൊരു സമാധാനപരമായ പരിഹാരമായിരുന്നു.

എല്ലായ്പ്പോഴും ഇങ്ങനെ സംഭവിക്കുന്നില്ല. "മനസ്സുണ്ടെങ്കിൽ അവിടെ വളരെയധികം ബന്ധുക്കളുണ്ടാകും" എന്ന ചൊല്ല് അന്വർഥമാക്കാം. സാധാരണനിലയിൽ ഔദാര്യമുള്ളവരും സമാധാനകാംക്ഷികളുമായ ആളുകൾ മങ്ങിപ്പോകുന്നതും നിസ്സാരവുമായ കാര്യങ്ങളിൽ വഴക്കുണ്ടാക്കുകയും കൂട്ടായ്മകൾ തകർക്കുകയും ചെയ്യും.

ദൈവത്തിന്റെ മാർഗമാണ് ഉന്നതമാർഗം. തന്റെ സമ്പത്തിന്റെ അവകാശം ലോത്തിന് അബ്രഹാം വിട്ടുകൊടുത്തതിനാൽ അവൻ സമ്പന്നനായി. സോദോമിനു സമീപം പച്ചപ്പുൽമേടുകൾ തിരഞ്ഞെടുത്ത ലോത്ത് നിസ്വനായി.

# 19

# അപമാനവും തുപ്പലുമേല്ക്കുന്നത്

പുതിയനിയമ നാടുകളിൽ പര്യടനത്തിലായിരുന്ന ഒരു ചർച്ച് ഗ്രൂപ്പിന്റെ സോംഗ് ലീഡറായിരുന്നു ഡിക് ഫോക്ക്നർ. അവർ ഈജിയൻ സമുദ്രത്തിലെ പത്മൊസ്ദ്വീപിൽ എത്തിച്ചേർന്നു. അപ്പൊസ്തലനായ യോഹന്നാൻ വെളിപ്പാടുപുസ്തകം എഴുതി എന്നു പറഞ്ഞുപോരുന്ന ഗുഹയുടെ ഉള്ളിൽ ഗൈഡ് അവരെ കൊണ്ടുപോയി. പുറത്തു വന്നശേഷം സമീപമുള്ള ഒരു കുന്നിൽ അവർ കയറി. ഡൊമീഷ്യൻചക്രവർത്തി യോഹന്നാനെ കാരാഗൃഹത്തിലാക്കിയതിനെക്കുറിച്ച് അതിഥി അവർക്കൊരു സന്ദേശം നല്കി. അതിനുശേഷം ഡിക്കിനോടു പാടുവാൻ പറഞ്ഞു.

തന്റെ ശബ്ദം ഉച്ചത്തിൽ കേൾപ്പിക്കുന്ന സ്പീക്കറുകളുള്ള ഒരു ടേപ്പ് റിക്കാർഡർ ഡിക്ക് കരങ്ങളിൽ പിടിച്ചിരുന്നു. വെളിപ്പാട് 5:12-ന്റെ ഗാനാവിഷ്കരണം, ഡോൺ വിർട്സന്റെ ഗാനം ഡിക്ക് ആലപിച്ചു:

അറുക്കപ്പെട്ട കുഞ്ഞാട് യോഗ്യൻ,
അറുക്കപ്പെട്ട കുഞ്ഞാട് യോഗ്യൻ,
അറുക്കപ്പെട്ട കുഞ്ഞാട് യോഗ്യൻ,
ശക്തിയും ധനവും ജ്ഞാനവും ബലവും
സ്വീകരിപ്പാൻ യോഗ്യൻ
മഹത്വവും ബഹുമാനവും സ്തുതിയും
സ്വീകരിപ്പാൻ യോഗ്യൻ
കുഞ്ഞാട് യോഗ്യൻ,
കുഞ്ഞാട് യോഗ്യൻ,
അറുക്കപ്പെട്ട കുഞ്ഞാട് യോഗ്യൻ,
കുഞ്ഞാട് യോഗ്യൻ.

പത്മോസിന്റെ പാറമടക്കുകളിൽ സന്ദേശം മാറ്റൊലി കൊണ്ടു.

ഡിക്ക് പാടിത്തീരുന്നതിനു മുൻപ് മറ്റൊരു ടൂർ ബസ് വന്നു. ആളുകളധികവും ഇറങ്ങി നടന്നുപോയി. എന്നാൽ ഒരു ചെറിയ കറുത്ത സ്ത്രീ ഡിക്കിന്റെ അടുത്തുവന്നു, തന്റെ മുഖത്തു തുപ്പി. അവളുടെ ലക്ഷ്യം തെറ്റിയില്ല. അവൾ ഉന്നം വെച്ചിടത്തു തന്നെ തുപ്പൽ പതിച്ചു. പക്ഷേ, അതു ഗാനത്തെ നിറുത്തിയില്ല. ഒടുവിലത്തെ "കുഞ്ഞാടു യോഗ്യൻ" എന്ന ചരണം സമാപിക്കുംവരെയും ഡിക്ക് പാടി.

ഇത്രയും ഹീനമായ അപമാനത്തിനു പകരമെന്തെങ്കിലും ചെയ്യുകയോ പറയുകയോ വേണമെന്നു വിനോദസഞ്ചാരികളിൽ ചിലർ പറഞ്ഞു. പക്ഷേ, ഡിക്ക് അവരുടെ വികാരങ്ങളോടു യോജിച്ചില്ല. നമ്മുടെ കർത്താവിന്റെ മുഖത്ത് മനുഷ്യർ തുപ്പിയല്ലോ. അവനെ ലജ്ജിപ്പിക്കുന്നതിനുവേണ്ടി, എങ്കിലും അവൻ ഉത്തരമൊന്നും പറഞ്ഞില്ല. അവൻ അപമാനിക്കപ്പെട്ടു, പരിഹസിക്കപ്പെട്ടു, അവന്റെമേൽ തുപ്പി. അവൻ യാതൊന്നും തിരിച്ചടിച്ചില്ല. കർത്താവായ യേശുവിന്മേൽ മനുഷ്യർ തുപ്പിയപ്പോൾ, "ഇതു തന്നെയാണ് നിന്നെക്കുറിച്ചു ഞങ്ങൾ ചിന്തിക്കുന്നത്" എന്നു സൃഷ്ടികൾ സ്രഷ്ടാവിനോടു പറയു

കയായിരുന്നു. സ്രഷ്ടാവ് ക്രൂശിൽ മരിച്ചപ്പോൾ അവൻ സൃഷ്ടികളോട് ഇങ്ങനെ പറയുകയായിരുന്നു, "ഇത്രയധികം ഞാൻ നിങ്ങളെ സ്നേഹിക്കുന്നു!"

നാം അവന്റെ ആത്മാവ് ഉള്ളവരായിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു. "പ്രിയമുള്ളവരേ, നിങ്ങൾതന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന് ഇടം കൊടുപ്പിൻ. പ്രതികാരം എനിക്കുള്ളത്. ഞാൻ പകരം ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു" (റോമർ 12:19). നാം ദൈവത്തിന്റെ ക്രോധദിനത്തിൽ അല്ല, കർത്താവിന്റെ സുപ്രസാദകാലത്താണ് ജീവിക്കുന്നത്.

# 20

# യഹൂദനായൊരു ആക്രിക്കച്ചവടക്കാരൻ

ആളുകൾ വർത്തമാനപത്രങ്ങളും പഴയ ലോഹക്കഷണങ്ങളും മറ്റും ശേഖരിച്ചുവെച്ച് ആക്രിക്കച്ചവടക്കാരനു വില്ക്കാറുണ്ടല്ലോ. തന്റെ സാന്നിധ്യമറിയിച്ചുകൊണ്ട് കൂടെ കൂടെ ആക്രിക്കച്ചവടക്കാരൻ പ്രത്യക്ഷപ്പെടുകയും ചെയ്യും. ഒരുദിവസം എച്ച്.എ. അയൺസൈഡ് ആക്രിക്കച്ചവടക്കാരന്റെ വിളി കേട്ടു. അദ്ദേഹം ഉടനെ വെളിയിൽ ഇറങ്ങിവന്നു. അയാളെ വിളിച്ചു നിലവറയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഇയാൾ ഒരു യഹൂദനായിരുന്നു. അയൺസൈഡ് യഹൂദന്മാരെ വളരെ സ്നേഹിച്ചിരുന്നു, തന്റെ കർത്താവ് ഒരു യഹൂദനായിരുന്നല്ലോ.

നിലവറയിൽ പത്രങ്ങളുടെ കെട്ടുകളും വളരെയധികം പൈപ്പുകളും ലോഹങ്ങളും കൂട്ടിയിട്ടിരുന്നു.

അയൺസൈഡ് കഴിയുന്നതും കൂടുതൽ പണം ലഭിക്കുന്നതിനുവേണ്ടി അവനുമായി വിലപേശൽ നടത്തുന്നതിനു തീരുമാനിച്ചു. അതൊരു വലിയ കാര്യമായതുകൊണ്ടല്ല, എങ്ങനെയെങ്കിലും ബേസ്മെന്റിൽനിന്ന് ആവശ്യമില്ലാത്തവ ഒഴിവാക്കുന്നതിന് ആഗ്രഹിച്ചിരുന്നു.

അങ്ങനെ അദ്ദേഹം തന്റെ സാധനങ്ങളുടെ മഹത്വം വർണിച്ചു. പക്ഷേ, ആക്രിക്കച്ചവടക്കാരൻ തന്റെ സ്ഥിരം തന്ത്രം പ്രയോഗിച്ചു. അതിൽ അയാൾ വിജയിക്കുകയും ചെയ്തു. അയൺസൈഡിന് ഒരുതുക നല്കിക്കൊണ്ടു സാധനങ്ങൾ വണ്ടിയിൽ കയറ്റിത്തുടങ്ങി.

അയാൾ അവസാനത്തെ ലോഡും കയറ്റി പോകാൻ ഒരുമ്പെടുമ്പോൾ ഡോ. അയൺസൈഡ് അവനെ തിരികെ വിളിച്ചു. അവന്റെ കയ്യിൽ കുറെ പണം വെച്ചുകൊടുത്തിട്ടു പറഞ്ഞു, "ഇതാ, ഇത്രയും പണം യേശുവിന്റെ നാമത്തിൽ നിങ്ങൾക്കു ഞാൻ തരികയാണ്!"

ആക്രിക്കച്ചവടക്കാരൻ ഒരു നിമിഷം സ്തബ്ദനായി. അവൻ ഇപ്രകാരം പറഞ്ഞുകൊണ്ട് നടന്നുപോയി, "മുമ്പൊരിക്കലും ആരും തന്നെ യേശുവിന്റെ നാമത്തിൽ എനിക്കു പണം തന്നിട്ടില്ല."

ഡോ. അയൺസൈഡിന്റെ ആ ദയാപ്രവൃത്തി യേശു ചെയ്യുമായിരുന്ന കനിവിനു തുല്യമായതല്ലേ?

# 21

# ചക്രവർത്തിയുടെ ദ്വന്ദ്വയുദ്ധപ്പോരാളികൾ

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുശേഷം നീറോയാണ് റോമൻചക്രവർത്തിയായിരുന്നത്. കായികാഭ്യാസ മികവിന്റെ അടിസ്ഥാനത്തിൽ നിയമിതരായ പടയാളികളുടെ ഒരു പടയണി നീറോയ്ക്ക് ഉണ്ടായിരുന്നു. അവർ ചക്രവർത്തിയുടെ ദ്വന്ദ്വയുദ്ധപ്പടയാളികൾ എന്നാണ് അറിയപ്പെട്ടത്. ശരീരഘടനയിൽ അവർ മികവുറ്റവരായിരുന്നു. അവർ സുമുഖരും അരോഗദൃഢഗാത്രരും റോമൻപൗരുഷത്തിന്റെ മാതൃകകളുമായിരുന്നു.

അവർ കൊലോസിയത്തിനുള്ളിലേക്കു മാർച്ച്ചെയ്യുമ്പോൾ ഇങ്ങനെ പാടിയിരുന്നു, "ഞങ്ങൾ ചക്രവർത്തിയുടെ ഗുസ്തിക്കാരാണ്. ഞങ്ങൾ ജീവിച്ചാലും മരിച്ചാലും അതെല്ലാം അങ്ങേയുടെ മഹത്വത്തിനുമാത്രം!" അതിനുശേഷം അവർ നീറോയുടെ മുമ്പിൽ ഗുസ്തിമത്സരം കാഴ്ചവെക്കും.

അവരെ ജർമൻ ഗോത്രവർഗക്കാരോടു യുദ്ധം ചെയ്യുന്നതിനു വടക്കോട്ടേക്കയച്ചു. മാത്രമല്ല, ക്രിസ്തീയ വിശ്വാസത്തെ തകർത്തുകളയുന്നതിനുള്ള രാജകല്പനയും ഈ സമയത്ത്

പുറപ്പെട്ടിരുന്നു. സൈന്യത്തിലുള്ള എല്ലാ ക്രിസ്ത്യാനികളെയും ഉന്മൂലനം ചെയ്യുന്നതിനു നീറോ വ്യക്തമായി കല്പിച്ചിരുന്നു. 'കളപറിക്കുക' എന്ന സൈനിക പദമാണ് ഉന്മൂലനത്തിനു നല്കിയിരുന്നത്.

കൊടും തണുപ്പിൽ ജനറൽ വെസ്പേഷ്യൻ, ദ്വന്ദ്വയുദ്ധപ്പടയാളികൾ ഉൾപ്പെടെ സൈന്യത്തെ മുഴുവനും അണിനിരത്തി അയാൾ അലറിവിളിച്ചു: "ക്രിസ്ത്യാനിത്വം എന്ന ഈ പുതിയ അന്ധവിശ്വാസം നിങ്ങളിൽ ചിലർ കൈക്കൊണ്ടിരിക്കുന്നതായി എന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. അതു ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. നിങ്ങൾ ബുദ്ധിമാന്മാരാണെന്ന് എനിക്കറിയാം. എന്നാൽ നിങ്ങളിൽ ക്രിസ്ത്യാനികൾ ആരെങ്കിലുമുണ്ടെങ്കിൽ അവർ മുന്നിലേക്കു നീങ്ങി നില്ക്കട്ടെ." അയാളെ അത്ഭുതപ്പെടുത്തിക്കൊണ്ടു നാല്പതു ദ്വന്ദ്വയുദ്ധപ്പോരാളികൾ മുന്നോട്ടു നീങ്ങി നിന്നു. മരണം തന്നെ അനന്തരഫലം.

ജനറൽ മറ്റു സൈനികരെയെല്ലാം പറഞ്ഞയച്ചു. ആ പകൽ മുഴുവനും നാല്പതു പേരോടും സംസാരിച്ച് അവരുടെ വിശ്വാസത്തെ പുറത്താക്കുവാൻ ശ്രമിച്ചു. "നിങ്ങളുടെ കുടുംബങ്ങളെക്കുറിച്ചു ചിന്തിക്കുക. നിങ്ങളുടെ സഹഭടന്മാരെക്കുറിച്ചു ചിന്തിക്കുക. നിങ്ങൾക്ക് എന്തെല്ലാം നഷ്ടപ്പെടുന്നവെന്നു ചിന്തിക്കുക. ക്രിസ്ത്യാനിത്വത്തെ തള്ളിപ്പറയാത്ത പക്ഷം അനന്തരഫലങ്ങൾ എന്തായിരിക്കുമെന്നു ചിന്തിക്കുക." നാല്പതു പടയാളികളും ജനറലിന്റെ അപേക്ഷകൾക്കും ഭീഷണികൾക്കും വഴങ്ങിയില്ല.

തന്റെ സകലപരിശ്രമങ്ങളും നിഷ്ഫലമായി എന്നു കണ്ട വെസ്പേഷ്യൻ സൈന്യത്തെ മുഴുവനും അണിനിരത്തി. ക്രിസ്ത്യാനിത്വത്തെ തള്ളിപ്പറയുന്നതിന് അവസാനമൊരു സന്ദർഭം കൂടെ നല്കി. "ഈ സൈന്യത്തിൽ എതെങ്കിലുമൊരു ക്രിസ്ത്യാനി ഉണ്ടെങ്കിൽ മുന്നോട്ടു നീങ്ങി നില്ക്കട്ടെ എന്നു ഞാൻ കല്പിക്കുന്നു." യാതൊരു വൈമനസ്യവുമില്ലാതെ സൈന്യത്തിലെ നാല്പതു ധീരന്മാർ മുന്നോട്ടു നീങ്ങി നിന്നു.

അവിടെത്തന്നെ അവരെ വധിക്കുന്നതിനു പട്ടാളത്തോടു കല്പി ക്കാമായിരുന്നു പക്ഷേ, അയാൾക്കു വേറെ ചില പദ്ധതികൾ ഉണ്ടായിരുന്നു.

സന്ധ്യയായപ്പോൾ, അയാളുടെ സൈന്യം അവരെ മഞ്ഞു റഞ്ഞു കിടക്കുന്ന ഒരു തടാകത്തിന്റെ തീരത്തേക്കു കൊണ്ടു പോയി. അവരെ വിവസ്ത്രരാക്കി, കൊടും തണുപ്പിൽ മരിക്കു ന്നതിന് അവരെ തടാകത്തിലിറക്കിവിട്ടു. വിവസ്ത്രരായ ആ പുരുഷന്മാരോടു വെസ്പേഷ്യൻ ഇങ്ങനെ വിളിച്ചു പറഞ്ഞു: "നിങ്ങൾക്കു സുബോധമുണ്ടായി, നിങ്ങളുടെ വിശ്വാസം ത്യജി ക്കുന്ന പക്ഷം കരയിലേക്കു തിരിച്ചുകയറുക. തടാകത്തിനു ചുറ്റും നെരിപ്പോടുകൾ ഉണ്ട്. ചൂടുവസ്ത്രങ്ങളും ഭക്ഷണവും തയ്യാറാക്കിയിട്ടുണ്ട്." തടാകത്തിനു ചുറ്റും കാവൽ നിറുത്തി യിരുന്ന പട്ടാളക്കാർ, രാത്രി മുഴുവനും എന്തു സംഭവിക്കു ന്നുവെന്നറിയാൻ തടാകത്തിലേക്കു സദാസമയവും നോക്കു ന്നുണ്ടായിരുന്നു. അവർക്ക് ഒന്നും കാണുവാൻ സാധിച്ചിരുന്നി ല്ല. എങ്കിലും കൂടെകൂടെ അവർ ഇങ്ങനെ ഗാനമാലപിക്കുന്നത് കേൾക്കാമായിരുന്നു, "ഞങ്ങൾ ക്രിസ്തുവിൽ നാല്പതു പട യാളികൾ, രാജാവേ, ഞങ്ങൾ അങ്ങേയ്ക്കുവേണ്ടി പോരാട്ടം നടത്തുന്നു. ഞങ്ങൾ ജീവിച്ചാലും മരിച്ചാലും അങ്ങേയ്ക്കു വേണ്ടി!"

പ്രഭാതമടുത്തപ്പോൾ ക്ഷീണിച്ചവശനായൊരു ദയനീയ രൂപം മഞ്ഞുതടാകത്തിൽനിന്നു കയറി നെരിപ്പോടിനെ സമീ പിക്കുന്നതായി കാണപ്പെട്ടു. സൈനികർ ഓടിച്ചെന്ന് അവനെ സ്വീകരിച്ചു, കമ്പിളികൾ പുതപ്പിച്ചു. നെരിപ്പോടിനു സമീപത്തേ ക്ക് അവനെ വേഗത്തിൽ കൊണ്ടുപോയി ആ പടയാളി വിശ്വാസം തള്ളിപ്പറഞ്ഞിരുന്നു.

മഞ്ഞു മൂടികിടന്ന തടാകത്തിനു മുകളിലൂടെ അവർ ഒരു ഗാനം ശ്രവിച്ചു: "ഞങ്ങൾ മുപ്പത്തി ഒൻപതു ക്രിസ്തുവിൽ പട യാളികൾ; രാജാവേ, ഞങ്ങൾ അങ്ങേയ്ക്കായി പടപൊരുതുന്നു. ജീവിച്ചാലും മരിച്ചാലും അത് അങ്ങെയുടെ മഹത്വത്തിനായി."

വെസ്പേഷ്യൻ ആ നിമിഷം അവിടെയെത്തി, തള്ളിപ്പറഞ്ഞ ഒരുവനെയും മുപ്പത്തി ഒൻപത് ജയാളികളെയും കണ്ടു. അവന്റെ തീരുമാനം സുദൃഢമായിരുന്നു. അയാൾ തന്റെ ആയുധവർഗം ഊരിവെച്ചു, മുപ്പത്തി ഒൻപത് ധീരന്മാരോടുകൂടെ മരിക്കുന്നതിനു തടാകത്തിലേക്ക് ഇറങ്ങിപ്പോയി. കർത്താവിനെ തള്ളിപ്പറയുന്നതിനെക്കാൾ മരിക്കുന്നതിനു മുപ്പത്തി ഒൻപതു പേരും സന്നദ്ധരായിരുന്നുവല്ലോ.

# 22

# വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പന

അമേരിക്കൻ സുവിശേഷകനും വേദപണ്ഡിതനുമായിരുന്ന രൂബെൻ ടോറി വിധവയായൊരു മാതാവിന്റെയും അവരുടെ ഏക പുത്രന്റെയും കഥ പറയുമായിരുന്നു. അവർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരുന്നുവെങ്കിലും തുണിയലക്കി പ്രയാസം കൂടാതെ ഉപജീവനം കഴിച്ചുവന്നു. അവർ ആവലാതിപ്പെട്ടിരുന്നില്ല. കർത്താവിൽ നിന്നുള്ളത് എന്ന നിലയിൽ അവർ അത് സ്വീകരിച്ചിരുന്നു.

മകൻ അതിബുദ്ധിമാനായിരുന്നു. ഹൈസ്കൂൾ ഗ്രാജ്വേറ്റിംഗ് ക്ലാസിൽ അവൻ ഏറ്റവും ഉന്നതസ്ഥാനത്തായിരുന്നു. കർത്താവു കഴിഞ്ഞാൽ അവളുടെ ജീവിതത്തിൽ വലിയ സന്തോഷം ഈ മകനായിരുന്നു.

അവന്റെ പഠനസാമർഥ്യത്തിന്റെ അംഗീകാരമെന്നനിലയിൽ ബിരുദദാന സമ്മേളനത്തിൽ സന്ദേശം നല്കുന്നതിന് അവൻ തിരഞ്ഞെടുക്കപ്പെട്ടു. അവന്റെ ഒരു വിഷയത്തിലെ പഠനമികവിന് ഒരു സ്വർണമെഡൽ നല്കുന്നതിനും തീരുമാനിച്ചു.

ഗ്രാജ്വേഷൻ ദിനമായപ്പോൾ തന്റെ മാതാവ് അതിൽ സംബന്ധിക്കുന്നതിനു തയ്യാറെടുക്കുന്നില്ല എന്ന് അവൻ മനസ്സിലാക്കി. "അമ്മേ, ഇത് ഗ്രാജ്വേഷൻ ദിനമാണ്. ഇന്നാണല്ലോ എനിക്കു ബിരുദം ലഭിക്കുന്നത്. അമ്മ, ഒരുങ്ങാത്തതെന്താണ്" അവൻ ചോദിച്ചു.

അവർ അത്ര ഗൗരവമാക്കാതെ ഇങ്ങനെ പറഞ്ഞു: "ഞാൻ വരുന്നില്ല. അവിടെ വരുമ്പോൾ ധരിക്കുന്നതിനുള്ള യോഗ്യമായ വസ്ത്രങ്ങൾ എനിക്കില്ല. പട്ടണത്തിലെ പ്രധാന വ്യക്തികൾ എല്ലാവരും തങ്ങളുടെ ഏറ്റവും നല്ല വസ്ത്രങ്ങളണിഞ്ഞുവരുമല്ലോ. നിന്റെ അമ്മ, നിറം മങ്ങിയ പഴയ പരുത്തി വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നതു കാണുന്നത് നിനക്കു ലജ്ജയായിരിക്കും."

അമ്മയോടുള്ള ആദരവും സ്നേഹവും കൊണ്ട് അവന്റെ കണ്ണുകൾ തിളങ്ങി. "അമ്മേ, അങ്ങനെ പറയരുത് ഞാൻ ഒരിക്കലും അമ്മയെക്കുറിച്ചു ലജ്ജിക്കയില്ല, ഒരിക്കലുമില്ല! ഈ ലോകത്തിൽ എനിക്കുള്ള സകലത്തിനും ഞാൻ അമ്മയോടു കടപ്പെട്ടിരിക്കുന്നു. അമ്മ വരുന്നില്ലെങ്കിൽ ഞാൻ പോകുകയില്ല," അവൻ പറഞ്ഞു. അമ്മ സമ്മതിക്കുന്നതുവരെ അവരെ പ്രേരിപ്പിച്ചു. കഴിയുന്നത്ര നല്ല വസ്ത്രങ്ങൾ ധരിക്കുന്നതിന് അവൻ അമ്മയെ സഹായിച്ചു.

അമ്മയുടെ കരം പിടിച്ചുകൊണ്ട് അവൻ തെരുവിലൂടെ നീങ്ങി. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ പ്രവേശിച്ച ഉടനെ അവൻ മുൻനിരയിലെ ഏറ്റവും നല്ലൊരു ഇരിപ്പിടത്തിൽ അമ്മയെ കൊണ്ടുപോയി ഇരുത്തി. മോടിയായ വസ്ത്രങ്ങളണിഞ്ഞ പട്ടണത്തിലെ പ്രമുഖരായ വ്യക്തികൾക്കൊപ്പം ഇസ്തിരിയിട്ടു ഭംഗിയാക്കിയ പരുത്തി വസ്ത്രമണിഞ്ഞ് ആ അമ്മ ആസനസ്ഥയായി.

അവന്റെ സമയമായപ്പോൾ യാതൊരു തടസ്സവുമില്ലാതെ അവൻ തന്റെ സമാപനസന്ദേശം നല്കി. അതിനുശേഷം പ്രിൻസിപ്പൽ സ്വർണപ്പതക്കം നല്കി അവനെ ആദരിച്ചു.

സ്വർണമെഡൽ കയ്യിൽ കിട്ടിയനിമിഷം അവൻ പ്ലാറ്റ്ഫോമിൽ നിന്ന് ഇറങ്ങി തന്റെ അമ്മ ഇരുന്ന സ്ഥലത്തേക്കു നടന്നു. ആ സ്വർണപ്പതക്കം അമ്മയുടെ പരുത്തിയുടുപ്പിൽ കുത്തിവെച്ചിട്ട്: "ഇതാ, അമ്മേ, ഇത് അമ്മയ്ക്കുള്ളതാണ്. അമ്മ തന്നെയാണ് ഇതു നേടിയത്" എന്നു പറഞ്ഞു. ഈ സമയം ഇടിമുഴക്കും വിധം ജനങ്ങൾ കയ്യടിച്ചു. സദസ്യർ എല്ലാവരും എഴുന്നേറ്റു നിന്നു, അനേകരുടെ കണ്ണുകളിൽനിന്നു നീർച്ചാലുകൾ ഒഴുകി.

എഫെസ്യർ 6:2, "നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്ന തിരുവെഴുത്തിന്റെ ജീവനുള്ള അനുസരണത്തിന്റെ മാതൃകയായിരുന്നു ആ പുത്രൻ. ഡോ. ടോറി ഈ കഥ പറഞ്ഞു കേൾപ്പിക്കുന്നിടത്തെല്ലാം അദ്ദേഹം ഇതുകൂടെ പറയുമായിരുന്നു, "കർത്താവായ യേശുവിനെക്കുറിച്ചു ലജ്ജിക്കരുത്. നിങ്ങൾ സകലത്തിനും കർത്താവിനോടു കടപ്പെട്ടിരിക്കുന്നു. എഴുന്നേറ്റ് അവനെ ഏറ്റുപറയുക. രക്തസാക്ഷികൾ ലജ്ജിച്ചില്ല. ഒനേസിഫോറസ് പൗലൊസിനെക്കുറിച്ചു ലജ്ജച്ചില്ല (2 തിമൊഥെയൊസ് 1:16). പൗലൊസ് സുവിശേഷത്തെക്കുറിച്ചു ലജ്ജച്ചില്ല (റോമർ 1:16), "താൻ വിശ്വസിച്ചവനെക്കുറിച്ചും ലജ്ജിച്ചില്ല (2 തിമൊഥെയൊസ് 1:12). നാം ഒരിക്കലും ക്രിസ്തുവിനെക്കുറിച്ചു ലജ്ജിക്കരുത്.

# 23

# സ്നേഹിക്കുന്ന ദൈവം[21]

ക്രിസ്ത്യൻ മിഷൻചരിത്രത്തിൽ 'കൊച്ചു വനിത' എന്നാണ് ഗ്ലാഡിസ് അയിൽവാർഡ് അറിയപ്പെടുന്നത്. ശാരീരികമായുള്ള അവരുടെ വലിപ്പക്കുറവ് ആത്മിക വലിപ്പം പരിഹരിച്ചിരുന്നു. ഈ വിശ്വസ്തമിഷനറി ദൈവത്തിൽ ലളിതവിശ്വാസമുള്ളവായിരുന്നു. കർത്താവിനെ ശുശ്രൂഷിക്കുന്നതിൽ ഉറെച്ച തീരുമാനവും ധൈര്യവും സഹിഷ്ണുതയും പ്രദർശിപ്പിച്ചിരുന്നു. തൽഫലമായി, പ്രാർഥനയുടെ അത്ഭുതകരമായ മറുപടി അവർക്കു ലഭിച്ചിരുന്നു. ആശ്ചര്യകരമായ വിധം ലഭിച്ച പ്രാർഥനയുടെ ഉത്തരങ്ങൾ, നിരവധി അവസരങ്ങൾ, ചൈനയിൽ സുവിശേഷത്തിന്റെ നിരവധി വാതിലുകൾ തുറക്കപ്പെടുന്നതിനു മുഖാന്തരമായി.

ഒരിക്കൽ ജപ്പാന്റെ ആക്രമണമങ്ങളിൽനിന്നു രക്ഷപ്പെടുന്നതിന് അഭയാർഥികളായ വിദ്യാർഥികൾ താമസിച്ചിരുന്ന ഒരു അഭയകേന്ദ്രത്തിൽ അവരോടൊപ്പം ഗ്ലാഡിസ് താമസിച്ചിരുന്നു. ഈ യുവജനങ്ങൾ ഉത്തര-പശ്ചിമ പ്രദേശത്ത് ഒരു സ്ഥലത്തിനുവേണ്ടി പ്രാർഥിച്ചിരുന്നു. വിവിധ കാരണങ്ങളാൽ ആ യുവജനങ്ങൾക്കു പോകുവാൻ കഴിഞ്ഞിരുന്നില്ല; അതിനാൽ അവിടേക്കു പോകുന്നതിനു ദൈവം തന്നെ നിയോഗിക്കുന്നതായി

ഗ്ലാഡിസ് മനസ്സിലാക്കി. അവർ ഉടനെ യാത്രതിരിച്ചു. ഒരു ഗ്രാമത്തിൽനിന്ന് അടുത്ത ഗ്രാമത്തിലേക്കു പോകുന്നതിനു വഴികാട്ടികളുടെ സഹായം തേടിയിരുന്നു. ഗ്ലാഡിസ് സിൻസുയിയിൽ എത്തി; അതിനപ്പുറം പോകുന്നതിൽനിന്ന് അവരെ പിൻതിരിപ്പിക്കുന്നതിന് ആ ഗ്രാമീണർ ശ്രമിച്ചു. "ഇവിടെയാണ് അവസാനം. ഇതിനപ്പുറം ഒന്നുമില്ല" എന്ന് അവർ പറഞ്ഞു. "എന്നാൽ ഈ ലോകം അങ്ങനെയൊന്നും തീരുന്നില്ലല്ലോ, ഞാൻ മുന്നോട്ടു പോകണം; അതിനാണ് ഞാൻ വന്നത്" എന്നായിരുന്നു ഗ്ലാഡിസിന്റെ മറുപടി.

ഗ്ലാഡിസ് മുന്നോട്ടു പോകാൻ തന്നെ ഉറെച്ചിരിക്കുന്നുവെന്നു മനസ്സിലാക്കിയ ഹുയാങ് എന്ന ഒരു ചൈനീസ് ഡോക്ടർ അഞ്ചുദിവസം അവരോടു കൂടെ പോകാം എന്നു വാക്കുപറഞ്ഞു. അഞ്ചുദിവസങ്ങൾ പത്തു ദിവസങ്ങളായി നീണ്ടുപോയി, വഴിക്കു കണ്ട എല്ലാ മനുഷ്യരോടും അവർ യേശുവിനെക്കുറിച്ചു സംസാരിച്ചു. ആരും യേശുവിനെക്കുറിച്ചു മുമ്പൊരിക്കലും കേട്ടിരുന്നില്ല. പതിനൊന്നാം ദിവസം മനുഷ്യാധിവാസത്തിന്റെ യാതൊരു ലക്ഷണവുമില്ലാത്ത ഒരു ഊഷരഭൂമിയിൽ അവർ എത്തി. അവിടെ ഭക്ഷണമില്ല, വിശ്രമിക്കാൻ ഇടമില്ല. പ്രാർഥിക്കാനുള്ള സമയമാണ്. ഗ്ലാഡിസ് ആരംഭിച്ചു: "പ്രിയ ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങൾ ആയിരിക്കുന്ന സാഹചര്യം അവിടന്നു കാണുന്നുണ്ടല്ലോ. ഞങ്ങൾക്കു ഭക്ഷണവും രാത്രി വിശ്രമസ്ഥലവും നല്കേണമേ." തന്റെ പ്രാർഥന തനിക്കും ഡോക്ടർക്കും വേണ്ടി മാത്രമായിരുന്നല്ലോ എന്ന് അവർക്കു കുറ്റബോധം തോന്നി.

അതിനുശേഷം ഡോ. ഹുയാങ് പ്രാർഥിച്ചു: "ദൈവമേ, ഞങ്ങൾ യേശുവിനെക്കുറിച്ചു സംസാരിക്കേണ്ട ആളിനെ ഞങ്ങളുടെ അടുക്കൽ അയക്കേണമേ. ഇന്നു ഞങ്ങൾ ആരോടും യേശുവിനെക്കുറിച്ചു സംസാരിച്ചില്ലല്ലോ. ഏതോ ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി അങ്ങു ഞങ്ങളെ ഇവിടെ അയച്ചിരിക്കുകയാണ്. അങ്ങ് അനുഗ്രഹിക്കുവാൻ ഇച്ഛിക്കുന്ന മനുഷ്യനെ

കണ്ടെത്തുവാൻ ഞങ്ങളെ സഹായിക്കേണമേ." ഈ ഡോക്ടർക്ക് ദൈവത്തിന്റെ വേലയെക്കുറിച്ചു മാത്രമേ താല്പര്യമുണ്ടായിരുന്നുള്ളൂ.

ഒരു ഗാനത്തിന്റെ ചരണം ആലപിക്കാം എന്നു ഗ്ലാഡിസ് പറഞ്ഞു. ആ പർവതശിഖരങ്ങളിൽ മധുരഗാനം മറ്റൊലിക്കൊണ്ടു. അകലെനിന്ന് ഒരു മനുഷ്യൻ വരുന്നതായി ഹൂയാങ് കണ്ടു. ചാടിയെണീറ്റ് അയാളെ സ്വീകരിക്കുന്നതിനു ഡോക്ടർ ഓടിപ്പോയി. മിസ്സ് അയിൽവാർഡ് അങ്ങോട്ടു ചെല്ലുന്നതിനു ഡോക്ടർ ഉറക്കെ വിളിച്ചു. പക്ഷേ, ചെങ്കുത്തായ മല കയറുന്നതിനോ തന്റെ ഭാണ്ഡക്കെട്ടുകൾ ഇട്ടിട്ടു പോകുന്നതിനോ അവർ താല്പര്യപ്പെട്ടില്ല. ഡോക്ടർ തിരിച്ചുവന്ന് അവരെ വളരെ ഉത്സാഹിപ്പിച്ചു. തന്റെ ഭാണ്ഡക്കെട്ടുകൾ ആരും എടുത്തുകൊണ്ടു പോകയില്ല എന്നു പറഞ്ഞു.

അവർ ആ മനുഷ്യനെ കണ്ട് അത്ഭുതപ്പെട്ടുപോയി. അതൊരു ടിബറ്റൻ ലാമാ (ബുദ്ധ സന്യാസി) ആയിരുന്നു! ലാമാകൾ സ്ത്രീകളോടുള്ള സമ്പർക്കത്തിന് അനുവദിക്കപ്പെട്ടിട്ടില്ല എങ്കിലും ഡോ. ഹുയാങിനെയും ഗ്ലാഡിസിനെയും തന്റെ ആശ്രമത്തിൽ വന്നു രാപാർക്കുന്നതിന് ഈ ലാമാ ക്ഷണിച്ചു. ഗ്ലാഡിസ് അല്പം വൈമനസ്യം കാണിച്ചപ്പോൾ ലാമാ പറഞ്ഞു: "സ്നേഹിക്കുന്ന ഒരു ദൈവത്തെക്കുറിച്ചു പറയുന്നതു കേൾക്കുവാൻ ഞങ്ങൾ ഇത്ര കാലമായി കാത്തിരിക്കുകയാണ്." ആ കൊച്ചു വനിത ഞെട്ടിപ്പോയി. സ്നേഹിക്കുന്ന ഒരു ദൈവം ഉണ്ടെന്ന് അവർക്ക് എങ്ങനെ അറിയാം? പുറം ലോകവുമായി അശേഷം സമ്പർക്കമില്ലാത്ത ഇവർ, പുറം ലോകത്തു നിന്നുള്ള മിഷനറിമാരുമായി ബന്ധപ്പെടാൻ അവർക്കു കഴിഞ്ഞിട്ടുണ്ടോ?

ലാമാമാർ മെത്തകൾ സജ്ജീകരിച്ചു, കുളിക്കുന്നതിനു വെള്ളം നല്കി, രുചികരമായ ഭക്ഷണം കൊടുത്തു. രണ്ടുപേർ ഗ്ലാഡിസിന്റെ വാതില്ക്കൽ വന്നു. തങ്ങളോടൊപ്പം പോരുവാൻ അപേക്ഷിച്ചു. മറ്റുള്ളവർ ഡോ. ഹുയാങിനെ ആ സ്ഥലത്ത് കൊണ്ടുപോയി. അവിടെ ഒരു ഹാളിൽ വൈക്കോൽ ഇരിപ്പിട

ങ്ങളിൽ 500 സന്യാസിമാർ ഇരുന്നിരുന്നു. ഗ്ലാഡിസിന്റെ ആശയക്കുഴപ്പം മാറിയിരുന്നില്ല; എന്നാൽ ഡോക്ടർ ഇതിന്റെ ഉദ്ദേശ്യം മനസ്സിലാക്കി. ഒരു ഗാനം ആലപിക്കുവാൻ ഗ്ലാഡിസിനോട് അഭ്യർഥിച്ചു. ഗാനാലാപം കഴിഞ്ഞപ്പോൾ രക്ഷകൻ ബെത്‌ലഹേമിൽ ജനിച്ചതിനെക്കുറിച്ചും അവന്റെ മരണത്തെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും ഡോക്ടർ വിവരിച്ചു.

അയിൽവാർഡ് വീണ്ടും പാടി. പിന്നീട് അവർ സംസാരിച്ചു. വീണ്ടും ഗാനമാലപിച്ചു. അതിനുശേഷം ഡോ. ഹുയാങ് പാടി, അദ്ദേഹവും സംസാരിച്ചു. ഒടുവിലായി അവരോട് അനുവാദം ചോദിച്ചു ഗ്ലാഡിസ് തന്റെ മുറിയിലേക്കു പോയി. ഗ്ലാഡിസ് നന്നേ ക്ഷീണിച്ചിരുന്നു. പക്ഷേ, തന്റെ പ്രവൃത്തി അവസാനിച്ചില്ല. രണ്ടു ലാമാമാർ അവരുടെ വാതില്ക്കൽ വന്നു, തങ്ങളോടു കൂടുതൽ സംസാരിക്കുവാൻ ആവശ്യപ്പെട്ടു. അവർ പോയിക്കഴിഞ്ഞപ്പോൾ വേറെ രണ്ടുപേർ വന്നു. ഇങ്ങനെ രാത്രിമുഴുവനും തുടർന്നു. സ്നേഹിക്കുന്ന ഒരു ദൈവത്തിൽ അവർക്കു പ്രത്യേക താല്പര്യമുള്ളതായി കാണപ്പെട്ടു.

അഞ്ചു ദിവസത്തെ തുടർച്ചയായ സുവിശേഷീകരണത്തിനുശേഷം, മുഖ്യലാമായുമായി ഒരു കൂടിക്കാഴ്ചയ്ക്കു ഗ്ലാഡിസിനെ ക്ഷണിച്ചു. തനിക്കു നന്നായി ഗ്രഹിക്കാൻ കഴിയുന്ന മന്ദാറിൻ ഭാഷ അറിയുന്ന ആളാണ് മുഖ്യലാമാ എന്നു കേട്ടപ്പോൾ ഗ്ലാഡിസിനു വളരെ ആശ്വാസമായി. ലാമാമാരുടെ ആശ്രമത്തിലേക്ക് ഒരു വിദേശവനിതയെ ക്ഷണിച്ചത് എന്തുകൊണ്ടാണ് എന്നു ഗ്ലാഡിസ് ചോദിച്ചു. ലാമാമാരോടു സംസാരിക്കുന്നതിന് അനുവദിച്ചതിനും കാരണം ചോദിച്ചു. മുഖ്യലാമ ഈ സവിശേഷത നിറഞ്ഞ കഥ അവരോടു വിവരിച്ചു. ഓരോ വർഷവും പർവതങ്ങളിൽ വളരുന്ന ഒരുതരം ഔഷധച്ചെടി ശേഖരിച്ചു ലാമാമാർ വില്ക്കുന്ന പതിവുണ്ട്. ആ വർഷം, അവർ ഒരു ഗ്രാമത്തിൽ ചെന്നപ്പോൾ, "ഇതിൽ ഒരെണ്ണം ആർക്കു വേണം" എന്നു ചോദിച്ചുകൊണ്ട് ഒരു മനുഷ്യൻ ലഘുലേഖകൾ വിതരണം ചെയ്യുന്നത് അവർ കണ്ടു. "രക്ഷ സൗജന്യ

മാണ്; നിങ്ങൾ വിലകൊടുക്കേണ്ടതില്ല. രക്ഷ ലഭിക്കുന്നവർ എന്നേക്കും ജീവിക്കും, കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്ന വർ ഗോസ്പൽ ഹാളിലേക്കു വരിക" എന്ന് അയാൾ പറഞ്ഞു കൊണ്ടിരിക്കുന്നതും കണ്ടു.

അവർ ആ ലഘുലേഖ വാങ്ങി, സന്യാസാശ്രമത്തിൽ കൊണ്ടുപോയി ഭിത്തിയിൽ ഒട്ടിച്ചുവെച്ചു, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്ക വണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16) അതിൽ ഉദ്ധരിച്ചിരിക്കുന്നു. സ്നേഹിക്കുന്ന ദൈവം ഉണ്ട് എന്ന വസ്തുത ഈ വചനം അവരെ നിരന്തരം ഓർമിപ്പിച്ചുകൊണ്ടിരുന്നു. അഞ്ചുവർഷം അവർ ഈ ഔഷധച്ചെടിയുമായി ആ ഗ്രാമം സന്ദർശിച്ചിരുന്നു, അപ്പോഴെല്ലാം, "സ്നേഹിക്കുന്ന ദൈവം താമസിക്കുന്നത് എവിടെ എന്ന് അവർ അന്വേഷിച്ചുകൊണ്ടിരുന്നു. ഒടുവിൽ ലെൻ ചൊയിലെ ഒരു മനുഷ്യൻ ചൈന ഇൻലാൻഡ് മിഷൻ കോമ്പൗണ്ടിലേക്ക് അവരെ പറഞ്ഞയച്ചു. അവിടെ ഒരു മിഷണറി അവർക്കു രക്ഷയുടെ മാർഗം ഉപദേശിച്ചു കൊടുക്കയും, ഒരു സുവിശേഷപ്രതി നല്കുകയും ചെയ്തു. അവർ അത് പഠിച്ചു. മർക്കൊസ് 16:15-ൽ "നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" എന്ന തിരുവെഴുത്ത് അവരുടെ ശ്രദ്ധയിൽ പെട്ടു. ആരെങ്കിലും എന്നെങ്കിലുമൊരിക്കൽ ഈ സുവിശേഷവുമായി തങ്ങളെ തേടിവരുമെന്ന്, അവർ അനുമാനിച്ചു. ദൈവം ഒരു സന്ദേശവാഹകനെ അയക്കുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കുന്നതിനു തങ്ങൾ ഒരുക്കമായിരിക്കണം എന്ന് അവർ തീരുമാനിക്കുകയും ചെയ്തു.

അവർ പിന്നെയും മൂന്നുവർഷം കൂടെ കാത്തിരുന്നു. അപ്പോൾ പർവതമേടുകളിൽ നടന്ന രണ്ടു സന്യാസിമാർ, ആരോ പാട്ടു പാടുന്നതു കേട്ടു. "ദൈവത്തെ അറിയുന്ന ആളുകൾ മാത്രമേ പാടുകയുള്ളൂ" എന്ന് അവർ പറഞ്ഞു. അതി

ലൊരാൾ പർവതത്തിൽനിന്ന് ഇറങ്ങി, ഗ്ലാഡിസിനെയും ഡോ. ഹുയാങിനെയും കണ്ടെത്തി. മറ്റെയാൾ സന്യാസശ്രമത്തി ലേക്കും പോയി തങ്ങൾ ദീർഘകാലമായി കാത്തിരിക്കുന്ന അതിഥികളെ സ്വീകരിക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്യുവാൻ അവരെ ഉണർത്തി.

അതുകൊണ്ടാണ് ഈ രണ്ടു ക്രിസ്ത്യാനികളും അവിടെ ഹാർദമായി സ്വീകരിക്കപ്പെട്ടത്. അവരുടെ ദാഹാർത്തമായ ഹൃദയങ്ങൾ തുറക്കപ്പെട്ടു.

സന്യാസിമാർ ആരെങ്കിലും മാനസാന്തരപ്പെട്ടുവോ? അതറി യാതെ ഗ്ലാഡിസ് തിരിച്ചു പോയി. ദൈവികമായ പ്രത്യേകനിർ ണയങ്ങളുടെ ഒരു പരമ്പരയാണ് തന്നെയും ഡോ. ഹുയാങി നെയും അവിടേക്കു നയിച്ചത് എന്നു മാത്രമേ ഗ്ലാഡിസിന് അറി യാമായിരുന്നുള്ളൂ. ഫലം ദൈവം നിശ്ചയിച്ചുകൊള്ളട്ടെ എന്ന് അവർ കരുതി. ഇത്രയും സങ്കീർണമായൊരു സാഹചര്യത്തിൽ ഒരു കൂടിക്കാഴ്ചയൊരുക്കിയത് വെറുതെയാകയില്ല എന്നു മാത്രം അവർ മനസ്സിലാക്കി.

തന്റെ വിശ്വാസത്താലും അനുസരണത്താലും ആത്മാവി ലെ നടത്തിപ്പിനാലും ആ കൊച്ചുവനിത കർത്താവായ യേശു വിനെ പരിചയപ്പെടുത്തി. മറ്റുള്ളവരുടെ മുമ്പിൽ അവർ ക്രിസ്തുവിലുള്ള വിശ്വാസത്തെ ഏറ്റുപറഞ്ഞു. തന്റെ ജീവി തചക്രങ്ങൾ തിരിയുന്നത് അവർ ഗ്രഹിച്ചു. അവരുടെ ജീവിതം പ്രകൃത്യാതീത പ്രകാശത്താൽ പൂരിതമായിരുന്നു. അവർ മറ്റുള്ളവരുടെ ജീവിതങ്ങളെ സ്പർശിച്ചപ്പോൾ, ദൈവത്തിനു വേണ്ടി ചിലത് സംഭവിക്കുകയും ചെയ്തു.

# 24

# അവിശ്വസനീയ കൃപ[22]

ചില പ്രത്യേക കാരണങ്ങളാൽ ഈ കഥയിലെ ദമ്പതികൾക്കു സാങ്കല്പിക പേരുകളാണ് ഞാൻ കൊടുത്തിരിക്കുന്നത്. യു.എസ്. സൈന്യത്തിലെ ഒരോഫീസർ ആയിരുന്നു എർണി. യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഒരു വലിയ സൈനികത്താവളത്തിലാണ് തന്നെ നിയോഗിച്ചിരുന്നത്. എർണിയുടെ ഭാര്യ എലീസ പുറത്തുള്ള യാതൊരു ജോലിയും സ്വീകരിച്ചില്ല. ഭവനത്തിൽ പാർത്തുകൊണ്ട് തങ്ങളുടെ രണ്ടു മക്കളെയും വളർത്തുന്നതിനാണ് തന്നെ വിളിച്ചിട്ടുള്ളത് എന്ന് അവർ കരുതി. ചെറിയ പിണക്കങ്ങൾ ഒഴിച്ചാൽ അവരുടേത് സന്തോഷകരമായ വിവാഹജീവിതമായിരുന്നു.

അങ്ങനെയിരിക്കെ എർണിയെ ജപ്പാനിലേക്കു മാറ്റി. കുടുംബനാഥനെ അനുഗമിക്കുന്നതിന് അന്ന് അനുവാദമില്ലായിരുന്നുവെങ്കിലും ഈ കുടുംബം കത്തുകൾ മുഖാന്തരം നിരന്തരം ബന്ധപ്പെട്ടിരുന്നു. ഡാഡിയുടെ ഒരു കത്തു ലഭിക്കുന്നത് വീട്ടിൽ ഒരുത്സവമായിരുന്നു. അമ്മ കത്തു തുറന്നു വായിക്കുമ്പോൾ മക്കൾ രണ്ടു പേരും നിലത്ത് ഇരിക്കും. ശേഷിച്ച ദിവസത്തെ വർത്തമാനം മുഴുവനും കത്തിലെ ഉള്ളടക്കമായിരിക്കും. ഡാഡി അത്ര അകലെയല്ല എന്ന് അവർക്കു തോന്നിയിരുന്നു.

അതിനാൽ കത്തു ലഭിക്കാതെ ഒരാഴ്ചകടന്നുപോയപ്പോൾ പരിഭ്രമമായി. എലീസ പല കാര്യങ്ങൾ സങ്കല്പിച്ചുപോയി. എർണിക്കു സുഖമില്ലായിരിക്കും, ഏതെങ്കിലും അപകടത്തിൽ പ്പെട്ടിരിക്കാം, അല്ലെങ്കിൽ അപകടകരമായ ഏതെങ്കിലുമൊരു ദൗത്യത്തിനായി അകലെ അയയ്ക്കപ്പെട്ടതാകാം. രണ്ടാഴ്ച കഴിഞ്ഞു, കത്തുകൾ ഇല്ല. എന്തെങ്കിലും രോഗമോ അപകട മോ ആയിരുന്നുവെങ്കിൽ ഇതിനകം നിശ്ചയമായും അറിയിപ്പു ലഭിക്കുമായിരുന്നു. മൂന്നാഴ്ച കഴിഞ്ഞു, കത്തുകളില്ല. നാലാ ഴ്ചയായി ഒടുവിലൊരു കത്തു വന്നു. കണ്ണിൽ ഇരുട്ടുകയറി. എലീസയുടെ ഭയം യാഥാർഥ്യമായി. അത് അവിശ്വസനീയ മായിരുന്നു. ഇത് ഉണ്ടാകത്തക്കവണ്ണം താൻ എന്തു ചെയ്തു? അവളാകെ തളർന്നു. കുഞ്ഞുങ്ങളോട് അതു പറയുവാനാകാ ത്ത വിധം അവൾ തകർന്നുപോയി.

ഒടുവിൽ ഒരു മകൻ ചോദിച്ചു: "മമ്മീ, എന്തുപറ്റി? ഡാഡിക്ക് എന്തെങ്കിലും സംഭവിച്ചോ? കത്തിൽ ഡാഡി എന്താണു പറ ഞ്ഞിരിക്കുന്നത്?"

തങ്ങളുടെ ഡാഡി മറ്റൊരു സ്ത്രീയുമായി സ്നേഹത്തി ലായി എന്നു പറയുന്നത് അവൾക്കൊരു പീഡനമായിരുന്നു. അവരുടെ മുഖത്തെ ഞെട്ടൽ അവൾ കണ്ടു. കുഞ്ഞുങ്ങൾക്ക് അപ്പോൾ അതൊന്നും അത്ര മനസ്സിലായില്ല. എങ്കിലും തങ്ങ ളുടെ ഡാഡി ഇനി തങ്ങളുടെ അടുക്കൽ വരികയില്ല എന്ന് അവർ ഗ്രഹിച്ചു. ഒടുവിൽ ഒരു മകൻ പറഞ്ഞു: "അമ്മേ, ഞാൻ ഒരു കാര്യം ചോദിച്ചോട്ടേ? ഡാഡി ഞങ്ങളെ ഇനിയും സ്നേഹി ക്കയില്ല എന്നതിനാൽ ഞങ്ങൾക്ക് അദ്ദേഹത്തെ സ്നേഹി ക്കാൻ കഴികയില്ല എന്നാണോ അർഥമാക്കുന്നത്?"

ഈ ചോദ്യം എലീസയെ കുത്തി നോവിച്ചു. അവൾ സങ്കീർ ത്തനം 8:2 ഓർത്തു, "നീ ശിശുക്കളുടെയും മുലകുടിക്കുന്നവ രുടെയും വായിൽനിന്നു ബലം നിയമിച്ചിരിക്കുന്നു." തന്റെ അരി ഷ്ടതയിലും ദുഃഖത്തിലും അവൾ ഈ ആശയം മനസ്സിലാ ക്കിയിരുന്നില്ല ഈ ചോദ്യം നന്നായി വിചിന്തനം ചെയ്തശേഷം

അവൾ പറഞ്ഞു: "ഇല്ല, അദ്ദേഹത്തെ സ്നേഹിക്കുന്നതിനായി നാം അനുവദിക്കപ്പെട്ടിരിക്കുന്നു." പക്ഷേ, നിരുദ്ധകണ്ഠയായി ട്ടാണ് അവൾ ആ വാക്കുകൾ പറഞ്ഞത്. അവളുടെ ഇളയമ കൻ പറഞ്ഞു: "അമ്മേ, ഞങ്ങൾ ഇപ്പോഴും അദ്ദേഹത്തെ സ്നേഹിക്കുന്നതിന് ആഗ്രഹിക്കുന്നതിനാൽ, ഞങ്ങൾക്കു കത്തുകൾ അയച്ചുകൊണ്ടിരിക്കണം എന്ന് അറിയിച്ചുകൊണ്ട് അമ്മ അദ്ദേഹത്തിനു ദയവായൊരു കത്ത് അയക്കുമോ?" അദ്ദേ ഹത്തിന്റെ കത്തുകൾ ഇനിയും ലഭിച്ചുകൊണ്ടിരിക്കും എന്നാ ണ് ഇത് അർഥമാക്കിയത്.

അവർ അങ്ങനെ ചെയ്തപ്പോൾ, തന്റെ അവിശ്വസ്തതയുടെ വിശദവിവരങ്ങൾ ചുരുളഴിഞ്ഞു. തന്റെ പതിനഞ്ചു വയസ്സുകാ രിയായ വേലക്കാരിയുമായിട്ടാണ് അദ്ദേഹം സ്നേഹബന്ധത്തി ലായത്. തുടർന്ന് ആ വിവാഹബന്ധത്തിൽ പല കുഞ്ഞുങ്ങളും ഉണ്ടായി. സംഭവിച്ചതെന്തെന്നു വിശ്വസിക്കുവാൻ എലീസ നന്നേ പാടുപെട്ടു. അപ്പോഴും അവൾ ഞെട്ടലിൽനിന്നു വിമുക്തയാ യിരുന്നില്ല. മറ്റൊരു വെള്ളിടികൂടെ വരികയായിരുന്നു.

അത് എർണിയുടെ ഒരു കത്തായിരുന്നു. "പ്രിയ എലീസ, ഈ കാര്യം നിങ്ങൾക്ക് എഴുതുന്നതിൽ എനിക്കു ദുഃഖമുണ്ട്. എനിക്കു ക്യാൻസർ ഉണ്ടെന്നു കണ്ടുപിടിച്ചിരിക്കുന്നു. ഇനി അധികകാലം ഞാൻ ജീവിച്ചിരിക്കുകയില്ല. എന്റെ പെൻഷൻ അടിയറവെക്കേണ്ടിവന്നു. വളരെ കഷ്ടിച്ചാണു ഞങ്ങൾ ജീവി ക്കുന്നത്. എന്റെ മരണശേഷം എന്റെ കുടുംബത്തിന് എലീസ കുറച്ചു പണം അയച്ചുകൊടുക്കുമോ?"

കത്തു വായിച്ചിട്ട് എലീസ ഇങ്ങനെ പറഞ്ഞു: "കൊള്ളാം, ഇപ്പോൾ ഞാൻ കേൾക്കേണ്ടതെല്ലാം കേട്ടിരിക്കുന്നു." സ്വഭർ ത്താവിന്റെ അനുതാപമില്ലായ്മയും കൈപ്പും അവൾക്കു സഹി ക്കാൻ കഴിഞ്ഞില്ല. ക്ഷമായാചനയുടെ ഒരു വാക്കുപോലുമില്ല. ഒരു ഏറ്റുപറച്ചിലോ മാപ്പപേക്ഷയോ അതിൽ ഇല്ല. അതവൾ ക്കു ഗ്രഹിപ്പാനാകുന്നില്ല.

കുറെക്കൂടെ ശാന്തമായപ്പോൾ, "ഡാഡി ഇനിയും ഞങ്ങളെ

സ്നേഹിക്കുകയില്ല എന്നതിനാൽ ഞങ്ങൾക്ക് അദ്ദേഹത്തെ സ്നേഹിക്കാൻ കഴിയുകയില്ല എന്നാണോ അർഥമാക്കുന്നത്" എന്ന തന്റെ മകന്റെ ചോദ്യം അവൾ ഓർത്തു. അവൾ മറുപടി എഴുതി: പണം അയച്ചുകൊടുക്കാൻ കഴിയില്ലെങ്കിലും മറ്റൊരു കാര്യം ചെയ്യാൻ തനിക്കു കഴിയുമെന്ന് അവൾ വ്യക്തമാക്കി. "എനിക്ക് എന്തു ചെയ്യാൻ കഴിയുമെന്നു പറയട്ടെ, നിങ്ങളുടെ മരണത്തിനുശേഷം അവർ അമേരിക്കയിൽ വരുന്നതിനു ക്രമീകരിക്കരുതോ? അവർക്ക് ഈ ഭവനത്തിൽ താമസിക്കാം. സ്വയം സന്ധാരണം നടത്തുന്നതിനു ഞാൻ അവരെ അഭ്യസിപ്പിക്കാം."

അതാണു സംഭവിച്ചത്. എലീസ പിന്നീടു വിവരിച്ചു, "എന്റെ മുമ്പിൽ രണ്ടുവഴികൾ ഉണ്ടായിരുന്നു. എനിക്കു കഴിഞ്ഞകാലത്തെ തിരിഞ്ഞു നോക്കി എന്നോടു ചെയ്തതിന് ആ മനുഷ്യനെ ശപിക്കാം അല്ലെങ്കിൽ, ഈ ലോകത്തിലൊരു അന്ധകാരതുരങ്കത്തിനുള്ളിൽ ദൈവത്തിന്റെ വെളിച്ചം പ്രകാശിപ്പിക്കുവാനൊരു പദവി എനിക്കു നല്കിയതിനു ദൈവത്തെ സ്തുതിക്കാം."

ദൈവത്തിന്റെ വെളിച്ചം അന്ധകാരതുരങ്കത്തിനുള്ളിൽ പ്രകാശിപ്പിക്കുന്നതിന്, ഈ ദത്തു കുടുംബത്തോടു സുവിശേഷം പങ്കുവെക്കുന്നതും ഉൾപ്പെടുന്നുവെന്നതിൽ സംശയമില്ല. ആ കുടുംബത്തിനും കർത്താവിന്റെ വെളിച്ചം ആകുവാൻ കഴിയും. ആർച്ച് ബിഷപ്പ് ടെമ്പിൾ പറഞ്ഞത് എത്രയോ ശരി: "നന്മെക്കു തിന്മ പകരം നല്കുന്നത് പൈശാചികമാണ്. നന്മെക്കു നന്മ പകരം ചെയ്യുന്നത് മാനുഷികവും, തിന്മയ്ക്കു നന്മ പകരം നല്കുന്നത് ദൈവികമത്രെ."

# 25

# അദ്ദേഹം ദരിദ്രരെ സ്നേഹിച്ചു[23]

ജോൺ നെൽസൺ ഡാർബി ധനികരോടും പ്രശസ്തരോടും കൂട്ടുകൂടുന്നതിൽ ഭ്രമമുള്ളവനായിരുന്നില്ല. ഒരു ധനിക ഭവനത്തിലാണ് അദ്ദേഹം വളർത്തപ്പെട്ടത് എന്നതിനാൽ ഇത് അസ്വാഭാവികമായിരുന്നു. മേൽത്തട്ടു സമൂഹത്തിന്റെ കൂട്ടായ്മയിൽ തനിക്കു സുഖകരമായ താമസസൗകര്യങ്ങളും മറ്റും ലഭിക്കുമായിരുന്നല്ലോ. പക്ഷേ, അങ്ങനെയല്ല, അദ്ദേഹം ദരിദ്രരെ സ്നേഹിച്ചു. ആ വസ്തുത സംശയത്തിനിടയില്ലാത്ത വിധം ജനത്തെ അറിയിക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ അദ്ദേഹം കോണ്ടിനെന്റിൽ വചനം ശുശ്രൂഷിക്കുവാൻ, പല ദിവസങ്ങളുടെ യോഗ പരിപാടികൾക്കുവേണ്ടി ട്രെയിനിൽ വന്നെത്തി. അദ്ദേഹത്തെ സ്വീകരിക്കാനെത്തിയ വലിയ കൂട്ടം വിശ്വാസികളുടെ സമൂഹത്തിൽ, പ്രശസ്തനായൊരു പ്രസംഗകന് ആതിഥ്യമരുളുന്നതിൽ അഭിമാനിക്കുന്ന കുലീനരായ ചില വനിതകളും ഉണ്ടായിരുന്നു. അവരുടെ കൊട്ടാരസദൃശമായ വീടുകളിൽ പോയാൽ തന്റെ ഭക്ഷണവും

താമസവുമൊക്കെ അതിഗംഭീരമാകും. പ്രശസ്തനായ ഡാർബിക്കു തങ്ങൾ ആതിഥ്യമരുളി എന്ന് അവർക്കു മറ്റുള്ള വരോടു പൊങ്ങച്ചം പറയുകയും ചെയ്യാം.

ഡാർബി ആ ജനക്കൂട്ടത്തെ നോക്കി, സാഹചര്യം നന്നായി വിലയിരുത്തി. അവിടെ ലീഡർമാരായി കാണപ്പെട്ടവരോട് അദ്ദേ ഹം ചോദിച്ചു, "പട്ടണത്തിലെത്തുന്ന പ്രസംഗകരുടെ കാര്യ ങ്ങൾ സാധാരണയായി അന്വേഷിക്കുന്നത് ആരാണ്?" ആ ജന ക്കൂട്ടത്തിനു പുറകിൽ ഒതുങ്ങി നില്ക്കുന്ന വിനയാന്വിതനായ ഒരാളിനെ അവർ ചൂണ്ടിക്കാണിച്ചു. ഡാർബി അയാളുടെ അടു ക്കൽ പോയി, അദ്ദേഹത്തിന്റെ വീട്ടിൽ തന്നെ താമസിപ്പിക്കാൻ കഴിയുമോ എന്നു ചോദിച്ചു. ആ സാധാരണക്കാരൻ സന്തു ഷ്ടനായി, ഡാർബിയുടെ സ്യൂട്ട്കേയ്സ് എടുക്കാൻ ഓടി. ഡാർബിയുടെ ജീവചരിത്രരചയിതാക്കളിലൊരാൾ ഇപ്രകാരം എഴുതി: "അറിയപ്പെടാത്ത വളരെ പ്രസംഗകരെ പരിചരിച്ചി രുന്ന ആ സഹോദരന് ഒരു പ്രശസ്ത ദൈവദാസന് ആതിഥ്യമ രുളുന്നതിനുള്ള പദവി ലഭിച്ചു."

ഡാർബി ദരിദ്രരോടുള്ള തന്റെ സ്നേഹം ഇങ്ങനെ വിവ രിച്ചു. ക്രിസ്തു ദരിദ്രരെ സ്നേഹിച്ചു. മാനസാന്തരപ്പെട്ടതിനു ശേഷം ഞാനും അങ്ങനെ തന്നെ ചെയ്യുന്നു. സമൂഹത്തിന്റെ അംഗീകാരം വേണ്ടവർ അത് എടുത്തുകൊള്ളട്ടെ. ഞാൻ അതിനു മനസ്സുവെച്ചാൽ, ലണ്ടനിൽനിന്നു ഹൃദയത്തിൽ വേദ നയുള്ളവനായിട്ടായിരിക്കും തിരിച്ചെത്തുന്നത്. ഞാൻ ദരിദ്രരെ സമീപിക്കുമ്പോഴും ദോഷങ്ങൾ കാണുന്നുണ്ടെങ്കിലും ഒരു വ്യത്യാസമുണ്ട്. ധനികരും സമൂഹത്തിലെ മേൽത്തട്ടുകാരും പ്രതിബദ്ധതയില്ലാതെ ക്രിസ്തുവിനെ എത്രയധികം തങ്ങൾ ക്കായി കരുതിവെക്കാമെന്ന് ചിന്തിക്കുകയും വിധിക്കുകയും ചെയ്യുന്നവരാണ്. ദരിദ്രരാകട്ടെ, തങ്ങളുടെ ദുഃഖങ്ങളിൽ തങ്ങളെ ആശ്വസിപ്പിക്കുവാൻ എത്രയധികം ക്രിസ്തുവിനെ തങ്ങളിൽ ആവാഹിക്കുവാൻ കഴിയും എന്നു ചിന്തിക്കുന്ന വരാണ്.

ക്രിസ്തു 70 ശിഷ്യന്മാരെ പരിശീലിപ്പിക്കുമ്പോൾ ആതിഥേയത്തിന്റെ പാഠങ്ങളും അതിൽ ഉൾപ്പെടുത്തിയിരുന്നു.

ഏതു വീട്ടിൽ എങ്കിലും ചെന്നാൽ: "ഈ വീടിനു സമാധാനം എന്ന് ആദ്യം പറവിൻ" അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്മേൽ വസിക്കട്ടെ. ഇല്ലെന്നു വരികിലോ നിങ്ങളിലേക്കു മടങ്ങിപ്പോരും. അവൻ തരുന്നതു തിന്നും കുടിച്ചും കൊണ്ട് ആ വീട്ടിൽ തന്നേ പാർപ്പിൻ വീട്ടിൽനിന്നു വീട്ടിലേക്കു മാറിപ്പോകരുത്" (ലൂക്കൊസ് 10:5-7).

സമാധാന സന്ദേശം സ്വീകരിക്കുന്നതിനൊരുമ്പെട്ട വ്യക്തിയുടെ ആതിഥ്യം സ്വീകരിക്കണമെന്നു കർത്താവ് അവരെ പഠിപ്പിച്ചു. കൂടുതൽ നല്ല താമസത്തിനും നല്ല ഭക്ഷണത്തിനുമായി അവർ ഒരു വീടുവിട്ടു മറ്റൊരു വീട്ടിലേക്കു പോകരുത്.

ഡാർബിയെ അഭിമുഖീകരിച്ചത് വാസ്തവത്തിൽ ഈ സാഹചര്യങ്ങൾ ആയിരുന്നില്ല. ശിഷ്യന്മാർക്ക് എന്തു ലഭിക്കുന്നുവോ അത് അവർ സ്വീകരിക്കണം. ഡാർബി ദരിദ്രരോടുകൂടെ പാർക്കുന്നത് ചോദിച്ചു വാങ്ങുമായിരുന്നു. രണ്ടിടത്തും തത്വം ഒന്നുതന്നെ. ഏറ്റവും ആഡംബര ഭവനത്തിനായി അവർ വിലപേശി നടക്കരുത്. കല്പന ഓർക്കുക; "ആ വീട്ടിൽ തന്നേ പാർപ്പിൻ, വീട്ടിൽനിന്നു വീട്ടിലേക്ക് മാറിപ്പോകരുത്."

# 26

# ചർച്ചിനുള്ളിൽ നഗ്ന പാദനായി വരുന്നത്[24]

ഡെന്നീസ് ഡീഹാൻ അനുദിന മന്നാ എന്ന ധ്യാനഗ്രന്ഥ ത്തിൽ ഒരു സഭയിൽ പ്രതിസന്ധിയുണ്ടാക്കിയ ഒരു ചെറിയ സംഭവം വിവരിക്കുന്നു. നഗരപ്രാന്തത്തിലെ ഒരു മുഖ്യധാരാ സഭയിൽ അടുത്തുള്ള ഒരു കോളെജ് വിദ്യാർഥിയായ ഒരു യുവ വിശ്വാസി ചെരുപ്പില്ലാതെയും ടീഷർട്ട്-ജീൻസ് ധരിച്ചും കട ന്നുവന്നു. സദസ്യർ വളരെ അസ്വസ്ഥരായി അന്യോന്യം നോക്കി. സഭയ്ക്കകത്ത് നഗ്നപാദനായി വരരുത് എന്ന് അയാൾക്ക് അറിയില്ലേ? അതുപോലെ പുരുഷന്മാർ സ്യൂട്ട് ധരി ച്ചല്ലേ വരേണ്ടത്?

സഭ തിങ്ങി നിറഞ്ഞിരുന്നതിനാൽ ബിൽ നടന്നു നേരെ മുൻനിരയിലെത്തി. അവിടെ ഒഴിഞ്ഞ സീറ്റുണ്ടായിരുന്നില്ല. അയാൾ നിലത്ത് പ്രസംഗപീഠത്തിനു തൊട്ടു മുമ്പിൽ ഇരു ന്നു. ആരും ഇതിനു മുമ്പ് ഒരിക്കലും ഇങ്ങനെ ചെയ്തിട്ടില്ല. പാരമ്പര്യ ലംഘനങ്ങൾ നടന്ന ഒരു ദിനമായിരുന്നു അത്. സഭാം ഗങ്ങൾക്ക് അതത്ര സുഖകരമായില്ല.

പ്രായമുള്ള ഒരു പക്ഷവാതരോഗി മറ്റൊരു പാരമ്പര്യം ലംഘിച്ചു. അയാൾ വടിയൂന്നിക്കൊണ്ട് മുന്നിലെത്തി. ഇനിയിപ്പോൾ എന്തുണ്ടാകും? തന്റെ വടി നിലത്തിട്ടശേഷം വളരെ വേദനപ്പെട്ടു, കുനിഞ്ഞു ബില്ലിനു സമീപം അയാൾ നിലത്തിരുന്നു. ആ യുവാവിനെ ഒറ്റപ്പെട്ടവനായി അവിടെ ഇരുത്തുന്നതിൽ അദ്ദേഹത്തിനിഷ്ടമില്ലായിരുന്നു.

ഇതുപോലൊരു സംഭവം ഞാൻ താമസിക്കുന്നതിനു സമീപമുള്ള ഒരു ചാപ്പലിൽ നടന്നതു ഞാൻ ഓർക്കുന്നു. ഹിപ്പികളുടെയും ഫ്ളൗവർ ചിൽഡ്രൻസ്, ലവ് ജനറേഷൻ എന്നീ കൂട്ടരുടെയും കാലത്താണ് അതു നടന്നത്. ഒരു പുതിയ വിശ്വാസി വൈകിട്ടു നടന്ന കർതൃമേശയിൽ നഗ്നപാദനായി സംബന്ധിച്ചു. അധികമാരും അതു ശ്രദ്ധിച്ചില്ല. എന്നാൽ പ്രായമുള്ളൊരു വിശുദ്ധയ്ക്ക് യോഗാനന്തരം ആ പുതിയ വിശ്വാസിയെ ഒന്നു തിരുത്തണമെന്നു തോന്നി. ഒരു മൂപ്പൻ അവിടെ സംഭവിക്കുന്നതു കണ്ടു. അവനോടുള്ള വിശുദ്ധയുടെ പ്രഭാഷണം അവസാനിച്ചപ്പോൾ അടുത്തു ചെന്ന് ആ യുവാവിനെ ആശ്ലേഷിച്ചുകൊണ്ട്, "സാരമില്ല, കാലുകൾ സുന്ദരമാണല്ലോ" എന്നു പറഞ്ഞു. "അതെ, അവ ഒറിജിനലാണ്" എന്നായിരുന്നു അവന്റെ മറുപടി.

പക്ഷവാതക്കാരനായ വൃദ്ധനെയും മനസ്സലിവുള്ള മൂപ്പനെയും ഞാൻ ബഹുമാനിക്കുന്നു. അതുപോലെ പുറമെയുള്ള വാക്കുകൾക്കപ്പുറം കാണാൻ കഴിയുന്നവരെയും കർത്താവായ യേശുവിനെ സ്നേഹിക്കുന്ന ഹൃദയത്തെ കാണുവാൻ കഴിയുന്നവരെയും ഞാൻ ആദരിക്കുന്നു. നിങ്ങളുടെ വിമർശനം അവരെ ഓടിച്ചു കളയുകയേയുള്ളൂ. സ്നേഹം, വളരുന്നതിന് അവരെ സഹായിക്കും. ക്രിസ്തുവിനെപ്പോലുള്ള മനസ്സു പറയുന്നു, "അവരെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ."

# 27

# ആമസോണിനു മുകളിൽ വെടിവെച്ചു വീഴ്ത്തി

ജിം-റോണി ബോവേഴ്സ് ദമ്പതികൾ ലെറ്റിഷ്യായിലെ (കൊളംബിയ) കോൺസുലേറ്റിൽ പോയിരുന്നു. ഏഴുമാസം മാത്രം പ്രായമുള്ള ചാരിറ്റി എന്ന ദത്തുപുത്രിക്ക് പെറുവിലെ റസിഡൻഷ്യൽ വിസാ ലഭിക്കുന്നതിനാണ് അവർ അവിടെ പോയത്. ഇപ്പോൾ അവർ തങ്ങളുടെ പെറുവിലെ ഇകിറ്റോസിലുള്ള ഹൗസ്ബോട്ടിലേക്ക് ചെറിയ സെസ്ന പ്ലെയിനിൽ യാത്രചെയ്യുകയാണ്. സഹമിഷനറിയും ഉറ്റ സ്നേഹിതനുമായ കെവിൻ ഡൊണാൾഡ്സൺ ആണ് വിമാനം പറത്തിയിരുന്നത്. പുറകിലത്തെ വാതായനത്തിലൂടെ പെറുവിലെ പച്ചമേടുകൾ കണ്ടാസ്വദിക്കുകയാണ് ഏഴു വയസ്സുകാരൻ കോറി ബോവേഴ്സ്.

ഒരു പെറുവിയൻ യുദ്ധവിമാനം തങ്ങൾക്കു പിന്നിൽ പറന്നു വരുന്നത് കെവിനും ജിമ്മും കണ്ടു. സി.ഐ.എ. പ്രവർത്തകരെയും വഹിച്ചുകൊണ്ട് മറ്റൊരു ജെറ്റ് വിമാനം പോർവിമാനത്തിന് അകമ്പടിയായി പോരുന്നത് അവർ കണ്ടതുമില്ല. ആ

പ്രദേശത്ത് മയക്കുമരുന്നിന്റെ വമ്പിച്ച കള്ളക്കടത്ത് നടക്കുന്ന തിനാലാണ് വിമാനങ്ങൾ റോന്തു ചുറ്റുന്നത്. സെസ്നയുടെ നേർക്കു വെടിയുതിർക്കുന്നതിനു മുമ്പെ സൂക്ഷ്മ നിരീക്ഷണം നടത്തുന്നതിനു പെറൂവിയൻ പൈലറ്റിനെ സി.ഐ.എ ഉപദേ ശിച്ചിരുന്നുവെന്ന് അവകാശപ്പെടുന്നു. പക്ഷേ, അതു വളരെ താമസിച്ചുപോയി.

ഒരുവെടിയുണ്ട റോണിയുടെ മുതുകു തുളച്ചുകൊണ്ട് റോണിയുടെ മടിയിലിരുന്ന ചാരിറ്റിയുടെ തല തകർത്തു. ഇരു വരും ആ നിമിഷം മരിച്ചു. മറ്റൊരു വെടിയുണ്ട പൈലറ്റിന്റെ വലത്തെ കാൽ തകർത്തു. വേറൊന്ന്, ഫ്യൂവൽ ടാങ്ക് പൊളിച്ചു; വിമാനത്തിന് തീപിടിച്ചു. ക്യാബിനകത്തുണ്ടായ അഗ്നി അണ യ്ക്കുന്നതിനു ജിം സഹായിച്ചു. കെവിൻ, കത്തിക്കൊണ്ടിരുന്ന വിമാനം അത്ഭുതകരമായി ആമസോണിന്റെ പോഷകനദി യിലെ ജലപ്പരപ്പിൽ ഇറക്കി. പ്ലെയിൻ നിലം പതിച്ച ശേഷവും യുദ്ധവിമാനം മിഷനറിമാരുടെ നേർക്കു വെടിയുതിർത്തുകൊ ണ്ടിരുന്നു.

പ്ലെയിൻ ആളിക്കത്തിക്കൊണ്ടിരുന്നു. തന്റെ ഭാര്യയുടെയും പുത്രിയുടെയും ശവശരീരങ്ങൾ വാരിയെടുത്തു വെള്ളത്തിൽ ഇടുന്നതിൽ ജിം വിജയിച്ചു. നരകതുല്യം അഗ്നികത്തിയ ആ സാഹചര്യത്തിലും ജിം ശാന്തനായിരുന്നു.

കെവിൻ കോറിയെ മുതുകിലേറ്റി നീന്തി. ജിം റോണിയു ടെയും ചാരിറ്റിയുടെയും മൃതശരീരങ്ങൾ വലിച്ചുകൊണ്ട് കത്തുന്ന പ്ലെയിനിൽനിന്ന് അകലെ നീന്തി മാറി. അവരുടെ മൃതശരീരങ്ങൾ കമിഴ്ത്തികിടത്തി; കോറി, തന്റെ മരിച്ചുപോയ അമ്മയുടെയും സഹോദരിയുടെയും മുഖം കാണാതിരിക്കട്ടെ എന്നു കരുതിയാണ് അങ്ങനെ ചെയ്തത്. പ്ലെയിൻ മുങ്ങി, തീയ ണഞ്ഞു. കെവിനും ജിമ്മും തിരികെനീന്തി പ്ലെയിനിന്റെ ഒരു കഷണത്തിൽ പിടിമുറുക്കി. ഉടനെ സ്വദേശികളായ ചിലർ യന്ത്രം ഘടിപ്പിച്ച ഒരു നാടൻ വഞ്ചിയിൽ അവരുടെ സഹായ ത്തിനെത്തി.

പെറുവിലെ അധികൃതരും സി.ഐ.എ. നിരീക്ഷകരും വിവേചനരഹിതമായി വെടിവെച്ചതിനും മിഷനറിമാരെ കൊന്നതിനും പരസ്പരം കുറ്റാരോപണം നടത്തി. പക്ഷേ, ജിം ബോവേഴ്സും കെവിൻ ഡൊണാൾഡ്സണും യു.എസിലെ മിഷൻ ഹെഡ് കോർട്ടേഴ്സും തങ്ങളുടെ ക്രിസ്തുതുല്യമായ മനോഭാവമാണു പ്രദർശിപ്പിച്ചത്. അവർ ആർക്കു നേരെയും കുറ്റപ്പെടുത്തലിന്റെ വിരൽ ചൂണ്ടിയില്ല. നിയമനടപടികൾ എന്നു പറഞ്ഞു ഭീഷണിപ്പെടുത്തിയുമില്ല. പിന്നെയോ കർത്താവിലുള്ള വിശ്വാസത്തിന്റെ സാക്ഷ്യങ്ങൾ നിരന്തരം പറഞ്ഞുകൊണ്ട് അവർ ക്രിസ്തുവിനു തങ്ങളെതന്നെ സമർപ്പിക്കുകയാണു ചെയ്തത്.

ബോവേഴ്സ് പിന്നീട് ഇപ്രകാരം പറഞ്ഞു: "ഇതിനുത്തരവാദികളായവരോട് ഞങ്ങൾക്കുള്ള മനോഭാവം ക്ഷമിക്കുക എന്നതാണ്. അത് വിശ്വാസികളായ നമ്മെ ആശ്ചര്യപ്പെടുത്തരുത്. ആ പൈലറ്റുമാർക്കുവേണ്ടി ഞങ്ങൾ പ്രാർഥിച്ചുകൊണ്ടിരുന്നു. അവരുടെ സൂപ്പർവൈസറോടു ഞാൻ ഇതിനെക്കുറിച്ചു സംസാരിച്ചു. കർത്താവിനെക്കുറിച്ചു കൂടുതൽ അറിയുന്നതിന് അദ്ദേഹം താല്പര്യപ്പെട്ടു. പിന്നീട് ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടു, സംസാരിച്ചു. സുവിശേഷം നന്നായി വിവരിക്കുവാൻ കഴിയുന്നുണ്ട്. യാതൊരു കഠിനവികാരങ്ങളുമില്ല.

തന്നെ തകർത്തുകളഞ്ഞ നഷ്ടത്തിന്റെ മുന്നിലും അദ്ദേഹം പറഞ്ഞു, "കോറിയും ഞാനും അവർണ്ണനീയമായ സമാധാനം അനുഭവിക്കുന്നു." ന്യൂസ്വീക്ക് മാസിക ഇപ്രകാരം എഴുതി: "ഇത്ര ഏകാഗ്ര വിശ്വാസം അധികമാർക്കുമില്ല."

തന്റെ പ്രിയ ഭാര്യയുടെയും പിഞ്ചു പൈതലിന്റെയും മെമ്മോറിയൽ സർവീസിൽ കാർമേഘത്തിനുള്ളിലും മിന്നുന്ന സൂര്യശോഭാ കിരണങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞ വസ്തുതകൾ അദ്ദേഹം വിവരിച്ചു. ഹൃദയഭേദകമായ ആ ദിനത്തിലെ സംഭവങ്ങളുടെ മധ്യത്തിൽ ദൈവത്തിന്റെ പലവിധ അത്ഭുതങ്ങൾ തനിക്കു ദർശിക്കുവാൻ കഴിഞ്ഞു.

ക്യാബിന്റെ ഉള്ളിലേക്കു തുളച്ചുകയറിയ വെടിയുണ്ടകളിൽ

ഒന്നുപോലും കോറിയെയോ തന്നെയോ സ്പർശിച്ചില്ല. വാസ്തവത്തിൽ തന്റെ പുറകിലൂടെ പാഞ്ഞുവന്ന ഒരു വെടിയുണ്ട താൻ ഇരുന്നതിന്റെ മുൻഭാഗത്തെ കണ്ണാടി തുളെച്ചുപോയി.

അഗ്നിശമനസംവിധാനം അത്യത്ഭുതകരമാം വിധം പ്രവർത്തിച്ചു. സാധാരണനിലയിൽ അങ്ങനെയല്ല കണ്ടിട്ടുള്ളത്. അദ്ദേഹം അത്ഭുതപ്പെട്ടുപോയി.

റോണിയെയും ചാരിറ്റിയെയും വീഴ്ത്തിയ വെടിയുണ്ട നേരിട്ടു പൈലറ്റിനെ വീഴ്ത്തിയിരുന്നെങ്കിൽ എല്ലാവരും നശിച്ചുപോയേനെ. കോറിയോ താനോ പരിഭ്രമിച്ചില്ല. ആരും നിലവിളിക്കുകയോ വിലപിക്കുകയോ ചെയ്തില്ല. സകല ബുദ്ധിയെയും കവിയുന്ന ക്രിസ്തുവിന്റെ സമാധാനം അവർ അനുഭവിച്ചു. വ്യക്തമായി ചിന്തിക്കുന്നതിനും പെട്ടെന്നു പ്രതികരിക്കുന്നതിനും അവർക്കു കഴിഞ്ഞു.

സെസ്ന വിമാനമിറക്കുന്നതിന് പൈലറ്റിനു കാലുകൾ ഉപയോഗിക്കണം. കെവിന്റെ കാലിനു ഗുരുതരമായി പരുക്കേറ്റെങ്കിലും, പ്ലെയിൻ സുരക്ഷിതമായി ജലോപരിതലത്തിൽ ഇറക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. പ്ലെയിനിന് ആദ്യ വെടിയേറ്റ വളരെ സമയത്തിനു ശേഷമാണു നിലത്തിറക്കിയത്. കർത്താവു തന്നെയാണ് പ്ലെയിൻ വെള്ളത്തിന്മേൽ ഇറക്കിയത് എന്നു കെവിൻ മനസ്സിലാക്കി.

പ്ലെയിൻ കത്തിയെരിഞ്ഞുകൊണ്ടിരുന്നിട്ടും. അതിനുള്ളിൽനിന്നു റോണിയുടെയും ചാരിറ്റിയുടെയും മൃതദേഹങ്ങൾ വീണ്ടെടുക്കുന്നതിനുള്ള ശക്തി ജിമ്മിനു ലഭിച്ചു. തീയുടെ ചൂട് തനിക്ക് അനുഭവപ്പെട്ടില്ല എന്നു ജിം അത്ഭുതത്തോടെ ഓർക്കുന്നു. അത് തണുപ്പായിരുന്നു. അഗ്നിച്ചൂളയിൽ എറിയപ്പെട്ട മൂന്നു എബ്രായ ബാലന്മാരുടെ കഥയാണ് (ദാനിയേൽ 3:27) ജിമ്മിന്റെ അനുഭവത്തിൽ കാണുന്നത്.

തീയണയ്ക്കത്തക്കവണ്ണം പ്ലെയിൻ വെള്ളത്തിൽ മുങ്ങിയപ്പോൾ, കെവിനും കോറിയും ജിമ്മും പ്ലെയിനിന്റെ ഒരു ഭാഗത്തു പിടിച്ചു മുങ്ങാതെ കിടക്കാൻ കഴിഞ്ഞു.

കോറിയെയും രണ്ടു മൃതശരീരങ്ങളെയും വഹിച്ചുകൊണ്ടു മുങ്ങാതെ കിടക്കുന്നതിനു ജിമ്മിനും കെവിനും കഴിയാതായപ്പോൾ, പെട്ടെന്നു തന്നെ അവിടെ യന്ത്രം ഘടിപ്പിച്ച ഒരു വഞ്ചി എത്തിച്ചേർന്നു.

ജിമ്മിനെ അറിയാമായിരുന്ന ചില ആളുകളുള്ള ഒരു നഗരത്തിനു സമീപമായിരുന്നു അവരുടെ പ്ലെയിൻ വെടിവെച്ചു വീഴ്ത്തപ്പെട്ടത്. അവർ ഈ സംഭവങ്ങൾ നേരിൽ കണ്ടു. സഹായത്തിനുവേണ്ടി വിളിക്കുവാൻ കഴിയും വിധം അവർക്കു റേഡിയോയും ഉണ്ടായിരുന്നു. ഈ റേഡിയോ പ്രവർത്തനക്ഷമമായി.

ജിം റേഡിയോയിൽ കെവിന്റെ ഭാര്യയെ വിളിച്ചപ്പോൾ, അവർ വീട്ടിലുണ്ടായിരുന്നു. പൈലറ്റായ ഒരു സ്നേഹിതനെയും ബന്ധപ്പെടുവാൻ കഴിഞ്ഞു. ഉടൻതന്നെ കെവിനെ കൊണ്ടുപോയി വൈദ്യസഹായം കൊടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു.

കോറിയും ജിമ്മും പ്രകൃതാതീതമായ സമാധാനം അനുഭവിച്ചു. ദൈവജനത്തിന്റെ പ്രാർഥന മുഖാന്തരമായിരിക്കണം അങ്ങനെയുണ്ടായത്. ഈ സമാധാനം നിലനില്ക്കയില്ല എന്നു ചിലർ ജിമ്മിനോടു പറഞ്ഞു. പക്ഷേ, അത് നിലനില്ക്കുമെന്നു ജിം അറിഞ്ഞിരുന്നു.

ഒടുവിലൊരു അത്ഭുതം കൂടെ. ഈ സംഭവവുമായി ബന്ധപ്പെട്ടിരുന്ന ഡൊണാൾഡ്സൺ, ബോവേഴ്സ് കുടുംബങ്ങളും മറ്റെല്ലാവരും, ഈ ദുരന്തത്തിന് ഉത്തരവാദികളായവരോടു ക്ഷമിക്കുന്നതിനുള്ള ക്രിസ്തീയ മനോഭാവം കാണിച്ചു. അവരിൽ പകർന്നിരുന്ന ദൈവസ്നേഹമായിരുന്നു അതിനു കാരണം.

റോണിയും ചാരിറ്റിയും മരിച്ചത് നിഷ്ഫലമായില്ല. അവരുടെ വേർപാട് മിഷനറി പ്രക്രിയകളിൽ പുത്തനുണർവ് ഉണ്ടാക്കി. മഹാനിയോഗം ഏറ്റെടുക്കുന്നതിനു നിരവധിയാളുകൾ ആഹ്വാനം ചെയ്യപ്പെട്ടു. ജിം ഇപ്രകാരം പറഞ്ഞു: "ഞാൻ ഉൾപ്പെടെ, നമ്മിൽ പലരും ഉൾപ്പെടെ, നിദ്രോന്മുഖരായ

അനേകം വിശ്വാസികളെ ഉണർത്തുന്നതിനു ദൈവം ആഗ്രഹിച്ചുവെന്നു ഞാൻ വിചാരിക്കുന്നു. ദൈവത്തിൽ അല്പമാത്രം താല്പര്യമുള്ളവരും അശേഷം താല്പര്യമില്ലാത്തവരുമായി അനേകരെ ഈ സംഭവം ഉണർത്തി."

ഒടുവിലായി പറയട്ടെ, ദൈവം കോറിയുടെ ജീവിതം ദീർഘിപ്പിച്ചു. യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നതിനുള്ള അവസരം അവനു നല്കി.

കാലം മുന്നോട്ടു നീങ്ങുമ്പോൾ വിശ്വാസികൾ വ്യത്യസ്തരാകുന്നുവെന്ന യാഥാർത്ഥ്യം ലോകം വ്യക്തമായി കാണുന്നതിനുള്ള അവസരങ്ങൾ ഉണ്ടാകുന്നു. 2001 മെയ് 24-ന് നടന്ന ഈ സംഭവത്തെക്കുറിച്ചു പ്രൈംടൈം മാസിക സമ്പൂർണ വിവരണം നല്കിയിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാമിൽ ഡയാൻ സോയർ ഈ സംഭവത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "മാനുഷിക സ്നേഹത്തിന്റെ കഥ, മാനുഷിക കഷ്ടതകളുടെയും, നമ്മിലധികം പേർക്കും അകലെ നിന്നു മാത്രം വീക്ഷിക്കാൻ കഴിയുന്ന സമ്പൂർണവിശ്വാസത്തിന്റെ കഥ."

# 28

# ലോവീസും സാനിട്ടറി എൻജിനീയറും[25]

ലോവീസ് ഒരുത്തമ കുടുംബിനിയാണ്. ഒരു ക്രിസ്തീയ ഭാര്യയുടെയും മാതാവിന്റെയും വേദപുസ്തക മാതൃകയാണ് ലോവീസ്. തന്റെ ഏഴു മക്കളെയും കർത്താവിനുവേണ്ടി വളർത്തുവാൻ കഴിഞ്ഞതാണ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം. മറ്റൊരു സന്തോഷം, ദേശമെങ്ങും സഞ്ചരിച്ചു കർത്താവായ യേശുവിനുവേണ്ടി രാപകൽ കഠിനമായി അധ്വാനിച്ചു പോരുന്ന തന്റെ ഭർത്താവിനെ സഹായിപ്പാൻ കഴിയുന്നു എന്നതാണ്.

ഇതാ, ഒരുദാഹരണം. അദ്ദേഹം ഒരിക്കൽ ന്യൂജേഴ്സിയിൽ ഒരു കോൺഫെറൻസിൽ പ്രസംഗിക്കുമ്പോഴാണ് അത് അവരുടെ ജന്മദിനമാകുന്നുവെന്ന് ഓർത്തത്. ഉടനെ അദ്ദേഹം അവരെ വിളിച്ചു. അന്നു തന്നോടുകൂടെ ആയിരിപ്പാനോ ഒരു ജന്മദിനസമ്മാനം നല്കാനോ കഴിയാത്തതിൽ ഖേദം പ്രകടിപ്പിച്ചു. യാതൊരു വൈമനസ്യവും കൂടാതെ അവർ പറഞ്ഞു: "ദൈവം തങ്കളെ അയയ്ക്കുന്ന സ്ഥാനത്തു നിങ്ങൾ ആയിരിക്കുന്നു എന്നതിനെക്കാൾ വലിയൊരു സമ്മാനം എനിക്കു

ലഭിക്കാനില്ലല്ലോ. ദൈവം താങ്കളെക്കുറിച്ചു എന്തു ചെയ്യണമെന്ന് ആഗ്രഹിക്കുന്നുവോ, അത് നിങ്ങൾ ചെയ്യുന്നുണ്ടല്ലോ."

ലോവീസിനെ സംബന്ധിച്ചു മറ്റൊന്നുകൂടെ ഉണ്ടായിരുന്നു. അവളുടെ തിരക്കേറിയ അനുദിനപ്രവൃത്തികൾ, ആത്മാക്കളെ നേടുന്നതിൽനിന്ന് അവളെ ഒരിക്കലും തടസ്സപ്പെടുത്തിയിരുന്നില്ല. അവർ കൂടെകൂടെ പരിസരത്തിലെ വനിതകളെ കോഫി ഹൗസിൽ ബൈബിൾ സ്റ്റഡിക്കായി കൂട്ടിവരുത്തും. പക്ഷേ, അല്പം ചില ദിവസങ്ങൾക്കുശേഷം അവർ തങ്ങളുടെ പഴയ വിശ്വാസത്തിൽ തന്നേ സംതൃപ്തരാകുന്നതായാണു കാണപ്പെട്ടത്. കർത്താവുമായുള്ള വ്യക്തിപരമായൊരു ബന്ധത്തിൽ അവർക്കു താല്പര്യമായിരുന്നില്ല.

ഒരു ദിവസം അതിരാവിലെ ലോവീസ് പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ ലൂക്കൊസ് 14-ലെ അത്താഴവിരുന്നിന്റെ കാര്യം അവളുടെ ഓർമയിൽ വന്നു. വിരുന്നിനായി ക്ഷണിക്കപ്പെട്ടവർ എല്ലാവരും ഒഴിവുകഴിവു പറഞ്ഞു. അതുകൊണ്ടു പെരുവഴികളിലും വേലിക്കരികിലും പോയി മറ്റുള്ളവരെ ക്ഷണിച്ചുകൊണ്ടുവരുന്നതിനു യജമാനൻ വേലക്കാരെ അയച്ചു.

ലോവീസും ഈകാര്യം കർതൃസന്നിധിയിലുണർത്തിച്ചു. "കർത്താവേ, ഞാൻ ക്ഷണിച്ചവരെല്ലാം ഒഴികഴിവു പറഞ്ഞല്ലോ. അങ്ങേയ്ക്കുവേണ്ടി മറ്റുള്ളവരെ കണ്ടെത്തുവാൻ ഞാൻ ശ്രമിക്കും. ഇവിടെയിതാ, എന്റെ കുഞ്ഞുങ്ങൾ എന്നോടൊപ്പമുണ്ട്. പെരുവഴികളിൽനിന്നും മറ്റു വഴികളിൽനിന്നും ആരെയെങ്കിലും അയച്ചാൽ ഞാൻ അവരെ അങ്ങയുടെ സദ്യക്കു ക്ഷണിക്കാം."

ആ സമയം തന്നെ ചവറുവാരുന്നവണ്ടി വരുന്ന ശബ്ദം കേട്ടു. ആഹാ, അതിന്റെ ഡ്രൈവർ പെരുവഴിയിൽ നിന്നുള്ളവനാണല്ലോ. അവർ ജനാലയിലൂടെ നോക്കി ആ മനുഷ്യനെ കണ്ടു. ഇപ്പോൾ അയാളെ സാനിട്ടറി എൻജിനീയർ എന്നാണ് സ്നേഹപൂർവം വിളിക്കുന്നത്. അടുത്ത വീട്ടിലെ ചവറ്റുവീപ്പ പൊക്കി ട്രക്കിൽ ചവറു തട്ടുകയാണ്. ആ പ്രവർ

ത്തനത്തിൽ അയാളുടെ ശരീരത്തിൽ പൊടിയും അഴുക്കും വീണിരിക്കുന്നു. അയാൾ കൈകാൽ നിവർത്തി വേദന കുറെക്കുന്നതായി കാണപ്പെട്ടു. ട്രക്ക് തന്റെ വീട്ടിനു സമീപമെത്തിയപ്പോൾ, ലോവീസ് ചവറ്റുതൊട്ടിക്ക് അടുത്തെത്തി. റെഗ് മുറ്റത്തുകയറിയപ്പോൾ, അവന്റെ നടുവിനു വേദനയുണ്ടോ എന്നു ചോദിച്ചു. "ഇല്ല, ഹൃദയത്തിനാ കുഴപ്പം" എന്ന് അയാൾ പറഞ്ഞു.

"ശരി, നിങ്ങൾ ദിവസം മുഴുവൻ ഇത്രയും ഭാരമുള്ള ചവറ്റുവീപ്പകൾ എടുക്കുന്നതെന്ത്? ഇവിടെ, ഞാൻ ഞങ്ങളുടെ ചവറ് ട്രക്കിലിട്ടുതരാം" എന്നു പറഞ്ഞുകൊണ്ട്, ലോവീസ് ചവറ്റുതൊട്ടി പൊക്കി ട്രക്കിനുള്ളിൽ ചവറിട്ടു.

"ഈയൊരു ജോലി മാത്രമേ എനിക്കു കണ്ടെത്താനാകുന്നുള്ളൂ,'' ഡ്രൈവർ പറഞ്ഞു.

"നിങ്ങൾക്കൊരു നല്ല ജോലി ലഭിക്കുന്നതിനും നിങ്ങളുടെ ഹൃദ്രോഗം ശരിയാകുന്നതിനും ഞാൻ പ്രാർഥിക്കാം."

"ചവറുവണ്ടിക്കാരെ ആരും കണക്കാക്കില്ലല്ലോ," റെഗ് വിനയനായി പറഞ്ഞു.

"ദൈവം കരുതുന്നുണ്ട്," ലോവീസ് മറുപടി നല്കി. റെഗ് ട്രക്കിൽ കയറി ഓടിച്ചുപോയി.

ഒരാഴ്ചയ്ക്കുശേഷം ട്രക്കു വന്നപ്പോൾ ലോവീസ് ചവറ്റുതൊട്ടിക്കരികിൽ കാത്തു നിന്നു. റെഗ് ഇറങ്ങി അത് എടുക്കുന്നതിനു മുമ്പെ ലോവീസ് ചവറു ട്രക്കിൽ ഇട്ടു കഴിഞ്ഞു. അവരെ നോക്കിക്കൊണ്ട് "നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിച്ചോ" റെഗ് ചോദിച്ചു. "എല്ലാ ദിവസവും പ്രാർഥിക്കുന്നുണ്ട്."

റെഗ് ഒന്നും പറഞ്ഞില്ലെങ്കിലും അതു വിശ്വസിച്ചില്ല. ലോവീസ് തുടർന്നു: "ശ്രദ്ധിക്കുക, പ്രവൃത്തിയില്ലാത്ത വിശ്വാസം വ്യർഥം എന്ന് വേദപുസ്തകം പറയുന്നു. ഞാൻ പ്രാർഥിക്കുന്നു; നിങ്ങൾ വേറൊരു ജോലിക്ക് അപേക്ഷിക്കണം." അയാൾ തലയാട്ടി, ഒന്നും പറഞ്ഞില്ല, ട്രക്ക് ഓടിച്ചുപോയി.

റോഡിലൊരിടത്തു റെഗ് ലോവീസിന്റെ രണ്ടാമത്തെ മകൾ

മൊയ്റാ സ്കൂളിൽ പോകുന്നതു കണ്ടു. ട്രക്ക് അവൾക്കു സമീപം നിറുത്തിയപ്പോൾ, മൊയ്റാ വിളിച്ചു പറഞ്ഞു: "ഞങ്ങൾ നിങ്ങൾക്കുവേണ്ടി വീട്ടിൽ പ്രാർഥിക്കുന്നുണ്ടല്ലോ." തൂപ്പുകാരെക്കുറിച്ചു ചിലർക്കെങ്കിലും വിചാരമുണ്ട് എന്നു റെഗ് മനസ്സിലാക്കി.

ഒരാഴ്ചയ്ക്കുശേഷം ലോവീസ് റെഗിനെ കണ്ടപ്പോൾ അയാൾ ചോദിച്ചു: "മിസ്സിസ് നിക്കോൾസൺ, ഞാൻ ദൈവത്തിലും സ്വർഗത്തിലും നരകത്തിലും അങ്ങനെയുള്ളതിലെല്ലാം വിശ്വസിക്കുന്നു. പക്ഷേ, അതിനപ്പുറം ഒരു പടികൂടെ കാണുമല്ലോ? ഒരു പടികൂടെ ഉണ്ടോ?"

ലോവീസ് രക്ഷയുടെ മാർഗം സൂക്ഷ്മതയോടെ അയാൾക്കു വിവരിച്ചുകൊടുത്തു. വിശ്വാസത്തിന്റെ പടികളും അയാളെ ഗ്രഹിപ്പിച്ചു. അയാൾ അത് ശ്രദ്ധിച്ചുകേട്ടു. മുഖത്തൊരു പുഞ്ചിരിയുമായി കൈ വീശി കാണിച്ചിട്ട് അയാൾ പോയി. "മറക്കാതെ നിങ്ങൾ ഒരു പുതിയ ജോലിക്ക് അപേക്ഷിക്കണം" എന്നു ലോവീസ് വിളിച്ചുപറഞ്ഞു.

ഒരാഴ്ചകൂടെ നിക്കോൾസൺ കുടുംബം അയാൾക്കുവേണ്ടി ശ്രദ്ധയോടെ പ്രാർഥിച്ചു. ചവറു ശേഖരിക്കുന്ന ദിവസം ലോവീസ് ചവറ്റുതൊട്ടിക്കു സമീപം നില്ക്കും. റെഗ് നന്നായി ചിരിച്ചുകൊണ്ട് ട്രക്കിൽനിന്നു ചാടിയിറങ്ങി, "ഞാൻ അതു ചെയ്തു" എന്നു പറഞ്ഞു.

"എന്തു ചെയ്തെന്നാണ്?" പുതിയ ജോലിക്ക് അപേക്ഷിച്ചതാണോ?

"ഞാൻ ആ പടി കയറി മിസ്സിസ് നിക്കോൾസൺ." താൻ തന്റെ വിശ്വാസം കർത്താവായ യേശുവിൽ വെച്ചുവെന്നു വിവരിച്ചു പറഞ്ഞു.

അതു സത്യമാണോ? അയാൾ വാസ്തവത്തിൽ രക്ഷിക്കപ്പെട്ടുവോ? ലോവീസ് ചിന്തിച്ചു. അത് സത്യമാണെങ്കിലും അല്ലെങ്കിലും അയാൾ ബൈബിൾ വായിക്കണം. വിശ്വാസം ദൈവവചനത്തിന്റെ കേൾവിയാൽ വരുന്നു, "റെഗ്, നിങ്ങൾ

ബൈബിൾ വായിക്കാൻ തുടങ്ങണം. അത് നിങ്ങളുടെ ആത്മാവിനു ഭക്ഷണം പോലെയാണ്."

"അയ്യോ, മിസ്സിസ് നിക്കോൾസൺ, അതു നേരത്തെ പറയാമായിരുന്നല്ലോ, അതാണൊരു വിശ്വാസി ചെയ്യേണ്ടിയിരുന്നതെങ്കിൽ. ഞാൻ ഒരു വായനക്കാരനല്ല, അതിൽ എനിക്കു ദുഃഖമുണ്ട്. ഞാൻ ന്യൂസ് പേപ്പർപോലും വായിക്കാറില്ല, കഷ്ടം." അയാൾ ട്രക്കുമായി അടുത്ത വീട്ടിലേക്കു നീങ്ങി.

അടുത്ത തിരിവിൽ, നിറഞ്ഞൊരു ചവറ്റുവീപ്പ അയാൾ കണ്ടു. കൗതുകം കാരണം അയാൾ സൂക്ഷിച്ചു നോക്കി. അതിനു മുകളിലതാ ഒരു പുതിയ ബൈബിൾ പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞുവെച്ചിരിക്കുന്നു, "ദൈവമേ, ഞാൻ അങ്ങയുടെ പുസ്തകം വായിക്കും."

അയാൾ ബൈബിൾ വായിച്ചു തുടങ്ങി. മാത്രമല്ല, നിക്കോൾസൺ കുടുംബത്തിന്റെ സഭയിൽ ആരാധിച്ചു തുടങ്ങി. ചവറ്റുകമ്പനിയുടെ കടും ചുവപ്പു യൂണിഫോമിലാണ് പള്ളിയിൽ വന്നത്. അതായിരുന്നു അയാൾക്കുള്ള ഏറ്റവും നല്ല വസ്ത്രം. അയാൾ മുൻനിരയിലിരുന്നു; മിഠായിക്കടയിൽ കുട്ടികൾ സന്തോഷത്തോടെ ചിരിക്കുന്നതുപോലെ അയാളും ചിരിച്ചുകൊണ്ടിരുന്നു. എല്ലാം അയാൾക്കിഷ്ടമായി—നല്ല പാട്ട്, നല്ല പ്രസംഗം; ജനങ്ങളുടെ സൗഹൃദം. ചൊവ്വാഴ്ചത്തെ പ്രാർഥനായോഗത്തിൽ അവിടെയും ബുധനാഴ്ച മറ്റൊരു സഭയിലും പ്രാർഥനാ കൂട്ടങ്ങളിൽ സംബന്ധിക്കുന്നതെന്താണെന്ന് ആരോ ചോദിച്ചപ്പോൾ, അയാൾ പറഞ്ഞു: "എനിക്ക് ഇരട്ടി പഠിക്കണമല്ലോ. രണ്ടിടത്തും പോകേണ്ടതുണ്ട്. അതാണ്."

മാനസാന്തരത്തിനുശേഷം റെഗ് സ്നാനമേറ്റു. അവന്റെ മദ്യപാന സ്വഭാവത്തിൽനിന്ന് ദൈവം അവനു വിജയം നല്കി. അയാൾ യോഗങ്ങളിൽ വിശ്വസ്തതയോടെ സംബന്ധിച്ചതു മാത്രമല്ല, സ്നേഹിതരെ സുവിശേഷം കേൾക്കുന്നതിനു കൂട്ടിക്കൊണ്ടുവരികയും ചെയ്തു. ഒന്നാം ദിനം മുതൽ തന്നേ അയാൾ തന്റെ രക്ഷയാസ്വദിച്ചു.

അയാളുടെ ഹൃദയത്തിനു സൗഖ്യം വന്നില്ല, എങ്കിലും കഠിനാധ്വാനം കുറഞ്ഞ ഒരു ജോലി അയാൾക്കു ലഭിച്ചു. അതിനു ശേഷം കർത്താവ് തന്റെ സന്നിധിയിലേക്ക് അവനെ വിളിച്ചു. പെരുവഴിയിൽനിന്നും കോണുകളിൽനിന്നും അത്താഴവിരുന്നിനായി നിർബന്ധിച്ചു ക്ഷണിക്കപ്പെട്ട കർത്താവിൽ വിശ്വസ്ത സഹോദരൻ.

വിശ്വസ്തയായൊരു വീട്ടമ്മ "കർത്താവേ, എന്നെ ഉപയോഗിക്കണമേ" എന്നു പ്രാർഥിച്ചതിനാൽ.

# 29

# അതെല്ലാം പറയുന്നതിനു സമയമില്ല

യേശു എങ്ങനെയുള്ളവൻ എന്ന് അനുദിനവും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന വിശ്വാസികൾ ലോകമെങ്ങുമുണ്ട്. "യേശുവിന്റെ പ്രതിച്ഛായ അവരുടെ രൂപത്തിലല്ല കാണപ്പെടുന്നത്. പിന്നെയോ പുതുക്കം വന്ന മനസ്സിന്റെ സൗന്ദര്യത്തിലും ഹൃദയത്തിലും അത്രേ. വിശുദ്ധി, സ്നേഹം, താഴ്മ, ദയ, ക്ഷമ ഇവയാണ് ആ ദിവ്യസ്വഭാവം."[26]

ആതിഥ്യമരുളുന്ന ജീവിതങ്ങളിൽ രക്ഷകൻ പ്രതിബിംബിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. എന്റെ ആതിഥേയർ തങ്ങളുടെ ഏറ്റവും നല്ല ബെഡ്റൂമും ബാത്ത്റൂമും എനിക്കു നല്കിയിട്ട് അവർ മറ്റെവിടെയോ ഉറങ്ങുന്നത് ഞാൻ എത്രയോ തവണ കണ്ടിട്ടുണ്ട്. ഒരിക്കൽ ഒരു കോൺഫെറൻസ് സമയത്ത് ഒരു സാധാരണ കുടുംബത്തിന്റെ ഭവനത്തിൽ പതിനാറ് അതിഥികൾ താമസിച്ചു. മാതാപിതാക്കളും മൂന്നു കുഞ്ഞുങ്ങളും കാർഷെഡ്ഡിൽ ഉറങ്ങി. തെയ്‌വാനിൽ ഒരു മിഷനറി നെരിപ്പോടിനു സമീപം നിലത്തുറങ്ങിയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ

കട്ടിലിൽ വിശ്രമിച്ചു. എന്നെക്കാൾ താൻ സുഖമായുറങ്ങി എന്നു പറഞ്ഞുകൊണ്ടാണ് താൻ പ്രകാശം ചൊരിഞ്ഞത്. ഓരോ അതിഥിയും ക്രിസ്തുവാകുന്നുവെന്നു കരുതി, ആ വിധത്തിൽ അദ്ദേഹം അവരോട് പെരുമാറി. കൊളറാഡോയിൽ ഒരു സഹോദരി പ്രഭാതാരാധനയ്ക്ക് പോകുന്ന വഴി കാറപകടത്തിൽ പെട്ടു. അവളുടെ മുറിവിന് ഉടനെ ശസ്ത്രക്രിയ വേണമായിരുന്നു. ബോധം വന്നപ്പോൾ അവൾ ആദ്യം ചോദിച്ചത്, "അതിഥികൾക്ക് ഭക്ഷണം ആരുണ്ടാക്കുന്നു" എന്നാണ്.

യേശുവിന്റെ ദയയെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ, അവനു ചെറിയ കുഞ്ഞുങ്ങളോടുള്ള സ്നേഹത്തിലേക്കാണ് നമ്മുടെ മനസ്സു തിരിയുന്നത്. ശിഷ്യന്മാർക്ക് അതൊരു മുഷിച്ചിൽ ആയിരുന്നു. ശല്യമായും തോന്നിക്കാണും. പക്ഷേ, യേശുവിനു അങ്ങനെ തോന്നിയില്ല. യേശുവിനെ സംബന്ധിച്ചിടത്തോളം അവർ ദൈവരാജ്യത്തിനു യോഗ്യരായി, സ്വീകാര്യരായി. യേശു മുതിർന്നവരുമായി ഇടപെടുന്നതിനെക്കാൾ, കൂടുതൽ അനായാസം കുഞ്ഞുങ്ങളുമായി ഇടപെട്ടിരുന്നതായി ഞാൻ ചിന്തിക്കാറുണ്ട്.

സാധു സുന്ദർസിംഗ് തന്റെ കർത്താവിന്റെ ഉറ്റ മാതൃകയായിരുന്നു. ഭവനങ്ങളിൽ അതിഥിയായി പാർക്കുമ്പോൾ നിലത്തിരുന്നു കുഞ്ഞുങ്ങളോടൊത്ത് അദ്ദേഹം കളിക്കുമായിരുന്നു. ഒരു രാത്രി ചില കുട്ടികൾ ചോദിച്ചു: "അമ്മേ, ഇന്നു രാത്രി ഞങ്ങൾ യേശുവിനോടൊത്ത് ഉറങ്ങിക്കൊള്ളട്ടെ!" അവർ സിംഗിൽ യേശുവിനെ കണ്ടു.

ഇതുപോലെ മറ്റൊരു കഥയുണ്ട്. ഒരു മനുഷ്യൻ തന്റെ തത്രപ്പാടിൽ സൂക്ഷ്മതയില്ലാതെ നടന്നു കയ്യിൽ നിറയെ കെട്ടുകൾ വഹിച്ചിരുന്ന ഒരു ബാലന്റെ കയ്യിൽ തട്ടിയിട്ട് അവനെ കുറ്റപ്പെടുത്തി. നടന്നുപോയ വേറൊരാൾ സംഭവിച്ചതു കണ്ടു. താഴെ വീണ കെട്ടുകൾ ശേഖരിക്കുന്നതിനു സഹായിച്ചു. എന്നിട്ട് ബാലന്റെ കയ്യിൽ ഒരു ഡോളറും കൊടുത്തു. "അവിടെ വീണതിന് ഇതൊരു പരിഹാരമാകുമല്ലോ" എന്നു പറഞ്ഞു.

ഈ വിധമുള്ള ദയാ പ്രവൃത്തികൾ കണ്ടിട്ടില്ലാത്ത ബാലൻ ചോദിച്ചു: "സാർ, അങ്ങു യേശുവാണോ?" "അല്ല, ഞാൻ യേശുവിന്റെ അനുയായി മാത്രമാണ്" എന്ന് അയാൾ മറുപടി നല്കി.

പല വിശ്വാസികളും എത്ര പ്രകോപനത്തിന്റെ മധ്യത്തിലും സംയമനം പാലിച്ചുകൊണ്ടാണ് ക്രിസ്തുവിനെ വെളിപ്പെടുത്തുന്നത്. കിറ്റോയിൽ ഒരു മിഷനറി ഒരപകടത്തിൽ പെടുകയുണ്ടായി. വലത്തെ ലൈനിൽനിന്ന് ഇടത്തേക്കു വാഹനം തിരിച്ച ഒരു സ്ത്രീ തന്റെ കാറിന്റെ വശത്തിടിച്ചു. അവർ രണ്ടുപേരും കാറിൽനിന്ന് ഇറങ്ങി. ആ സ്ത്രീ അദ്ദേഹത്തെ നോക്കി ഒച്ച വെച്ചു. തന്റെ വാഹനത്തെയും വർഗത്തെയും രാജ്യത്തെയും അധിക്ഷേപിച്ചു. തന്റെ ചെകിട്ടത്തടിക്കയും ചെയ്തു. അദ്ദേഹം തിരിച്ചു തന്റെ കാറിൽ കയറുമ്പോൾ സ്വയനിയന്ത്രണം (ഇന്ദ്രിയജയം) എന്ന ആത്മാവിൻഫലത്തിനായി കർത്താവിനു നന്ദി പറഞ്ഞു. "എന്റെ കാറിനു നിസ്സാര കേടു മാത്രമേ സംഭവിച്ചുള്ളൂ. എങ്കിലും എനിക്കു കർത്താവില്ലായിരുന്നെങ്കിൽ ഞാൻ ഏതു വിധത്തിൽ പ്രതികരിക്കുമായിരുന്നുവെന്നു ചിന്തിച്ചു പോകുന്നുവെന്ന്" അദ്ദേഹം പറയുകയുണ്ടായി.

ഇന്ത്യയിൽ അനേക വർഷം മിഷനറിയായിരുന്ന ഡോ. ഐഡാ സ്കഡ്ഡർ അശേഷം പ്രതികാരമില്ലാത്ത ഒരു ഭക്തയായിരുന്നു. ഇതിന്റെ കാരണമെന്ത് എന്ന് ഒരു മുസ്ലീം ഒരിക്കൽ അവരോടു ചോദിച്ചു. അവർക്കു മറുപടി നല്കാൻ കഴിയുന്നതിനു മുമ്പ് അവരെ അടുത്തറിഞ്ഞിരുന്ന ഒരു ഹിന്ദു മറുപടി പറഞ്ഞു: "എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് അറിയില്ലേ? ഡോ. ഐഡായുടെ ദൈവം ക്ഷമയുള്ളവനും സ്നേഹിക്കുന്നവനുമാണ്. അവൾ തന്റെ ദൈവത്തെപ്പോലെയാണ്."[27]

എളിയവരോടും ദരിദ്രരോടുമുള്ള കർത്താവായ യേശുക്രിസ്തുവിന്റെ ദയയും മനസ്സലിവും നിമിത്തമാണ് നാം അവനെ സ്നേഹിക്കുന്നത്. തന്റെ ജനത്തിലും അതു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ധനത്തിന്റെയും ആഡംബരത്തിന്റെയും മധ്യത്തിൽ വളർത്തപ്പെട്ട യേലിലെ ബോർഡൻ ചേരി

പ്രദേശത്തുള്ള മിഷനിലെ പാത്രങ്ങൾ കഴുകുന്നതു കണ്ടു. ഒരു ബ്രിട്ടീഷ് സുവിശേഷകൻ അമേരിക്കയിൽനിന്നു തിരിച്ചെത്തിയപ്പോൾ ആരോ ചോദിച്ചു, "അവിടെ നിങ്ങൾക്ക് ഏറ്റവുമധികം മതിപ്പുളവാക്കിയ കാര്യം എതാണ്?" അദ്ദേഹം മറുപടി പറഞ്ഞു: "കോടീശ്വരപുത്രനായ വില്യം ബോർഡെൻ സിറ്റി മിഷനിൽ ദരിദ്രരെ ആലിംഗനം ചെയ്യുന്ന കാഴ്ച!"

തന്റെ യജമാനനെ നിഷ്ഫലമായി അനുഗമിക്കാതിരുന്ന മറ്റൊരാൾ പോൾ സാൻഡ്ബർഗ് ആയിരുന്നു. ഒരുദിവസം അദ്ദേഹമൊരു കോഫിഷോപ്പിൽ കയറി, സ്റ്റൂളിൽ ഇരുന്നു, അടുത്തിരുന്ന ഒരാളുമായി സംഭാഷണമാരംഭിച്ചു. നല്ല സംഗീതജ്ഞനായിരുന്ന പോൾ വിശ്വസ്തതയോടെ ഫ്രെഡിനോടു സാക്ഷ്യം പങ്കുവെച്ചു. ഫ്രെഡിനെ കർത്താവിങ്കലേക്കു നടത്തി. ചില ആഴ്ചകൾക്കുശേഷം ഫ്രെഡിന് ക്യാൻസർ ബാധിച്ചു. നിലവാരം കുറഞ്ഞ ഒരു നേഴ്സിംഗ്ഹോമിലായിരുന്ന ഫ്രെഡിനെ പോൾ ക്രമമായി സന്ദർശിച്ചു പോന്നു. നേഴ്സിന്റെ സഹായി ചെയ്യേണ്ടുന്ന കർത്തവ്യങ്ങൾ പോൾ അവിടെ നിർവഹിച്ചു. ഫ്രെഡ് മരിച്ച രാത്രിയിൽ പോൾ അവനെ തന്റെ കരങ്ങളിൽ വഹിച്ചുകൊണ്ട് തിരുവെഴുത്തുകൾ ഉദ്ധരിച്ചുകൊണ്ടിരുന്നു. മനസ്സലിവെന്നാണ് അതിനെ ഞാൻ വിളിക്കുന്നത്.

ജപ്പാനിൽ വിശ്വാസികളായ ഒരു ചെറിയ കൂട്ടം ഒരു ചാപ്പൽ പണിയുവാൻ ആഗ്രഹിച്ചു. അതിൽ ആർക്കെങ്കിലും തടസ്സമുണ്ടോ എന്ന് അറയുന്നതിന് അവർ ചുറ്റുമുള്ള വീടുകൾ സന്ദർശിച്ചു. ആരും തടസ്സം പറഞ്ഞില്ല. എന്നാൽ അവർ ചാപ്പൽ പണി ആരംഭിക്കുന്നതിന് തൊട്ടു മുമ്പ് സമീപവാസിയായ ഒരാൾ ചാപ്പൽ ഉയരുമ്പോൾ അത് തന്റെ മുറ്റത്തു സൂര്യപ്രകാശം തടയുമെന്നു പറഞ്ഞു. നേരത്തെ പറയാഞ്ഞതിൽ വിശ്വാസികൾ അയാളെ കുറ്റപ്പെടുത്തിയില്ല, പിന്നെയോ ചാപ്പലിന്റെ പൊക്കം കുറച്ചു. കെട്ടിടം വീണ്ടും രൂപകല്പനചെയ്യുന്നതിന് ആർക്കിടെക്റ്റിന് അവർ കൂടുതൽ ഫീസ് നൽകി. അയല്ക്കാരനു സന്തോഷമായി, അയാൾ ആശയക്കുഴപ്പത്തിലുമാ

യി. തനിക്കു സൂര്യപ്രകാശമുദിക്കുന്നതിൽ സന്തോഷം; വിശ്വാസികളുടെ നല്ല മനോഭാവം അയാൾക്കു ഗ്രഹിക്കാൻ കഴിയുന്നതിലും പ്രയാസം.

നാം കർത്താവായ യേശുവിനെപ്പോലെ ആകുന്നുവെങ്കിൽ, ജീവിതത്തിലെ എല്ലാ നിലവാരത്തിലുമുള്ള ആളുകളോടും നമുക്കു സ്നേഹവും പരിഗണനയും ഉണ്ടാകും. എലിയട്ട് കുടുംബത്തിൽ പ്രാതൽമേശയ്ക്കു മുമ്പെ പ്രാർഥന നടത്തുന്നത് പതിവായിരുന്നു. ഒരു ദിവസം രാവിലെ പിതാവ് മറ്റുള്ളവർക്കു ബൈബിൾ വായിച്ചുകേൾപ്പിക്കുമ്പോൾ മുറ്റത്ത് ചവറ്റുവീപ്പകൾ അനങ്ങുന്ന ശബ്ദം കേട്ടു. ഉടനെ അദ്ദേഹം ബൈബിൾ മാറ്റിവെച്ചിട്ടു ജനാല തുറന്നു ചവറ്റുവീപ്പയെടുക്കുന്ന ആളിനെ അഭിവാദ്യം ചെയ്തു. അദ്ദേഹത്തിന് ഏതൊരു പ്രവൃത്തിയും മറ്റൊന്നിനെക്കാൾ പാവനമായിരുന്നു. ഭക്തി കാര്യവും ഭൗതിക കാര്യവും അദ്ദേഹത്തിന് ഒരുപോലെയായിരുന്നു.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തുവിനെ മാതൃകയാക്കുന്നവരുണ്ട്. ഒരു വിശ്വാസിയായ ബിസിനസുകാരനെക്കുറിച്ച് എതിരാളിയായ ഒരു ബിസിനസുകാരൻ പറഞ്ഞു: "നിങ്ങൾ അദ്ദേഹവുമായി ഇടപെടുമ്പോൾ, രേഖാമൂലമുള്ള ഒരു കോൺട്രാക്ട് ആവശ്യമില്ല. അദ്ദേഹത്തിന്റെ വാക്കു മതി!" ആ കോൺട്രാക്ടർ തന്റെ പങ്കാളിയുമായി ഒരിക്കലുമൊരു ബിസിനസ് രേഖ എഴുതിയിരുന്നില്ല.

ഒരു ഫുട്ബോൾ റെഫറി പറഞ്ഞു: "ഞാൻ റെഫറിയായി നില്ക്കുമ്പോൾ ടോമി വാക്കർ കളിക്കുന്നുണ്ടെങ്കിൽ ഞാൻ 22 കളിക്കാരെ നോക്കേണ്ടതില്ല, 21 കളിക്കാരെ ശ്രദ്ധിച്ചാൽ മതി." ടോമി ഒരിക്കലും ചട്ടം ലംഘിക്കയില്ല.

ഒരിക്കലൊരു ടാക്സ് കൾസട്ടന്റ് ഒരു വലിയ വരുമാനത്തുക രേഖപ്പെടുത്തേണ്ടതില്ല, ഗവൺമെന്റ് അത് അറികയില്ല എന്ന് ഉപ ദേശിച്ചപ്പോൾ, ഇല്ല, ഞാൻ അത് രേഖപ്പെടുത്തണം, ഞാനൊരു വിശ്വാസിയാണ് എന്നായിരുന്നു ഒരാൾ പറഞ്ഞത്.

ഉപയോഗിച്ച കാർ വ്യാപാരം നടത്തുന്ന ഒരാൾ രക്ഷിക്ക

പ്പെട്ടപ്പോൾ വാങ്ങാൻ വന്ന ആളിനോടു പറഞ്ഞു, “നിങ്ങൾക്കു വില്ക്കാനാവുന്ന ഒരു വാഹനവും എന്റെ സ്റ്റോക്കിൽ ഇല്ല.” ഉപയോഗിച്ച കാർ വില്ക്കുന്ന ആളുടെ വില്പന വൈദഗ്ധ്യമല്ല അത്.

ഒരു ക്രിസ്ത്യൻ ഡോക്ടർ ഒരു രോഗിയുടെ വ്യാജ ഇൻഷുറൻസ് ക്ലെയിം ഒപ്പിടുന്നതിനു വിസമ്മതിച്ചതു നിമിത്തം രോഗിയുടെ ശകാരവർഷം കേൾക്കേണ്ടിവന്നു. കസ്റ്റംസ് ഏജന്റിനു കൈക്കൂലി നല്കാൻ വിസമ്മതിച്ചതു നിമിത്തം ഒരു മിഷനറിയുടെ ലഗേജ് കസ്റ്റംസിൽ തടഞ്ഞുവെക്കുകയുണ്ടായി.

തന്റെ വീട് 250,000 ഡോളറിനു വില്ക്കാൻ ഒരു വിശ്വാസി വാക്കുപറഞ്ഞു. മറ്റൊരാൾ പിന്നീട് അതിനു 265,000 ഡോളർ നല്കാമെന്നു പറഞ്ഞു. അദ്ദേഹം എന്താണു ചെയ്യേണ്ടത്? അതിനുള്ള ഉത്തരം സങ്കീർത്തനം 15:4-ൽ ഉണ്ട്. ദൈവത്തോടുകൂടെ വസിക്കുന്ന ഒരുവൻ. “സത്യം ചെയ്തിട്ടു ചേതം വന്നാലും മാറാത്തവൻ” ആകുന്നു. 15,000 ഡോളർ നഷ്ടമായിക്കൊള്ളട്ടെ, തന്റെ വിശ്വാസ്യത നഷ്ടമാകുകയില്ലല്ലോ. ഞായറാഴ്ചയുടെ ഭക്തി തന്നേ തിങ്കളാഴ്ചയും ഉണ്ടായിരിക്കട്ടെ.

പരിശോധനകളിൽ വിജയിക്കുന്നവരിലും നാം ക്രിസ്തുവിന്റെ പ്രതിച്ഛായ കാണാറുണ്ട്. വർഷങ്ങളുടെ കാത്തിരിപ്പിനുശേഷം, വിശ്വാസികളായ ദമ്പതികൾക്ക് ഒരു പൈതൽ ലഭിച്ചു. ചില മാസങ്ങൾക്കുശേഷം ശ്വാസതടസ്സം നിമിത്തം ആ പിഞ്ചുപൈതൽ മരിച്ചു. എന്നെ വെല്ലുവിളിച്ചതും ഉണർത്തിയതും, “നമ്മുടെ പാറയായ ദൈവത്തിനു മഹത്വം കരേറ്റുവിൻ” (Ascribe greatness to our God, the Rock...) എന്ന ഗാനം ആലപിക്കുമ്പോൾ, തന്റെ ഭർത്താവിനോടൊപ്പം നിന്നുകൊണ്ട് ആ സഹോദരി കണ്ണുനീർ വീഴ്ത്തുന്നുണ്ടായിരുന്നു. എങ്കിലും ഈ ഗാനമാലപിച്ച മുഖം ദൈവത്തിങ്കലേക്കുയർത്തി അവർ പാടി:

*നമ്മുടെ പാറയായ ദൈവത്തിനു മഹത്വമർപ്പിക്കാം,*
*അവന്റെ വഴികൾ പൂർണതയുള്ളത്, സകല*
*പ്രവൃത്തികളും നീതിയുള്ളത്*

*വിശ്വസ്തനായ ദൈവം അനീതിയില്ലാത്ത ദൈവം,*
*ദൈവം നല്ലവനും നീതിയുള്ളവനുമത്രെ.*

ബെവെർലി വെസ്റ്റിന്റെ കഥയും എനിക്കു ഓർമവന്നു. ക്യാൻസർ ബാധിച്ചിരിക്കുന്നുവെന്നു ഡോക്ടർ അവരെ അറിയിച്ചു. അതേസമയം തന്നെ ഗ്യാരി വിൽസനെ പാൻക്രിയാസിലെ രോഗം നിമിത്തം ആശുപത്രിയിലാക്കിയിരുന്നുവെന്ന് അവർ കേട്ടു. അവർ ഇരുന്ന് ഈ കത്തെഴുതി:

*പ്രിയ ഗ്യാരിക്കും ബെത്തിനും കുടുംബത്തിനും, എല്ലാ ദിവസവും നിങ്ങളെ ഓർത്തു ഞങ്ങൾ പ്രാർഥിക്കുന്നുവെന്ന് അറിയിക്കട്ടെ. ശാശ്വതഭുജങ്ങൾ നിങ്ങളെ ചുറ്റിയിരിക്കുന്നതിന്റെ സാന്ത്വനം നിങ്ങൾക്കു ലഭിക്കട്ടെ. ദൈവം തന്റെ ശക്തിയാലും കൃപയാലും നിങ്ങളെ പിടിച്ചിരിക്കുന്നു.*

*അടുത്തയിടെ എനിക്കു ക്യാൻസർ ബാധിച്ചിരിക്കുന്നതായി അറിയുന്നു. കീമൊ തെറാപ്പി നടക്കുന്നു. എനിക്കു പ്രാർഥിക്കാൻ ധാരാളം സമയം ഉണ്ട്. നിങ്ങൾ എന്റെ പ്രാർഥനാപട്ടികയിൽ ആദ്യം തന്നെയുണ്ട്.*

*'നിലാവിലെ സ്വർണം' എന്ന കൃതിയിൽ എമി കാർമൈക്കിൾ, ഫിലിപ്പിയർ 3:10-ൽ അവന്റെ പുനരുത്ഥാനത്തിന്റെ ശക്തി അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മക്കു മുമ്പാണ് എഴുതപ്പെട്ടിരിക്കുന്നത് എന്നു പ്രസ്താവിച്ചു. ഈ വിധത്തിലാണ് നാം ക്രിസ്തുവിനെ അറിയേണ്ടത്. ഗത്സെമനയുടെയും അവന്റെ ക്രൂശിന്റെയും കൂട്ടായ്മ അല്പമെങ്കിലും നമുക്കു ഗ്രഹിപ്പാൻ കഴിയുമെങ്കിൽ അതൊരു പദവിയാണ്. അപ്പോൾ അവന്റെ സന്നിധിയിൽ നമുക്കും പറയുവാൻ കഴിയും: "എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ."*

*ക്രിസ്തുവിൻ സ്നേഹബന്ധത്തിൽ,*
*ജോണും ബെവർലിയും.*

സരസമായൊരു കഥ. ഡോക്ടർ ഒരു വിശ്വാസിയോട് തന്റെ ഒരു കണ്ണു നീക്കം ചെയ്ത് ഗ്ലാസ്നേത്രം വെക്കണം എന്നു പറഞ്ഞു. "ഡോക്ടറേ, ദയവായി മിന്നുന്ന ഒരു കണ്ണ് വെക്കുക."

അതാണ് സ്നേഹിതരേ സമർപ്പണത്താലുള്ള വിജയം.

ആരോ ഇപ്രകാരം എഴുതി: "ക്രിസ്തുവിനെ അന്വേഷിക്കുന്നവർക്കുവേണ്ടി ക്രിസ്തുവിന്റെ ഗുണങ്ങളെ ഏതെല്ലാം വിധത്തിൽ നമുക്ക് മാതൃകയാക്കുവാൻ കഴിയുമെന്ന് അറിയുന്നത് എത്രയോ ആവേശകരമാണ്. മറ്റുള്ളവർക്ക് മാതൃകാ യോഗ്യമായൊരു ജീവിത ശൈലിയിലൂടെ ഒരു ശിഷ്യന് അല്ലെങ്കിൽ ശിഷ്യക്കു തന്റെ കർത്താവിനെ മറ്റുള്ളവർക്ക് ആകർഷണീയമായി കാണിച്ചു കൊടുക്കാൻ കഴിയും. പൗലൊസ് തീത്തൊസിന് എഴുതിയ ലേഖനത്തിൽ യജമാനന്മാരെ പ്രസാദിപ്പിക്കുവാൻ അടിമകളെ ഉപദേശിക്കുവാൻ ആജ്ഞാപിക്കുന്നു. ദാസന്മാർ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ഉപദേശത്തെ സകലത്തിലും അലങ്കരിക്കേണ്ടതിനു "യജമാനന്മാർക്കു കീഴടങ്ങി..." (തീത്തൊസ് 2:9). "ജനം കേൾക്കാൻ യോഗ്യമായ സത്യം കേൾക്കുക മാത്രമല്ല, അനുകരിപ്പാൻ യോഗ്യമായ സത്യം കാണുകയും ചെയ്യട്ടെ."

# 30

# ശരാശരിക്കു മുകളിൽ ജീവിക്കുക

മൈക്കലേഞ്ചലോ ഒരു മാർബിൾക്കല്ലിനെ ഉറ്റുനോക്കി കൊണ്ട് തന്റെ സ്റ്റുഡിയോയ്ക്കുള്ളിൽ നിന്നു. ആ പരുക്കൻ പാറക്കഷണത്തെ ഇത്ര സൂക്ഷ്മനിരീക്ഷണം നടത്തിക്കൊണ്ട് സമയം പാഴാക്കുന്നത് എന്ത് എന്നൊരു സഹപ്രവർത്തകൻ ചോദിച്ചു. പ്രകാശിതവദനനായി മൈക്കലേഞ്ചലോ പറഞ്ഞു: "ആ പാറക്കഷണത്തിലൊരു മാലാഖയുണ്ട്; ഞാൻ അവനെ മോചിപ്പിക്കാൻ പോകുകയാണ്."

ഇതിനൊരു ആത്മീയ സമാന്തരമുണ്ട്. ക്രിസ്തു ഓരോ ദൈവപൈതലിലും വസിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് കൊലൊസ്യയിലെ വിശ്വാസികളോടു പറഞ്ഞു, "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ" (കൊലൊ. 1:27). ഗലാത്യർ 2:20-ൽ ക്രിസ്തു വിശ്വാസികളിൽ വസിക്കുന്നു എന്നു പൗലൊസ് വ്യക്തമായി പ്രസ്താവിച്ചു. എന്നാൽ ക്രിസ്തുവിനെ നാം മോചിപ്പിച്ചെങ്കിൽ—വെളിപ്പെടുത്തിയെങ്കിൽ— മാത്രമേ ലോകത്തിന് അതു കാണുവാൻ കഴിയുകയുള്ളൂ.

ദൈവികമായൊരു ജീവിതം വിശ്വാസികളായ നാം കാഴ്ചവെക്കുമ്പോഴാണ് അതു സംഭവിക്കുന്നത്. കർത്താവ് ചെയ്യുമായിരുന്നതുപോലെ നാം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ മാത്രമേ അങ്ങനെ സംഭവിക്കുകയുള്ളൂ. നമ്മിലൂടെ ജീവിക്കാൻ നാം കർത്താവായ യേശുക്രിസ്തുവിനെ അനുവദിക്കുമ്പോൾ അങ്ങനെ സംഭവിക്കുന്നു.

ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്നത് ഒറ്റപ്പെട്ട ചില ദൈവിക പെരുമാറ്റങ്ങളിൽ ഒതുക്കിനിറുത്തരുത്. അത് നമ്മുടെ ജീവിതശൈലിയും സ്വഭാവശീലവും ആയിരിക്കണം. നമ്മുടെ ആത്മീയചലനങ്ങൾ വളരെ മന്ദഗതിയിലാകുന്നു എന്നതാണ് നമ്മിൽ പലരെയും അലട്ടുന്ന പ്രശ്നം. സാധാരണയിൽനിന്ന് ഉന്നതത്തിലുള്ള ഒരു ജീവിതം നയിക്കുന്നതിനു നമുക്കു ലഭിച്ചിരിക്കുന്ന അത്ഭുതകരമായ അവസരമാണിത്. യേശു ചെയ്തിരിക്കാവുന്ന നിലയിൽ എത്ര ശ്രേഷ്ഠമായ നിലയിൽ നമുക്കു സാംസാരിക്കാമായിരുന്നു, പെരുമാറാമായിരുന്നു എന്നു നാം പിന്നീട് ഒർക്കാറുണ്ടല്ലോ. പക്ഷേ, ആ അവസരം നമുക്കു നഷ്ടമായി. നാം ജഡരക്തങ്ങൾക്കു മുകളിൽ ഉയർന്നില്ല.

അധികമാളുകളും യേശുക്രിസ്തുവിനെ തള്ളിക്കളഞ്ഞിട്ടില്ല. യേശുക്രിസ്തുവിന്റെ പ്രാതിനിധ്യത്തെ, അവനെ പ്രതിനിധീകരിക്കുന്നതിനെയാണ് അവർ തള്ളിക്കളഞ്ഞത്. നമ്മുടെ ക്ഷിപ്രകോപം, നമ്മുടെ പരിഹാസവാക്കുകൾ, നമ്മുടെ മോഹം, നമ്മുടെ നിഗളം ഇവനിമിത്തം ജനം ക്രിസ്തുവിന്റെ സ്നേഹത്തെ കാണുന്നില്ല; അവന്റെ സൗഹൃദവും അവന്റെ ദയയും നമ്മിൽ കാണുന്നില്ല.

ക്രിസ്തുവിനെ കാണുകയോ അറിയുകയോ ചെയ്യാത്ത ഒരു ലോകത്തിന് അവന്റെ മാതൃകയായി വെളിപ്പെടുന്നതിനു നമുക്ക് എങ്ങനെ കഴിയും? ശരാശരിക്കു മുകളിൽ അഥവാ ഉന്നതമായി ജീവിക്കുന്നതിനു നമുക്കെങ്ങനെ കഴിയും? താഴ്മയിലും ദാസ്യതയിലും നിസ്വാർഥതയിലും നമ്മെക്കാൾ മറ്റു

ള്ളവരെ ശ്രേഷ്ഠരെന്ന് എണ്ണുന്നതിനാൽ ക്രിസ്തുയേശുവിന്റെ അതേ മനോഭാവം നമ്മിൽ വളർത്തുവാൻ കഴിയും. "അത്യുന്നതന്റെ മറവിൽ വസിക്കുന്നതിനു" (സങ്കീർത്തനം 91:1) നമുക്കു സാധിക്കും. കർത്താവിനോടടുത്തു ജീവിക്കുന്നതിൽ പരിസരങ്ങളിൽ പാർക്കുന്നതിനെക്കാൾ യഹോവയുടെ മന്ദിരത്തിൽ വസിക്കുന്നതിനാൽ നമുക്കു സാധിക്കും. നിരന്തരം കർത്താവിൽ തന്നേ ആയിരിപ്പാനും നമുക്കു കഴിയും.

"എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2 കൊരി. 3:18).

വേദപുസ്തകത്തിൽ ക്രിസ്തുവിനെ നാം എത്രയധികം ഉറ്റുനോക്കുന്നുവോ, അത്രയധികം പരിശുദ്ധാത്മാവ് നമ്മെ അവന്റെ രൂപത്തോടു നമ്മെ അനുരൂപരാക്കും.

# Endnotes


1. Major Ian Thomas quoted in *His Victorious Indwelling*, Nick Harrison, ed., Grand Rapids, MI: Zondervan Publishing House, 1999, pp. 133-134.
2. *The Idiot*, Ware, Herts, England, 1996.
3. Adapted from the following two books:
   *Brother Indeed*, Frank Holmes, London: Victory Press, 1959.
   *Chief Men Among the Brethren*, Hy Pickering, London: Pickering & Inglis, 1931.
4. Quoted from *In All Their Afflictions*, Murdoch Campbell, Resolis, Scotland: Selfpublished, n.d., pp. 90-91.
5. Adapted from *The Way of Peace*, H.A. Ironside, New york: Loizeaux Brothers, 1940, pp. 176-177.
6. Adapted from tape #150 *Flirting with the Truth*, Ravi Zacharias.
7. Adapted from *Our Daily Bread*, Grand Rapids, MI : Radio Bible Class, reading from June 28, 1995. Also from tape by Lloyd Oppel, Feb. 5, 2000.
8. Adapted from *The Flying Scotsman*, Sally Magnusson, New York: Quartet Books, 1981, and miscellaneous clippings.
9. *The Flying Scotsman*, pp. 9-10.
10. *The Flying Scotsman*, pp. 163-164.
11. *The Flying Scotsman*, p. 174.
12. Adapted from *Philippians, The Gospel at Work*, Merrill C. Tenney, Grand Rapids, MI: Wm. B. Eerdman Publishing Co., 1956, p.60.

13. Adapted from *"Living by Vows,"* Christianity Today, October 8, 1990, pp. 38-90 and "Muriel's Blessing," Christianity Today, February 5, 1996. Both articles by Robertson McQuilken.

14. Adapted from letter by Jim Haesemeyer.

15. *Tragedy to Triumph*, Frank Retief, Milton Keynes: World Publishing, 1994, p. 148.

16. *The Pilgrim*, E. Schuyler English, ed., Vol. IX, No. 4, April 1952, p.2.

17. London: Banner of Truth Trust, 1970, p. 149

18. Adapted from tape #118 *Raised to Run* by Ravi Zacharias.

19. *Tramp for the Lord*, Corrie Ten Boom, Old Tappan, NJ: Fleming H. Revell Co., 1974, pp. 53-54.

20. One or two of the illustrations in this book are composites, combining the experience of more than one person.

21. Adapted from *Gladys Aylward*. The Little Woman, Gladys Aylward as told to Christine Hunter, Chicago, IL.: Moody Press, pp.109-120.

22. Adapted from tape #118 *Raised to Run: Jacob* by Ravi Zacharias.

23. Adapted from *John Nelson Darby*. Max S. Weremchuk, Neptune, NJ.: Loizeaux Bros, 1992, pp. 149-150.

24. Adapted from *Our Daily Bread*, August 23, 2000.

25. Used with permission of Louise and J. B. Nicholson, Jr.

26. Daily Notes of the Scripture Union. Further documentation unavailable.

27. Adapted from *Our Daily Bread*, February 9, 1993.